പൊതുമണ്ഡലം, ദൃശ്യമാധ്യമങ്ങൾ, മതം: ഒരാമുഖം

മഹ്മൂദ് കൂരിയ

പ്രകടനപരതയിലധിഷ്ഠിതമായി വളർന്നുകൊണ്ടിരിക്കുന്ന കേരളത്തിന്റെ ദൃശ്യമാധ്യമരംഗം പല ഘട്ടങ്ങൾ പിന്നിട്ട് മതപരമായ മാത്സര്യങ്ങളിൽ എത്തിനിൽക്കുന്നു. ഭരണകൂടം മാത്രം കൈകാര്യം ചെയ്തിരുന്ന ചാനലുകൾ, സ്വകാര്യമായ ഇടപെടലുകൾക്ക് വഴിയൊരുങ്ങിയിട്ടും അതിന്റെ വിവിധങ്ങളായ സാധ്യതകൾ തിരിച്ചറിയപ്പെട്ടത് രണ്ടായിരമാണ്ടിന്റെ പരിസരങ്ങളിലാണ്. വ്യവസായികളും പത്രമുതലാളികളും രാഷ്ട്രീയപാർട്ടികളും ദൃശ്യമാധ്യമരംഗത്ത് ചുവടുകളുറപ്പിച്ചപ്പോൾ, മതപരമായ ഇടപെടലുകൾ കാര്യമായും ഉണ്ടായത് ക്രിസ്ത്രീയപക്ഷങ്ങളിൽ നിന്നാണ്. സ്വതന്ത്രവും അതുപോലെത്തന്നെ മതപരവുമായ മുഖങ്ങൾ സൂക്ഷിക്കുന്ന ദൃശ്യാവിഷ്കാരങ്ങൾ അവരുടെ ഭാഗത്തുനിന്ന് കൃത്യമായി ഉണ്ടായിരുന്നു. ഭീമാകാരമായ മുതൽമുടക്കിന്റെ ആവശ്യകത ചലച്ചിത്രരംഗത്ത് ഇടപെടുന്നതിൽ നിന്ന് പ്രത്യയശാസ്ത്രബദ്ധമായ സംഘടിതശ്രമങ്ങളെ അകറ്റിനിർത്തി.[1] ഇന്നും കാര്യമായ മാറ്റങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടില്ല. ഡോക്യുമെന്ററികൾ, ഹോംസിനിമകൾ, വീഡിയോ ആൽബങ്ങൾ തുടങ്ങി ദൃശ്യമാധ്യമത്തിന്റെ വ്യത്യസ്തങ്ങളായ സാധ്യതകൾ അഭൂതപൂർവമായി ഉപയോഗപ്പെടുത്തപ്പെടുന്നുണ്ട് സമകാലിക മതപശ്ചാത്തലങ്ങളിൽ.

മാറ്റങ്ങളോട് വൈകി മാത്രം പ്രതികരിക്കുകയും, ഒരിക്കൽ സ്വീകരിച്ചു കഴിഞ്ഞാൽ പിന്നെ വാരിപ്പുണരുകയും ചെയ്യുന്ന മുസ്ലിം സമുദായം ചാനൽ രംഗത്തേക്ക് കടന്നെത്തുകയാണ്. ദൃശ്യമാധ്യമങ്ങളോട് പുറംതിരിഞ്ഞുനിൽക്കുകയും നിഷിദ്ധമെന്ന് വിധിപറയുകയും ചെയ്ത സമുദായനേതൃത്വം, ഇന്ന് ദൃശ്യമാധ്യമങ്ങളിൽ സജീവ ഇടപെടലുകൾക്കൊരുങ്ങുന്നു. വ്യവസ്ഥാപിതമായ മാധ്യമശ്രമങ്ങളിലൂടെ ആഗോള-പ്രാദേശിക പൊതുമണ്ഡലങ്ങളിൽ അരികുവൽക്കരിക്കപ്പെടുകയും മുദ്രകുത്തപ്പെടുകയും ചെയ്ത മതവിഭാഗം, പ്രാദേശികതലത്തിൽ പുതുതായി നടത്തുന്ന വ്യവഹാരങ്ങളുടെ മത, സാമൂഹിക, സാംസ്കാരിക, ലിംഗ തലങ്ങൾ പരിശോധിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ് ഈ കൃതി.

കൃതിയുടെ ആശയപരമായ പരിസരങ്ങളും താത്ത്വികമായ വ്യഗ്ര തകളും വിശകലനം ചെയ്യുന്ന ആമുഖം പല ഭാഗങ്ങളായി വേർതിരിച്ചി രിക്കുന്നു. ആദ്യഭാഗത്ത്, സമൂഹത്തിലെ എല്ലാവരുടെയും ആശയങ്ങൾ ചർച്ച ചെയ്ത് എല്ലാവർക്കും അനുയുക്തമായ തീരുമാനങ്ങൾ എടു ക്കാനുള്ള എല്ലാവരുടെയും ഇടമായി വ്യാഖ്യാനിക്കപ്പെടുന്ന പൊതുമ ണ്ഡലത്തിന്റെ 'സൗകുമാര്യത' ചർച്ച ചെയ്യുന്നു. മാധ്യമങ്ങളാണ് പൊതു മണ്ഡലത്തിന്റെ പ്രധാന ആശയക്കൈമാറ്റസംവിധാനമെന്ന തത്ത്വം മുൻനിർത്തിയാണിത്. മതപരമായി ന്യൂനപക്ഷമാകുകയും ചരിത്രപര മായി മുദ്രണം ചെയ്യപ്പെടുകയും ചെയ്ത ഒരു സമുദായം അത്തരം മാധ്യ മങ്ങളുടെ നിയന്താക്കളായി മാറുമ്പോൾ, പൊതുമണ്ഡലത്തിൽ സംഭവി ക്കാവുന്ന അന്തരങ്ങളെ കേരളീയ പശ്ചാത്തലത്തിൽ നോക്കിക്കാണു ന്നു. രണ്ടാം ഭാഗത്ത്, 'മതം ദൃശ്യഭാഷയിൽ' എന്ന തലക്കെട്ടിനകത്തെ ഉള്ളടക്കങ്ങളും ഒഴിവാക്കപ്പെടലുകളും വിശദമാക്കുന്നു.

മൂന്നാം ഭാഗത്ത്, ടെലിവിഷനും ചാനലും ചലച്ചിത്രവും കേരളീയ ഇസ്‌ലാമികത്ത് നിരോധനത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കപ്പെട്ടതിലെ രസ തന്ത്രം അനാവരണം ചെയ്യുന്നു. കർമശാസ്ത്രപരമായുള്ള വിധിയെഴുത്തുകളിൽ ഈ മാധ്യമങ്ങളുടെ ദൃഷ്യവശങ്ങൾ എടുത്തുകാണിക്കപ്പെട്ടതും അവയുടെ അടിസ്ഥാനത്തിൽ നിഷിദ്ധമെന്ന വിധി രൂഢമായതും സമുദായാംഗങ്ങളിൽ ഭൂരിപക്ഷവും ദൃശ്യമാധ്യമങ്ങളിൽ നിന്ന് അകലം പാലിക്കാൻ വഴിയൊരുങ്ങിയതും ചർച്ച ചെയ്യുന്നു. നിലപാടുകളിൽ അയവുവരുന്നതിന്റെ ഘട്ടംഘട്ടമായ പുരോഗതികളാണ് തുടർന്നുള്ള ഭാഗം നാലിൽ. അഞ്ചാം ഭാഗത്ത്, കോംപാക്റ്റ് ഡിസ്കുകളുടെ വ്യാപനവും ചാനലുകളുടെ അഭൂതപൂർവമായ ജനകീയതയും വഴി ദൃശ്യമാധ്യമങ്ങളുടെ സാധ്യതാ അന്വേഷണങ്ങളിൽ നിന്നും വ്യക്തമായ ഇടപെടലിലേക്ക് സമുദായം പുരോഗമിക്കുന്നതിനെ അടയാളപ്പെടുത്തുന്നു. സ്വന്തമായി ചാനലുകൾ തുടങ്ങുന്നിടത്തേക്ക് മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ട ഒരു ജന വിഭാഗത്തിന്റെ ആത്മവിശ്വാസം വളരുന്നിന്റെ നാൾവഴികൾ പരിശോധി ക്കുന്നു. ആറാം ഭാഗം കൃതിയിലെ ലേഖനങ്ങളുടെ സംക്ഷിപ്ത വിവര ണങ്ങൾ നൽകുന്നു.

ഒന്ന്

'പൊതുമണ്ഡലം' ആണ് മുഖ്യധാരയുടെ ഗതിവിഗതികൾ നിയ ന്ത്രിക്കുന്നത്. പൊതുമണ്ഡലത്തിൽ എത്രത്തോളം ഇടപെടാനാകുന്നു വോ, അത്രത്തോളം നിങ്ങൾ അംഗീകൃതനും/യും മുഖ്യധാരയിലെ സജീവ സാന്നിധ്യവുമാകുന്നു. അല്ലെങ്കിൽ, നിങ്ങൾ വളരെ സമർഥമായി അരികുവൽക്കരിക്കപ്പെടുന്നു. സ്വാഭാവികമായും അതോടെ, മുഖ്യധാര യിലും പൊതുമണ്ഡലത്തിലും നടന്നുകൊണ്ടിരിക്കുന്ന ചർച്ചകൾ നിങ്ങൾക്ക് അന്യമാകുകയും, അവയിൽ ഇടപെടുന്നവർ നിങ്ങളെ പര

മാവധി ഇരകളാക്കിത്തീർക്കുകയും ചെയ്യുന്നു.

'നിങ്ങൾ' ഒരു വ്യക്തിയായിരിക്കാം, ജനവിഭാഗമായിരിക്കാം, സമുദായമായിരിക്കാം, പ്രസ്ഥാനമായിരിക്കാം. പൊതുഇടങ്ങളിൽ ഉയർന്നുവരുന്ന ചർച്ചകളും അവയിലൂടെ ഉരുത്തിരിയുന്ന തീരുമാനങ്ങളുമാണ് സമൂഹത്തിന്റെ പൊതുസ്വഭാവത്തെ രൂപപ്പെടുത്തുന്നതും മുന്നോട്ടുള്ള പ്രയാണത്തെ അടയാളപ്പെടുത്തുന്നതും. നിർണായകമായ ആ ചർച്ചകളിലും തീരുമാനങ്ങളിലും 'നിങ്ങൾ' എത്രത്തോളം ഭാഗഭാക്കാകുന്നു, എത്രത്തോളം മാറിനിൽക്കുന്നു, 'മറ്റുള്ളവർ' നിങ്ങളെ ഉൾക്കൊള്ളിക്കുന്നു/തഴയുന്നു തുടങ്ങിയവയെല്ലാം പൊതുമണ്ഡലത്തിന്റെ അടിയൊഴുക്കുകളെ നിജപ്പെടുത്തുന്നു. കേരളീയ ഇസ്‌ലാം ദൃശ്യമാധ്യമങ്ങളിലൂടെ പുതിയ വ്യവഹാരങ്ങൾക്കൊരുങ്ങുമ്പോൾ, വിശകലനങ്ങൾ തുടങ്ങേണ്ടത് അത്തരമൊരു പശ്ചാത്തലത്തിൽ നിന്നാണ്. മാധ്യമങ്ങളാണ് മിക്കപ്പോഴും പൊതുമണ്ഡലത്തിന്റെ പൊതുസ്വഭാവങ്ങളെ നിർണയിക്കുന്നതെന്നതിനാൽ, അരികുവൽക്കരിക്കപ്പെടുകയോ മുദ്രണം ചെയ്യപ്പെടുകയോ ചെയ്ത ഒരു സമുദായം ബഹുജനമാധ്യമങ്ങളിൽ സ്വന്തമായ ഇടങ്ങൾ സൃഷ്ടിക്കാനൊരുങ്ങുകയാണ്. സ്വാഭാവികമായും അന്വേഷണങ്ങൾ വഴിതിരിയുന്നത് പ്രാദേശികപൊതുമണ്ഡലത്തിൽ ആ സമുദായം ഇതുവരെ വഹിച്ച പങ്കിനെയും, പുതിയ ചുവടുകൾ പൊതുഇടങ്ങളിൽ ഉയർത്തിയേക്കാവുന്ന ചലനങ്ങളെയും അത് അവർക്ക് നൽകിയേക്കാവുന്ന നവോന്മേഷങ്ങളെയും, ആത്യന്തികമായി പൊതുമണ്ഡലങ്ങളെയും സംബന്ധിച്ചാണ്.

'പൊതുമണ്ഡലം' എന്ന സംജ്ഞയെ സൈദ്ധാന്തികചർച്ചകളിലേക്ക് ആദ്യമായി കൊണ്ടുവരുന്നത് ഫ്രാങ്ക്ഫർട്ട് ചിന്താധാരയിലെ പ്രമുഖ സാമൂഹ്യസൈദ്ധാന്തികനും തത്ത്വചിന്തകനുമായ ജെർഗൻ ഹബെർമാസ് ആണ്.[2] *പൊതുമണ്ഡലത്തിന്റെ ഘടനാപരമായ രൂപാന്തരം* എന്ന കൃതിയിലൂടെ[3] നവോഥാനകാലം മുതലുള്ള യൂറോപ്പിന്റെ പൊതുഇടങ്ങളിലുണ്ടായ ചരിത്രപരമായ രൂപവികാസങ്ങളെ പരിശോധിക്കുന്നു അദ്ദേഹം. 'പൊതുമണ്ഡലം' എന്ന ഇടത്തെ സൈദ്ധാന്തികവൽകരിച്ച്, മുതലാളിത്തം എങ്ങനെയാണ് ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമനി തുടങ്ങിയ രാജ്യങ്ങളിൽ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക മാറ്റങ്ങൾക്ക് വഴിതെളിയിച്ചതെന്ന് കൃതി വിശകലനം ചെയ്യുന്നു. പൊതുമണ്ഡലത്തിന്റെ ആധുനിക രൂപമായ 'ബൂർഷ്വാ' പ്രരൂപത്തിലൂന്നുന്ന ഹബെർമാസ്, അത് യൂറോപ്പിൽ എങ്ങനെയാണ് പതിനെട്ടാം നൂറ്റാണ്ടിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കങ്ങളിലും നാമ്പിട്ട് വളർന്നതെന്നും, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയും ഇരുപതാം നൂറ്റാണ്ടോടെയും തകർന്നതെന്നും വ്യക്തവും കൃത്യവുമായ പ്രത്യയശാസ്ത്രപരിപ്രേക്ഷ്യങ്ങളിലൂടെ വിശദമാക്കുന്നു.

1960 കളുടെ അവസാനം ഭാഗികമായും 1970 കളോടെ പൂർണമായും നവ ഇടതുപക്ഷ ചിന്താധാരയെയും, 1980 കളോടെ ചരിത്രരചനാരീതി

ശാസ്ത്രങ്ങളെയും ഹബെർമാസിന്റെ സിദ്ധാന്തീകരണങ്ങൾ ആഴത്തിൽ സ്വാധീനിച്ചു. തുടർന്നുവന്ന ചരിത്രപഠനം, സാമൂഹ്യശാസ്ത്രം, നിയമ ശാസ്ത്രം, സാഹിത്യനിരൂപണം, വാസ്തുവിദ്യ, സാംസ്കാരിക പഠന ങ്ങൾ, മാധ്യമപഠനങ്ങൾ തുടങ്ങിയ പഠനവൈവിധ്യങ്ങളെല്ലാം പൊതുമ ണ്ഡലത്തിന്റെ സൈദ്ധാന്തികപ്രാധാന്യം ആവാഹിക്കുകയുണ്ടായി.[4] പൊതുഇടം സമൂഹത്തിനകത്തെ ഓരോ തലങ്ങളെയും എത്രത്തോളം സ്വാധീനിക്കുന്നുണ്ടെന്ന തിരിച്ചറിവാണ്, അക്കാദമിക പഠനങ്ങളിൽ ഹബെർമാസിന് വലിയ ഇടം നേടിക്കൊടുത്തത്.

സ്വകാര്യവ്യക്തികളുടെ ഇടങ്ങൾ സങ്കലിതമായി പൊതുവാകുന്ന താണ് ബൂർഷ്വാ പൊതുമണ്ഡലമെന്ന് ഹബെർമാസ് നിരീക്ഷിക്കുന്നു.[5] പൊതു എന്ന സംഘടിതരൂപം നിലവിൽ വരാനായി ഓരോ സ്വകാര്യ വ്യക്തിയും പ്രത്യേകരീതിയിൽ ഒത്തുചേരുന്നു. സാമൂഹികഭിന്നതകളും വ്യക്തിതാൽപര്യങ്ങളും മറന്ന് അവർ തങ്ങളുടെ യുക്തി മാത്രമുപയോ ഗിച്ച് നിരൂപണാത്മകമായ ചർച്ചകളും സംവാദങ്ങളും നടത്തുന്നു. പൊതു മണ്ഡലത്തിന്റെ സാമൂഹിക സമത്വത്തിലും യുക്തിയിലധിഷ്ഠിതമായ അതിന്റെ അടിത്തറയിലും ഊന്നിയുള്ള നിരൂപണാത്മക ചർച്ചകൾ ഏറ്റവും നല്ല വാദമുഖങ്ങളെ ഉൽപാദിപ്പിക്കാനും അംഗീകരിക്കാനുമാണ് വഴിയൊരുക്കുന്നത്. നല്ല വാദമുഖങ്ങളെ സമാനരായ വ്യക്തികൾ നിഷ്പ ക്ഷതയോടെ അംഗീകരിച്ച് പൊതുവായ ഒരു തീരുമാനത്തിലെത്തുന്ന തോടെ, അത് ഏറ്റവും വലിയ അധികാര കേന്ദ്രമാകുന്നു. പൊതുതാൽപ ര്യം മാത്രം നിക്ഷിപ്തതാൽപര്യമായ 'സാർവജനീനമായ മാനവികത യുടെ സമമൂല്യത/തുല്യത' എന്നാണ് ഹബെർമാസ് ഇതിനെ (സമാന രായ വ്യക്തികൾ തങ്ങളുടെ യുക്തി ഉപയോഗിച്ച് ഏറ്റവും നല്ല വാദമു ഖങ്ങളെ അംഗീകിരിച്ച് പൊതുവായ തീരുമാനമെടുക്കുന്നതിനെ) വിശേ ഷിപ്പിക്കുന്നത്. വിവിധ സാമൂഹ്യകേന്ദ്രങ്ങളിലൂടെ പതിനെട്ടാം നൂറ്റാണ്ടു മുതൽ രൂപം കൊണ്ട ഈ ബൂർഷ്വാ പൊതുമണ്ഡലത്തിന്റെ ഉയർച്ചയു ടെയും തകർച്ചയുടെയും നാൾവഴികളാണ് ഹബെർമാസ് വിശകലനവി ധേയമാക്കുന്നത്.

എന്നാൽ, ഹബെർമാസ് ആവിഷ്കരിച്ചത് പോലെയായിരുന്നില്ല പലപ്പോഴും പൊതുമണ്ഡലങ്ങൾ വർത്തിച്ചിരുന്നത്. യൂറോപ്പിന്റെ കാര്യ ത്തിൽ ഹബെർമാസ് നിരത്തുന്ന ചരിത്രാത്മകമായ വിശകലനങ്ങൾ ശ രിയായിരിക്കാമെങ്കിലും (ചരിത്രവസ്തുതകളോ പൊതുമണ്ഡലത്തിന് അവയുമായുള്ള താദാത്മ്യങ്ങളോ അല്ല വിഷയം, അവ യൂറോപ്യൻ ചരി ത്രകാരന്മാർക്ക് വിടാം), അതേ കാലയളവിൽ ഏഷ്യ പോലുള്ള ഭൂഭാഗ ങ്ങളിൽ നിലനിന്നിരുന്ന പൊതുമണ്ഡലങ്ങളിലെ വ്യവഹാരങ്ങൾ എന്ന ത്തെയും പോലെ അസന്തുലിതത്വങ്ങളിൽ രൂഢമൂലമായിരുന്നു. പൊതു മണ്ഡലത്തിന്റെ കാലാനുഗതമായ അപചയം ഹബെർമാസ് പരിചയപ്പെ ടുത്തുന്നുണ്ട്. ആ അപചയത്തിന്റെ സ്വഭാവശാസ്ത്രങ്ങളായിരുന്നു പൗര സ്ത്യദേശത്തിന്റെ ഭാഗധേയങ്ങളിൽ മിക്കപ്പോഴും നിറഞ്ഞു നിന്നത്.

ഹബെർമാസിന്റെ സൈദ്ധാന്തികപരിപ്രേക്ഷ്യങ്ങളിലൂടെ മഹത്വ വൽക്കരിക്കപ്പെട്ട പൊതുമണ്ഡലത്തിന്റെ അടിസ്ഥാന സ്വഭാവത്തെ നിശിത വിമർശനങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ട് അക്കാദമിക ലോകം.[6] ബൂർഷ്വാസ്വീ പൊതുമണ്ഡലം മാത്രമാണ് ഹബെർമാസ് പരിശോധിക്കു ന്നതെന്നും ആ സങ്കുചിതത്വത്തിനു പുറത്തെത്താൻ അദ്ദേഹത്തിന് കഴി ഞ്ഞില്ലെന്നും, 'എതിർപൊതുമണ്ഡല'ങ്ങളുടെ വിമോചനാത്മകമായ സ്വാധീനങ്ങളെ അദ്ദേഹത്തിന്റെ ബൂർഷ്വാ പൊതുമണ്ഡലം അവഗണി ച്ചെന്നും, സൈദ്ധാന്തികമായി പ്രശ്നങ്ങൾ സൃഷ്ടിക്കുംവിധം പുരുഷ കേന്ദ്രീകൃതമാണ് അദ്ദേഹത്തിന്റെ വിശകലനങ്ങളെന്നും വിമർശനങ്ങ ളുണ്ടായി. കൊഹെൻ, അരാറ്റൊ തുടങ്ങിയവർ ഹബെർമാസിയൻ പൊതു മണ്ഡലത്തിന്റെ അവിഭാജ്യഘടകങ്ങളായ വിജ്ഞാനത്തിന്റെ സാർവത്രിക ലഭ്യത, 'യാഥാർഥ്യ'ത്തിനായുള്ള ത്വര, പൊതുമൂല്യങ്ങളുടെ യുക്തിപൂർവ മായ സാധൂകരണത്തിനുള്ള ത്വര തുടങ്ങിയവയെ മുൻനിർത്തി വിമർശ നങ്ങളുന്നയിച്ചു. ബാക്ടിൻ, ബോർദ്യു തുടങ്ങിയ വിഖ്യാത സൈദ്ധാ ന്തികരുടെ പ്രത്യയശാസ്ത്രധാരകളുമായി തോൾചേർന്നും ഹബെർമാസ് നിരൂപണം ചെയ്യപ്പെട്ടു.

ജോൺ റോബർട്സും നിക്കി ക്രോസ്‌ലിയും *ഹബെർമാസിന് ശേഷം: പൊതുമണ്ഡലത്തെക്കുറിച്ചുള്ള പുതിയ നിരീക്ഷണങ്ങൾ* എന്ന കൃതിയുടെ ആമുഖത്തിൽ നിരീക്ഷിക്കുന്നത് പോലെ ഈ വിമർശനങ്ങ ളത്രയും ഹബെർമാസ് ഉയർത്തിവിട്ട പൊതുമണ്ഡലത്തെക്കുറിച്ചുള്ള വിചാരപ്പെടലുകൾക്ക് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തലത്തിൽ ശക്തി പകരുന്നവയായിരുന്നു.[7] അദ്ദേഹത്തിന്റെ സിദ്ധാന്തീകരണങ്ങൾ എത്ര ത്തോളം പ്രസക്തമാണെന്ന് അവ അടിവരയിടുകയും ചെയ്യുന്നു.

എന്നാൽ, പൊതുമണ്ഡലം എന്ന ഇടത്തിന്റെ എല്ലാവിധ 'സൗകു മാര്യത'കളെയും ഉടച്ചുവാർക്കുകയും അതിന്റെ മുഖം എത്രത്തോളം പക്ഷപാതപരമാണെന്ന് തുറന്ന് കാണിക്കുകയും ചെയ്ത സമകാലിക ബുദ്ധിജീവികളിലൊരാളാണ് രാഷ്ട്രീയ നരവംശശാസ്ത്രജ്ഞനും അധി നിവേശാനന്തര ചിന്താധാരയിലെ പ്രമുഖനുമായ തലാൽ അസദ്. പൊതു മണ്ഡലത്തെക്കുറിച്ച് സ്ഥാപിതമായ ഗുണവൈശിഷ്ട്യങ്ങളെ പാടെ നിരാ കരിക്കുകയും 'പൊതു'മണ്ഡലം നിക്ഷിപ്തതാൽപര്യക്കാരുടെ 'സ്വകാ ര്യ'മണ്ഡലമാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ വീക്ഷ ണം, കേരളീയ പൊതുമണ്ഡലത്തിലെ ഇസ്‌ലാമിന്റെയും മുസ്‌ലിമിന്റെയും ഇടങ്ങൾ പരിശോധിക്കുമ്പോൾ വളരെ പ്രസക്തമാണ്.[8]

തലാൽ അസദ് എഴുതുന്നു: 'ഒരു മതത്തിന്റെ അനുയായികൾ പൊതുമണ്ഡലത്തിൽ പ്രവേശിച്ചാൽ, അവിടെ നിലനിൽക്കുന്ന സംവാ ദഘടനയെ കോട്ടം തട്ടാതെ വിട്ടേക്കാൻ അവരുടെ രംഗപ്രവേശത്തിന് സാധിക്കുമോ? സംവാദങ്ങൾ നടത്താനുള്ള ഒരു ഒഴിഞ്ഞ ഇടമല്ല പൊതു മണ്ഡലം. സംസാരിക്കുന്നവരുടെയും ശ്രോതാക്കളുടെയും – ഓർമകളും ആഗ്രഹങ്ങളും ഭയങ്ങളും പ്രതീക്ഷകളും നിറഞ്ഞ – സൂക്ഷ്മ ബോധ

ങ്ങളാൽ സംസ്ഥാപിതമാണ് അത്. അവർ പരസ്പരം നിലനിൽക്കുന്ന രീതി (നിലനിൽക്കാൻ പരുവപ്പെടുത്തപ്പെട്ട രീതി), വ്യത്യസ്ത വഴികളിലൂടെ പ്രവർത്തിക്കാനും പ്രതികരിക്കാനുമുള്ള അവരുടെ ഉൻമുഖത എന്നിവയാലും സ്ഥാപിതമാണത്. അതുകൊണ്ടുതന്നെ, പുതിയ സംവാദങ്ങളുടെ കടന്നുവരവ്, പൊതുമണ്ഡലത്തിന്റെ ചർച്ചകളെ നിയന്ത്രിക്കുന്ന വ്യവസ്ഥാപിത ധാരണകളിൽ വിള്ളൽ വീഴ്ത്തിയേക്കാം.'

സ്വതന്ത്രമായ സംഭാഷണങ്ങൾ പോലും പൊതുമണ്ഡലത്തിൽ സാധ്യമല്ലെന്ന് തലാൽ അസദ് എഴുതുന്നുണ്ട്. നിലവിലെ സാമൂഹ്യ നിർമിതികളും രാഷ്ട്രീയവും മൂല്യവ്യവസ്ഥകളുമെല്ലാം നമ്മുടെ സംസാര-സംവാദ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നുണ്ട്. അവ പലപ്പോഴും ഉപരിവർഗത്തിന്റെ താൽപര്യങ്ങളാൽ നിർമിതമാണ്. ആധുനിക സ്വതന്ത്രസമൂഹത്തിന്റെ അവിഭാജ്യഘടകമായി അവതരിപ്പിച്ച് ഹബെർമാസ് ശ്രദ്ധ ക്ഷണിച്ച പൊതുമണ്ഡലം അങ്ങനെ നിരവധി ബഹിഷ്കരണങ്ങളാൽ, അരികുവൽകരണങ്ങളാൽ സമ്പുഷ്ടമാണെന്ന് അസദ് സമർഥിക്കുന്നു.

കേരളീയ പശ്ചാത്തലത്തിലേക്ക് വരുമ്പോൾ അക്ഷരംപ്രതി ശരിയാണ് ഈ നിരീക്ഷണങ്ങൾ. കേരളത്തിന്റെ പൊതുമണ്ഡലം സവർണമാണെന്ന് കെ.ഇ.എൻ. കുഞ്ഞഹമ്മദ് പറഞ്ഞുവെച്ചതിന് പറയത്തക്കതായ എതിർവാദങ്ങളുയർന്നിട്ടില്ല. 'നമ്പൂരിത്ത'വും അനുബന്ധസംബന്ധങ്ങളും ഏറെക്കുറെ വിട്ടൊഴിയാതെ ഇന്നും ഭാഷയിലും ആചാരങ്ങളിലും വഴക്കങ്ങളിലും സൂക്ഷിക്കുന്ന കേരളീയത താഴെത്തട്ടുകളെ ഉൾക്കൊള്ളാൻ ഏറെ മടിക്കുന്നു. പൊതുഇടങ്ങളിൽ 'അനമ്പൂതിരിത്തങ്ങൾ'ക്ക് ഇപ്പോഴും അദൃശ്യമായ അയിത്തം കൽപിക്കപ്പെട്ടിരിക്കുന്നത് കാണാം. 'ഉണ്ണി പിറന്നാലും ഓണം വന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ' എന്ന 'പഴമൊഴി' ഉറക്കെപ്പറയുന്നതും അതുതന്നെ (സൂക്ഷിച്ചുനോക്കിയാൽ, ഈ പഴഞ്ചൊല്ലിൽ പോലും കാണാം ആ സവർണത).[9]

മുസ്‌ലിം, ഇസ്‌ലാം എന്നീ സംജ്ഞകളെ കേരളീയ പൊതുമണ്ഡലം എങ്ങനെ ഉൾക്കൊണ്ടു എന്ന് പരിശോധിക്കുമ്പോൾ അസദ് മുന്നോട്ടുവെച്ച പൊതുമണ്ഡല നിർവചനം എത്ര കൃത്യമായി കേരളത്തിന്റെ ചരിത്ര സാമൂഹിക സാംസ്കാരിക വികാസങ്ങൾക്ക് ചേരുന്നുവെന്ന് മനസ്സിലാക്കാം. യൂറോപ്പിൽ മുസ്‌ലിംകൾ മതന്യൂനപക്ഷമായി അവശേഷിക്കുന്ന സാമൂഹ്യപശ്ചാത്തലത്തിലാണ് അസദ് തന്റെ സമർഥനങ്ങൾ നിരത്തുന്നത്. ഇന്ത്യയിലും കേരളത്തിലും സ്ഥിതി മറിച്ചല്ലാത്തതിനാൽ പരസ്പരം ചേർത്തുവെക്കാൻ ഏറെ അനുചിതമാണ്, അസദിന്റെ സൈദ്ധാന്തിക നിരീക്ഷണങ്ങളും കേരളത്തിന്റെ പ്രാദേശിക ചരിത്ര സാമൂഹിക സാംസ്കാരിക യാഥാർഥ്യങ്ങളും.

കേരളീയ പൊതുമണ്ഡലത്തിൽ/മുഖ്യധാരയിൽ മുസ്‌ലിംകൾ പ്രതിനിധീകരിക്കപ്പെട്ടതും അടയാളപ്പെടുത്തപ്പെട്ടതും എങ്ങനെയാണെന്ന് മല

യാള സാഹിത്യത്തെ മുൻനിർത്തി ഇ.വി. രാമകൃഷ്ണൻ വിശകലനം ചെയ്യുന്നുണ്ട്.[10] പൊതുഇടങ്ങളിൽ മുസ്‌ലിംകളുടേതായ വ്യവഹാരങ്ങൾ ഉണ്ടായിരുന്നിട്ടുപോലും, സവർണമോ ഉപരിമധ്യവർഗമോ ആയ 'മുഖ്യധാരാ നിയന്ത്രണം' മുസ്‌ലിംകളെ ചില വാർപ്പുമാതൃകകൾക്കകത്ത് കളം വരച്ചിട്ടു: 'മലയാളത്തിന്റെ മുഖ്യധാരാ സാഹിത്യത്തിൽ മുസ്‌ലിംകളോടുള്ള സന്ദിഗ്ദ്ധത വളരെ പ്രകടമാണ്. ഈ ജനവിഭാഗത്തെ പ്രാന്തവൽക്കരിച്ച് അയുക്തിയുടെ മേഖലയിലേക്ക് നാടുകടത്തുന്ന 'മതഭ്രാന്തരെ'ന്ന ബിംബത്തിന് സമാന്തരമായി നല്ലവനും ജനോപകാരിയുമായ മുസ്‌ലിമിന്റെ പ്രതിരൂപം (ജനപ്രിയനാടകങ്ങളിലും സിനിമകളിലും പ്രത്യേകിച്ചും) പ്രത്യക്ഷപ്പെടുന്നത് കാണാം. ബഷീർ, എൻ.പി. മുഹമ്മദ്, യു. എ. ഖാദർ മുതലായവരുടെ കൃതികൾക്ക് മുഖ്യധാരയെ രൂപപ്പെടുത്തുന്നതിൽ കാര്യമായ പങ്കുവഹിക്കാൻ കഴിഞ്ഞില്ല എന്നതാണ് വാസ്തവം. സ്ഥലത്തെ ആഖ്യാനത്തിന് പ്രാപ്തമാക്കുന്ന പ്രത്യയശാസ്ത്രനിബന്ധനകൾ ഉരുത്തിരിയുന്നത് വ്യക്തികളുടെ തലത്തിലല്ല... ജനകീയ ഭാവനയുടെ സാമാന്യബോധത്തിന്റെ മുതൽമുടക്ക് ആഖ്യാനരൂപങ്ങളായി മാറുന്നത് നൂറ്റാണ്ടുകളിലൂടെയാണ്. ഏറനാട്ടിന്റെ ചരിത്രത്തെ ആഴത്തിൽ ഉൾക്കൊണ്ട ഉറൂബിലും എം.ടി.യിലും പോലും മുസ്‌ലിംശരീരം പ്രത്യേകരീതികളിൽ മാത്രം അടയാളപ്പെടുത്തപ്പെടുന്ന പ്രക്രിയ എന്തുകൊണ്ട് തുടരുന്നു എന്ന ചോദ്യം നിലനിൽക്കുന്നു.'

തിയോഡർ അഡോർണോയുടെ സെമിറ്റിക് വിരോധ സിദ്ധാന്തത്തെ പൊതുമണ്ഡലത്തിന്റെ സൈദ്ധാന്തികതയായി വിശകലനം ചെയ്ത് പഠനം നടത്തിയിട്ടുണ്ട് ബ്രെറ്റ് വീലർ *ജെവിഷ് സോഷ്യൽ സ്റ്റഡീസിൽ*.[11] കലാസൃഷ്ടിയും സെമിറ്റിക് വിരോധവും പരസ്പരപൂരകങ്ങളായി പടിഞ്ഞാറിന്റെ മുഖ്യധാരയിൽ രാസപ്രവർത്തനം നടത്തിയെന്ന് അഡോർണോ നിരീക്ഷിച്ചിട്ടുണ്ട്. ഹോളൊകോസ്റ്റിന്റെ പരിസരങ്ങളിൽ സെമിറ്റിക് വിരോധത്തിലധിഷ്ഠിതമായ കലാസൃഷ്ടികളായിരുന്നു പൊതുമണ്ഡലത്തിൽ പ്രാമുഖ്യം നേടിയതും അന്നത്തെ രാഷ്ട്രീയ വൈജാത്യങ്ങളെ നിയന്ത്രിച്ചതെന്നുമെന്ന്, അഡോർണോയുടെ സിദ്ധാന്തത്തെ ഹബെർമാസിന്റെ പൊതുമണ്ഡലസിദ്ധാന്തങ്ങളുമായി ചേർത്തുവായിച്ച് വീലർ സമർഥിക്കുന്നു. കേരളീയ പശ്ചാത്തലത്തിൽ 'വിരോധം' എന്നുപറയാവുന്ന തരത്തിലുള്ള ഘടകങ്ങൾ പൊതുമണ്ഡലത്തിലോ മുഖ്യധാരാസാഹിത്യത്തിലോ നിലനിന്നിരുന്നില്ലെങ്കിൽ പോലും, അബോധപൂർവമായ ഒരു വിരോധം ബ്രിട്ടീഷ് ഉദ്യോഗസ്ഥഭരണാനന്തരമുണ്ടായ സാംസ്കാരിക സാമൂഹിക മണ്ഡലങ്ങളിൽ നില നിന്നിരുന്നു എന്നു കാണാം.[12]

വ്യവസ്ഥാപിതമായ മുദ്രണങ്ങളിലൂടെ രൂപപ്പെടുത്തപ്പെട്ട മുസ്‌ലിമിന്റെ സ്വത്വം മിക്കപ്പോഴും ബ്രിട്ടീഷ് നിർമിതികളുടെ തുടർച്ചയായിരുന്നു. മതഭ്രാന്തനെന്നും അസഹിഷ്ണുവെന്നും ആവർത്തിച്ചാവർത്തിച്ച് മുദ്രണം ചെയ്യപ്പെട്ട മുസ്‌ലിം സമുദായശരീരത്തിന്,

അതൊന്നുമല്ലാത്ത ഒരു പ്രതിനിധാനം നൽകുന്നതുപോലും മുഖ്യധാരാരചനകളിൽ പ്രത്യേകമായി വാർക്കപ്പെട്ടു എന്നതാണ് വിസ്മയകരം. രാമകൃഷ്ണൻ എഴുതുന്നു: 'സാഹിത്യരൂപങ്ങളുടെ പ്രതിനിധാന വ്യവസ്ഥയിൽ മുസ്‌ലിം ഒന്നുകിൽ ക്രൂരനും അക്രമാസക്തനുമായ പ്രാകൃതൻ അല്ലെങ്കിൽ നിഷ്കളങ്കനും ശുദ്ധഗതിക്കാരനുമായ ഗ്രാമീണൻ മാത്രമായി തീരുന്നതോടെ സ്വന്തമായി സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങളുള്ള, പ്രാദേശികചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പാരസ്പര്യത്തിന്റെ സങ്കീർണചരിത്രമുള്ള ജനവിഭാഗമെന്ന നിലയിൽ മുസ്‌ലിം സമുദായം ആഖ്യാനരൂപങ്ങളിൽ നിന്ന് അപ്രത്യക്ഷമാകുന്നു.'[13]

ആദ്യം ബ്രിട്ടീഷുകാരന്റെ 'മാന്വൽ എഴുത്തുകളി'ലും മാപ്പിള-മലബാർ കലാപവിവരണങ്ങളിലും, പിന്നീട് മലയാളിമുഖ്യധാരയുടെ 'സാങ്കൽപികതയും കാൽപനികതയും മുറ്റിനിന്ന' സാഹിത്യവ്യവഹാരങ്ങളിലും, പയ്യെപ്പയ്യെ അവന്റെ/ളുടെ ദൈനംദിന എഴുത്തുകുത്തുകളിലും ഒറ്റക്കോ കൂട്ടമായോ പ്രത്യക്ഷപ്പെട്ട മുസ്‌ലിമിന്, അവന്/ൾക്ക് കൽപിക്കപ്പെട്ടുകൊടുത്ത മുദ്രണങ്ങളുടെ പുറത്തുകടക്കാൻ കഴിഞ്ഞില്ല. അത് മുസ്‌ലിമിന്റെ പ്രശ്നമായിരുന്നോ, മുഖ്യധാരയുടെ കുഴപ്പമായിരുന്നോ, സാമൂഹ്യനിർമിതികളുടെ ഇടർച്ചയായിരുന്നോ എന്ന് അന്വേഷിച്ച് മറ്റൊരു ഇരവൽകരണം നടത്തേണ്ടതില്ല. ഏതായിരുന്നാലും, ഇത്തരം നിരവധി ബിംബവൽകരണങ്ങളുടെ തുടർച്ചയാണ് മലയാളദൃശ്യമാധ്യമങ്ങളിൽ പിന്നീട് നമ്മൾ കാണുന്നത്.

കേരളമുസ്‌ലിമിന്റെ സാമൂഹികരൂപീകരണങ്ങളിൽ അടർത്തിമാറ്റാൻ പറ്റാത്ത മലബാർ എന്ന ദേശവും മാപ്പിള എന്ന സാമുദായികസ്വത്വവും ചരിത്രപരമായും സാംസ്കാരികമായും പൊതുമണ്ഡലവ്യവഹാരങ്ങളിലും അതിന്റെ മാധ്യമാവിഷ്കാരങ്ങളിലും എങ്ങനെ പ്രതിലോമവൽകൃതമായി എന്ന ദീർഘമായ അന്വേഷണമാണ് എം.ടി അൻസാരിയുടെ *മലബാർ: ദേശീയതയുടെ ഇട-പാടുകൾ, ചരിത്രസാഹിത്യപാഠങ്ങൾ*.[14] ചരിത്രത്തിലും സമകാലികതയിലും മുസ്‌ലിം അപകടങ്ങളുടെ ഗന്ധമുള്ളവനാ/ളാണെന്ന ധാരണ നിലനിർത്തിക്കൊണ്ടേയിരിക്കുന്നു മുഖ്യധാരയുടെ ആശയസംവേദനമാധ്യമങ്ങളത്രയും. അൻസാരി എഴുതുന്നു: '...'മതഭ്രാന്തൻ' എന്ന സംജ്ഞയ്ക്ക് രൂപം നൽകിയ ഘടകങ്ങൾ ഇന്നും ആ പരികൽപനയെ സജീവമാക്കി നിലനിർത്തുന്നു. ഒരു മുസ്‌ലിമിനെക്കുറിച്ച് ഇന്ന് നിലനിൽക്കുന്ന പൊതുധാരണ - വാർപ്പുമാതൃകകളിലും കാരിക്കേച്ചറുകളിലും അവതരിപ്പിക്കപ്പെടുന്നത് - ഇത്തരത്തിലുള്ള പല പൂർവനിശ്ചിതമായ ധാരണകളാൽ രൂപീകരിക്കപ്പെട്ട ഒന്നാണ്. ഇത്തരം പ്രതിനിധാനങ്ങൾ മതവുമായി പ്രതിപ്രവർത്തിക്കുവാനുള്ള സാധ്യതകളെ പരിമിതപ്പെടുത്തുന്നു. എന്നുമാത്രമല്ല, അവ ഒരു ജനതയുടെ മേൽ നിർബന്ധിതമായ സ്വത്വം കെട്ടിവെയ്ക്കുന്നു. അവർക്ക് യാതൊരു നിയന്ത്രണവുമില്ലാത്ത, അടിച്ചേൽപ്പിക്കപ്പെട്ട സ്വത്വം സാമുദായികമായി ശേഷിക്കുന്നില്ല; ആ സ്വത്വം

മതപരമായതല്ല, മറിച്ച് വംശീയമായതായി വായിക്കേണ്ടിയിരിക്കുന്നു.'[15]

ചരിത്രത്തിനും സാഹിത്യത്തിനുമപ്പുറത്ത്, മലയാളിയുടെ ദൈനം ദിന ആശയസംവേദനങ്ങളുടെ ഇടമായ അച്ചടി മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും ഈ അടിച്ചേൽപിക്കപ്പെട്ട സ്വത്വം സമകാലികതയിൽ പലയാവർത്തി ആണിയടിച്ചുറപ്പിക്കുന്നുണ്ട്. വേണ്ടതുപോലെ വിശക ലനം ചെയ്യപ്പെട്ടിട്ടില്ല, കേരളീയസമകാലികതയിലെ അത്തരം പ്രതിനി ധാന നിർമാണങ്ങൾ. എം.കെ. മുനീർ നിരീക്ഷിക്കുന്നത് പോലെ അച്ച ടിമാധ്യമങ്ങൾ നമ്മുടെ മുറ്റം വരെയാണെത്തിയിരുന്നതെങ്കിൽ, ദൃശ്യമാ ധ്യമങ്ങൾ നേരെ അകത്തളങ്ങളിലേക്കാണ് ഇടിച്ചുകയറിയെത്തുന്നത്.[16] അവ 'പ്രദാനം' ചെയ്യുന്ന പ്രതിലോമപരമായ അധിക്ഷേപങ്ങളും അതു കൊണ്ടുതന്നെ, ശ്രോതാവിന്റെ മനസ്സകങ്ങളിലെത്തുന്നു. പൊതുമണ്ഡലം നിരന്തരം സംവേദനം ചെയ്യുന്ന ദൃശ്യമാധ്യമ ഇടങ്ങളിൽ മുസ്‌ലിം, ഇസ്‌ലാം തുടങ്ങിയ സംജ്ഞാനാമങ്ങൾ വർഗീയത, വില്ലത്തരം, അസ ഹിഷ്ണുത, തീവ്രവാദം, മതമൗലികവാദം, ഭീകരവാദം, മതഭ്രാന്ത് തുടങ്ങി നിരവധി അർഥതലങ്ങളുൾക്കൊള്ളുന്ന പദസങ്കലനങ്ങളോ ചുരുക്കെ ഴുത്തോ ആയി മുദ്രിതമായിത്തീർന്നിരിക്കുന്നു.[17]

ഇങ്ങനെ അരികുവൽകരിക്കപ്പെടുകയും മുദ്രണം ചെയ്യപ്പെടുകയും ചെയ്ത ഒരു മതന്യൂനപക്ഷ ജനവിഭാഗം പൊതുമണ്ഡലത്തിന്റെ ശക്ത മായ ആശയക്കൈമാറ്റ ഇടങ്ങളിൽ, ഇടപെടൽ നടത്തുമ്പോൾ അത് നില വിലെ ധാരണകളെ, ചർച്ചാരീതികളെ, ഉപസംഹാരങ്ങളെ എങ്ങനെ ബാധിക്കുമെന്നത് അതിനാൽ ഏറെ ശ്രദ്ധയർഹിക്കുന്നു. പുതിയ സംവാ ദങ്ങളുടെ കടന്നുവരവ്, പൊതുമണ്ഡലത്തിന്റെ ചർച്ചകളെ നിയന്ത്രിക്കുന്ന വ്യവസ്ഥാപിത ധാരണകളെ പിടിച്ചുലച്ചേക്കാമെന്ന് പറഞ്ഞതിന് ശേഷം തലാൽ അസദ് എഴുതുന്നു: 'അതിനെക്കാളേറെ, അവർക്ക് (പുതിയ സംവാദങ്ങളുമായി കടന്നുവരുന്നവർക്ക്) നിലവിലെ കേൾക്കപ്പെടേണ്ട ധാരണകളെത്തന്നെ ഭജ്ഞിക്കേണ്ടതുണ്ട്. സ്ഥാപിതമൂല്യങ്ങൾക്ക് യാതൊരു ഭീഷണിയുമാവില്ലെന്ന് നിലവിലെ അധികാരകേന്ദ്രങ്ങളെ ബോധ്യപ്പെടുത്തുന്നതിനെക്കാളേറെ, നിലവിലെ ധാരണകളുടെ അധി കാരത്തെ ഭീഷണിപ്പെടുത്തുകയാണ് സ്വന്തമായി രാഷ്ട്രീയസംവാദങ്ങ ളിലേക്ക് കടന്നുവരുന്ന ഒരു മതത്തിന് ചെയ്യേണ്ടി വരിക.'[18]

തങ്ങളുടെ ധാരണകൾ തിരുത്തപ്പെടുന്നതും അതുവഴി തങ്ങളുടെ അധികാരങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതും മുന്നിൽക്കണ്ട്, അനാരോഗ്യ പ്രവണതകൾക്ക് ഏറെ വേരോട്ടമുള്ള കേരളമുഖ്യധാര, മുസ്‌ലിംകളുടെ ഇടപടലിനെപ്പോലും മുദ്രണം ചെയ്യുമോ എന്നാണ് പേടിക്കേണ്ടത്.

രണ്ട്

ഭാഷാപരമായി മാധ്യമങ്ങൾ ആശയസംവേദനത്തിനുള്ള ഉപാ

ധിയാണ്. കൺമുന്നിൽ കാണാനാവാത്ത വലിയൊരു പ്രേക്ഷക വൃന്ദവുമായി ആശയങ്ങൾ കൈമാറുക എന്നതിന് മാധ്യമങ്ങൾ വഴിയൊരുക്കുന്നു. പത്രലോകത്തിനപ്പുറത്ത് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ശാസ്ത്രീയമായി ഏറെ മുന്നിട്ട് നിൽക്കുകയും പ്രേക്ഷകരുമായി തൽസമയം സംവദിക്കാൻ അവസരം നൽകുകയും ചെയ്യുന്നു. സാങ്കേതികതയെ മുൻനിർത്തിയുള്ള ആശയ കൈമാറ്റങ്ങൾക്ക് വ്യവസ്ഥാപിതമായ ഒരു ഘടനയുണ്ട്: സന്ദേശം > ദായകൻ > ഉപകരണം > സാങ്കേതിക പ്രക്രിയകൾ> ഉപകരണം > സ്വീകർത്താവ്. ഉപകരണങ്ങൾ സന്ദേശദായകന്റെയും സ്വീകർത്താവിന്റെയും വർഗപരമായ മേന്മകൾക്കനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. 'സാങ്കേതിക പ്രക്രിയകൾ' ശബ്ദത്തെയും ചിത്രങ്ങളെയും ചലനങ്ങളെയും തരംഗങ്ങളെയും ഉപഗ്രഹങ്ങളെയുമെല്ലാം കൂട്ടിക്കുഴച്ചുള്ള ശാസ്ത്രീയ സംവേദനങ്ങളാണ്. തീർത്തും ശാസ്ത്രീയവും സാങ്കേതികവുമായ അവ നമ്മുടെ വിശകലന പഥത്തിൽ നേരെ ചൊവ്വേ വരുന്നില്ല.

സന്ദേശം, ദായകൻ, ഉപകരണങ്ങൾ, സ്വീകർത്താവ് എന്നീ നാല് ജനുസ്സുകളുടെ മതപരമായ വർഗീകരണമാണ് ഈ പുസ്തകം ചർച്ച ചെയ്യുന്ന പ്രശ്നം. 'നിഷ്പക്ഷമായിരിക്കുക' എന്നത് മാധ്യമ പ്രവർത്തനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിലൊന്നായി പഠിപ്പിക്കപ്പെടുകയും വിശ്വസിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. മാധ്യമ പ്രവർത്തനം തികഞ്ഞ സാമൂഹിക സാംസ്കാരിക പ്രവർത്തനമായി ഗണിക്കപ്പെട്ടിരുന്ന ഒരു കാലത്തെ അടയാളപ്പെടുത്തുന്ന വിശ്വാസമാണത്. എന്നാൽ, പത്രങ്ങളും പ്രസിദ്ധീകരണങ്ങളും ആനുകാലികങ്ങളും എതെങ്കിലുമൊരു 'മുതലാളി'യുടെ ഉൽപന്നമായതുമുതൽ നിഷ്പക്ഷ പക്ഷം മുതലാളിയുടെ പക്ഷം മാത്രമോ, അല്ലെങ്കിൽ അതിനെ പോറലേൽപ്പിക്കാത്ത പക്ഷമോ ആയി രൂപാന്തരപ്പെട്ടു. 'മുതലാളി' ഒരു വ്യക്തിയായിരിക്കാം, കൂട്ടായ്മയായിരിക്കാം, പ്രസ്ഥാനമായിരിക്കാം, ജാതി-മത-രാഷ്ട്രീയ സംഘടനയായിരിക്കാം... മാധ്യമങ്ങൾ മുതൽമുടക്കുന്നവരുടെ ആശയസംവേദനത്തിനുള്ള വേദികളായിത്തീർന്നു. പത്രങ്ങളും ആനുകാലികങ്ങളുമാണ് ഇത്തരമൊരു സ്വകാര്യവൽക്കരണത്തിന് ഏറ്റവും കൂടുതൽ വിധേയമായത്. ഏറെ മുതൽമുടക്കാവശ്യമുള്ള ചലച്ചിത്രലോകവും പുതുതായി രൂപം കൊണ്ട ചാനലുകളും ഏറെക്കുറെ അപ്രാപ്യമായിരുന്നു, വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും ആശയപരമായ കൈകടത്തലുകൾക്ക്.

കേരളീയ പശ്ചാത്തലത്തിൽ, ചാനലുകൾ സ്വകാര്യമായ ഉപയോഗങ്ങൾക്ക് വേദിയാകുന്നത് കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകം മുതലാണ്; രണ്ടു പതിറ്റാണ്ടിന്റെ പഴക്കം. ഘട്ടം ഘട്ടമായി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ മുഖപത്രങ്ങളുടെ ദൃശ്യപതിപ്പെന്നോണം ചാനലുകളെ വ്യാപകമായി ഉപയോഗപ്പെടുത്തിത്തുടങ്ങി. മുമ്പ് അച്ചടിമാധ്യമങ്ങളിൽ നിലനിന്നിരുന്നതുപോലുള്ള ആശയ

സംഘട്ടനങ്ങളും ആശയ പ്രചരണങ്ങളും ദൃശ്യവൽക്കരിക്കുന്നതി ലായിരുന്നു സംഘടനാചാനലുകളുടെ മുഖ്യശ്രദ്ധ. മതപ്രസ്ഥാനങ്ങളും ഇത്തരം ദൃശ്യസാധ്യതകൾ തിരിച്ചറിയുകയും, വലിയ മുതൽമുടക്കുകൾ കൈയിലുള്ള വ്യക്തികേന്ദ്രീകൃത മതസംഘടനകൾ പുതുചാന ലുകൾക്ക് തുടക്കമിടുകയും ചെയ്തു. ഹൈന്ദവ-ക്രൈസ്തവ സംവിധാനങ്ങളായിരുന്നു ഈ ഗണത്തിൽ മുൻപന്തിയിൽനിന്നത്. മുസ്‌ലിംകൾ സ്വതസിദ്ധമായ ശൈലിയിൽ പിന്നാക്കം പാലിച്ച്, ദൃശ്യമാധ്യമങ്ങളിൽ നിന്ന് അകലം പാലിച്ചു.

മാറ്റങ്ങളെ വൈകി സ്വീകരിക്കുക എന്നത് മുസ്‌ലിം സമുദായം സൂക്ഷിക്കുന്ന കരുതലിന്റെയും സൂക്ഷ്മതയുടെയും മറുവശങ്ങളാണ്. ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും മതകീയമായും വേരുറച്ചുപോയ പടിഞ്ഞാറിനോടുള്ള ഒരവിശ്വാസമുണ്ട് മുസ്‌ലിംകൾക്ക്. പടിഞ്ഞാറ് തന്ന/തരുന്ന ഭാഷയും വിദ്യാഭ്യാസവും ശാസ്ത്രവും സാങ്കേതികതയുമെല്ലാം സംശയബന്ധിതമായ മനന-വിശകലനങ്ങൾക്ക് ശേഷം മാത്രമാണ് അവർ സ്വീകരിച്ചിട്ടുള്ളത്. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ കാര്യവും വ്യത്യസ്തമായിരുന്നില്ല. അത്തരം എതിർപ്പുകളുടെ ചരിത്ര പശ്ചാത്തലത്തിൽ നിന്ന് മുസ്‌ലിംകൾ ദൃശ്യമാധ്യമങ്ങളിൽ സജീവ ഇടപെടൽ നടത്താൻ മുന്നിട്ടുവരുന്ന സമകാലിക പശ്ചാത്തലമാണ് ഈ പുസ്തകത്തിലെ ചർച്ചകളുടെ ഊന്നൽ.

'മതം ദൃശ്യഭാഷയിൽ' എന്ന് പറഞ്ഞുവെക്കുമ്പോൾ, മുമ്പേ ദൃശ്യമാധ്യങ്ങളിൽ സജീവ സാന്നിധ്യമറിയിച്ച മതങ്ങൾ സ്വാഭാവികമായും ചർച്ചക്ക് പുറത്ത് നിൽക്കുന്നു. ദൃശ്യമാധ്യമലോകത്തെ മതകീയമായ പുതുമുഖം, ഇസ്‌ലാമിക സമൂഹം, ആണ് വിവക്ഷി ക്കപ്പെടുന്നത്. ഇസ്‌ലാമിനകത്തുത്തന്നെ ആധുനികവും പശ്ചാ ത്യവുമായ നവസംരംഭങ്ങളോടും വിജ്ഞാനീയങ്ങളോടും പെട്ടെന്ന് സമരസപ്പെട്ടുപോകുന്ന ഒരു വിഭാഗം[19] എന്നുമുണ്ടായിരുന്നു. ദൃശ്യമാധ്യമങ്ങളുടെ കാര്യത്തിലും അവരുടെ നിലപാടുതറകൾ വ്യത്യസ്തമായിരുന്നില്ല. അവരും ഈ പുസ്തകത്തിലെ വിശകലന ങ്ങൾക്കപ്പുറത്താണ്. പാരമ്പര്യത്തിന്റെ സുഖത്തിൽ അഭിരമിക്കുകയും ഏത് മാറ്റങ്ങളോടും സൂക്ഷ്മതയുടെ പേരിൽ വൈകി പ്രതികരിക്കുകയും ചെയ്യുന്ന മുസ്‌ലിം സമുദായത്തിലെ ഭൂരിപക്ഷ വിഭാഗം, പാരമ്പര്യവൃന്ദം ആണ് ചർച്ചകളുടെ പ്രധാന ബിന്ദു. കർമശാസ്ത്രവും വിധിവിലക്കുകളും പതിറ്റാണ്ടുകളായി ഇഴകീറി പരിശോധിക്കുന്ന അവരാണ് ഇന്ന് ദൃശ്യമാധ്യമങ്ങളിലേക്ക് മറ്റേത് അവാന്തരവിഭാഗങ്ങളെയും ബഹുദൂരം പിന്നിലാക്കി കടന്നുവരുന്നത്.

കേരളീയ പരിസരങ്ങളാണ് ദൃശ്യമാധ്യമങ്ങളിലെ മത ഇടപെടലുകളിൽ ഇവിടെ വിശകലന വിധേയമാകുന്നത്. ദേശീയ അന്തർദേശീയ തലങ്ങളിൽ പതിറ്റാണ്ടുകളായിത്തന്നെ ഇസ്‌ലാമിക പാരമ്പര്യവൃന്ദം ശക്തമായ സാന്നിധ്യം അറിയിക്കുന്നുണ്ട്. ഇന്ത്യയിൽ

ദേശീയതലത്തിൽ വ്യാപക പ്രക്ഷേപണം നടക്കുന്നില്ലെങ്കിലും പല പ്രാദേശിക ഭാഷകളിലും ഇന്ത്യൻമുസ്‌ലിംകളുടെ ഭാഷ എന്നറിയപ്പെടുന്ന ഉറുദുവിലും ഇസ്‌ലാമിക വിഷയങ്ങളിൽ മാത്രമൂന്നി വിവിധ ചാനലുകൾ പ്രവർത്തിക്കുന്നുണ്ട്. അന്തർദേശീയ തലത്തിൽ പശ്ചിമേഷ്യയുടെ ഇടപെടലുകൾ ഏതുകാര്യത്തിലുമെന്ന പോലെ ദൃശ്യമാധ്യമരംഗത്തും മതത്തിന്റെ ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ടുള്ളവയായിരുന്നു. ഇസ്‌ലാമിന്റെ കേന്ദ്രവും ഇതേ ഭൂപരിധിക്കുള്ളിൽ വരുന്നതിനാൽ ഹജ്ജ്, ഉംറ, മക്ക, മദീന, കഅ്ബ പോലുള്ള വിശുദ്ധങ്ങളെ ദൃശ്യവൽക്കരിക്കുന്ന ചാനൽപരിപ്രേക്ഷ്യങ്ങളും അറബ് ലോകത്ത് സജീവമായിരുന്നു. വളരെ വിശാലമാണ് അവയെക്കുറിച്ചുള്ള വിശകലനങ്ങളുടെ ഭൂമിക.[20] വളരെ പരിമിതവും സമയബന്ധിതവും പ്രത്യേക പ്രേക്ഷകവൃന്ദ കേന്ദ്രീകൃതവുമായ ഈ കൃതി അത്തരം വിശാല വിശകലനങ്ങളിലേക്ക്, ഭൂവൈവിധ്യങ്ങളിലേക്ക്, സാംസ്‌കാരിക വ്യത്യസ്തതകളിലേക്ക് പ്രവേശിക്കുന്നില്ല.

മൂന്ന്

ദൃശ്യമാധ്യമങ്ങളോടുള്ള മുസ്‌ലിം സമുദായത്തിന്റെ വിയോജിപ്പ്, അല്ലെങ്കിൽ തുറന്ന എതിർപ്പ്, ഓരോ മാധ്യമത്തിന്റെയും ആവിർഭാവം മുതൽ തന്നെ പ്രകടമാണ്. ചലച്ചിത്രം, ടെലിവിഷൻ, ചാനൽ തുടങ്ങിയ ദൃശ്യപ്രതിനിധാനങ്ങളെക്കുറിച്ച് *ഹറാം* അഥവാ നിഷിദ്ധം[21] എന്ന് പ്രകടമായി വിധി പറയപ്പെട്ടു.

ടെലിവിഷന്റെ കാര്യത്തിൽ പൊതുവെ സമൂഹത്തിൽ ഉയർന്നുവന്നിരുന്ന പ്രതിശബ്ദങ്ങളുടെ പ്രതിഫലനമായിരുന്നു മുസ്‌ലിം സമുദായത്തിനകത്തും പ്രകടമായിരുന്നത്. തലവിഷമെന്നും ടെലിവിഷമെന്നും പ്രതിനാമകരണം ചെയ്യപ്പെട്ട ടെലിവിഷൻ, കുഞ്ഞുണ്ണി മാഷിനെപ്പോലുള്ള നർമസാഹിത്യ നായകരിലൂടെ പൊതുമണ്ഡലത്തിൽ പ്രതിനിധീകരിക്കപ്പെട്ടത് അതിന്റെ ദൃഷ്യവശങ്ങളിലൂടെയായിരുന്നു. അത്തരം ദുഷ്ടവശങ്ങൾ എടുത്തുകാട്ടി ഇസ്‌ലാമിക പണ്ഡിതർ ടെലിവിഷൻ നിരോധിക്കപ്പെടേണ്ട ഉപകരണമാണെന്ന് കർമശാസ്ത്രപരമായി വിധി പറഞ്ഞു. സമുദായത്തിൽ ആഴത്തിൽ വേരോടിയ ഈ വിധി-വീക്ഷണം ടെലിവിഷനെ വെറുക്കപ്പെട്ട വസ്തുവാക്കിത്തീർക്കുകയും തിന്മകൾ കിനിഞ്ഞിറങ്ങുന്ന യന്ത്രപ്പെട്ടിയായി വീക്ഷിക്കപ്പെടാൻ വഴിയൊരുക്കുകയും ചെയ്തു. 'ചെകുത്താൻ പെട്ടി'/'ചൈത്താൻ പെട്ടി' എന്നാണ് മാപ്പിള ജനസാമാന്യം ടെലിവിഷനെ പൈശാചികവൽക്കരിച്ചത്. ഇന്നും ഇതേ വീക്ഷണം പുലർത്തുന്ന സമുദായാംഗങ്ങളും നേതൃത്വവും വീടുകളുമുണ്ട്.

ടെലിവിഷനും ചാനലും സമകാലിക പരിസരങ്ങളിൽ വേർതിരിച്ച്

കാണാവതല്ലെങ്കിലും, ചാനലുകളുടെ ആഗമനവും ജനകീയതയുമാണ് കേരളത്തിലെ ഇസ്‌ലാമിക പണ്ഡിതലോകത്തിന്റെ ദൃശ്യമാധ്യമങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്ക് പിന്നിൽ ഒരു 'പക്ഷേ' ചേർത്തുകൊടുത്തത്. പ്രാഥമികഘട്ടത്തിൽ ചാനലുകളും നിഷിദ്ധങ്ങളുടെ കൂട്ടത്തിലായിരുന്നു. വിനോദമാണ് ടെലിവിഷന്റെ അടിസ്ഥാനലക്ഷ്യമെന്ന നിരീക്ഷണത്തെ മുൻനിർത്തി, ചാനലുകൾ വിനോദങ്ങൾ പ്രദാനം ചെയ്യുന്ന വഴികളെന്ന നിലയിൽ പണ്ഡിതർ അവയും *ഹറാം* ആണെന്ന് വിധിയെഴുതി. എന്നാൽ ടെലിവിഷൻ വിനോദോപാധി മാത്രമല്ല, വിജ്ഞാനവും വാർത്തയും കൂടി പകർന്നുനൽകുന്നു എന്ന പുരോഗമനാത്മകത അതിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ ഘട്ടം ഘട്ടമായുള്ള മാറ്റങ്ങൾക്ക് വഴിയൊരുക്കി. 'ടി.വി. കാണൽ *ഹറാം* ആണെങ്കിലും വാർത്തകൾ പോലുള്ള നല്ല പരിപാടികൾ കാണാം' എന്നായിരുന്നു നിലപാടുമാറ്റത്തിന്റെ വഴിയിലേക്കുള്ള ആദ്യചവിട്ടുകല്ല്. പക്ഷേ, ഒരു ഘട്ടത്തിൽ ഇത്തരം പ്രസ്താവനകൾ നടത്തിയവർ പോലും സമുദായ സാമാന്യത്തിന്റെ കടുത്ത നിലപാടുകൾ മൂലം ബുദ്ധിമുട്ടുകളനുഭവിച്ചിരുന്നു എന്നതാണ് യാഥാർഥ്യം.[22]

ചാനലുകളെയും ടെലിവിഷനെയും സംബന്ധിച്ചുള്ള വിധിയെഴുത്തുകളിൽ ചെറുതല്ലാത്ത മാറ്റങ്ങൾ പ്രകടമായെങ്കിലും ചലച്ചിത്രങ്ങൾ എന്നും പണ്ഡിത നേതൃത്വത്തിന്റെയും സമുദായ സാമാന്യത്തിന്റെയും ദൃഷ്ടികളിൽ *ഹറാം* എന്ന കഠിനമായ പൊതുസംജ്ഞയുടെ അപ്പുറത്തേക്കോ ഇപ്പുറത്തേക്കോ പോയില്ല. അധികം ചർച്ചകൾ പോലും ആവശ്യമില്ലാത്ത വിധം എല്ലാവരുടെയും വീക്ഷണങ്ങളിൽ സിനിമയുടെ വിധി കർമശാസ്ത്രപരമായി നിശ്ചയിക്കപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ, ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകം മുതൽ തുടക്കം കുറിക്കപ്പെടുകയും അഞ്ചാം ദശകം മുതൽ ജനകീയവൽക്കരിക്കപ്പെടുകയും ചെയ്ത മലയാള ചലച്ചിത്രലോകം ഇസ്‌ലാമിക-മുസ്‌ലിം സമുദായത്തിന്റെ ദൃഷ്ടികോണിൽ നാശത്തിന്റെയും *ഫിത്ന*യുടെയും *ഫസാദി*ന്റെയും[23] കിടപ്പകങ്ങളായിരുന്നു. മദ്യപാനം, സിനിമ കാണൽ തുടങ്ങിയവ ഒരാൾ ചീത്തവനോ നല്ലവനോ ആണെന്ന് വിലയിരുത്തുന്നതിന്റെ അളവുകോലുകളായിരുന്നു. സമുദായത്തിലെ ഭൂരിപക്ഷമായ പാരമ്പര്യവാദികളുടെ നിലപാട് തദ്വിഷയകമായി കൂടുതൽ കടുപ്പിച്ചതായിരുന്നു. അതിനാൽ തന്നെ, സമുദായത്തിൽ നിന്ന് (പലപ്പോഴും കുടുംബത്തിൽ നിന്നും) പുറത്തുപോകാതെ ചലച്ചിത്രലോകത്തിനകത്തു കടക്കാൻ ഒരു സാമാന്യമുസ്‌ലിമിന് കഴിയുമായിരുന്നില്ല.[24]

കർമശാസ്ത്രപരമായി[25] ചലച്ചിത്രം പ്രശ്നബദ്ധവും നിഷിദ്ധവുമായത് ചലിക്കുന്ന ചിത്രം, സ്ത്രീസാന്നിധ്യം, അഭിനയം തുടങ്ങിയ പ്രശ്നങ്ങളിലൂന്നിയായിരുന്നു. മുമ്പ് പറഞ്ഞതുപോലെ, അധികം ചർച്ചകൾ ആവശ്യമില്ലാത്ത വിധം സിനിമയെക്കുറിച്ചുള്ള വിധി നിശ്ചിതമായിരുന്നതിനാൽ ഇത്തരം വിഷയങ്ങളിലും അധികം ചർച്ചകൾ

നടന്നിട്ടില്ല. എങ്കിലും, ഏതാനും ചില എഴുത്തുകളിലും പ്രഭാഷണങ്ങളിലും ക്ലാസ് റൂമുകളിലും ഇവ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ജീവികളുടെ ചിത്രം വരക്കുന്നതും ജീവികളുടെ ചിത്രങ്ങളുള്ള വസ്തുക്കൾ ഉപയോഗിക്കുന്നതും ഇസ്‌ലാമിക ദൃഷ്ട്യാ നിഷിദ്ധമാണ്. പ്രവാചകൻ മുഹമ്മദ് നബിയിൽ നിന്ന് ഉദ്ധൃതമായ നിരവധി വചനങ്ങൾ ഈ നിരോധം അർഥശങ്കക്കിടമില്ലാത്ത വിധം വ്യക്തമാക്കുന്നുണ്ട്.[26] ചലച്ചിത്രങ്ങൾ മനുഷ്യനെന്ന ജീവിയുടെ ചിത്രങ്ങളാണ് ഉല്ലേഖനം ചെയ്യുന്നതെന്നതിനാൽ, മേൽനിഷിദ്ധങ്ങളുടെ ഗണത്തിൽ ചലച്ചിത്രവും പെടുന്നുവെന്ന് ആദ്യകാല കർമശാസ്ത്രമതം. എന്നാൽ, ചിത്രരചനയുമായി ബന്ധപ്പെട്ട് പണ്ഡിതവൃന്ദത്തിനിടയിൽ രൂപപ്പെട്ട കർമശാസ്ത്രപരമായ അഭിപ്രായവ്യത്യാസങ്ങളിൽ നിന്ന്, ശിൽപകലയാണ് നിരോധിത ജനുസ്സിൽ പെടുന്നതെന്നും പ്രിന്റ് ചെയ്യുന്ന സാധാരണ ചിത്രങ്ങൾ – കടലാസിന്റെ പ്രതലത്തിൽ നിന്നും എഴുന്ന് നിൽക്കാത്തവ – നിരോധിതമല്ലെന്നുമുള്ള അഭിപ്രായം കേരളീയ പണ്ഡിതർക്കിടയിൽ പ്രാബല്യം നേടിയിട്ടുണ്ട്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ കീഴ്ഘടകങ്ങളിലെ ബാലവിഭാഗം കുട്ടികൾക്ക് വേണ്ടി പ്രസിദ്ധീകരിക്കുന്ന *കുരുന്നുകൾ* മാസികക്കുവേണ്ടി ശംസുൽ ഉലമ ഇ.കെ. അബൂബകർ മുസ്‌ലിയാർ നൽകിയ ഫത്‌വ ഇവ്വിഷയകമായി ശ്രദ്ധയർഹിക്കുന്നു.[27] ഇത്തരമൊരു വീക്ഷണത്തിന്റെ ചുവടുപിടിച്ച്, ചലച്ചിത്രത്തിന്റെ ചലിക്കുന്ന ചിത്രമെന്ന കർമശാസ്ത്രപരമായ ന്യൂനത അസ്ഥാനത്താണെന്ന് സ്ഥാപിച്ച് രൂപപ്പെട്ട വീക്ഷണങ്ങൾ പക്ഷേ സമുദായത്തിൽ അധികം വേരോടിയില്ല.

ചലച്ചിത്രങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന സ്ത്രീസാന്നിധ്യം, കർമശാസ്ത്രത്തിന്റെ വീക്ഷണത്തിൽ കുറേക്കൂടി പ്രശ്നത്തെ സങ്കീർണമാക്കുന്നു. സ്ത്രീ പൊതുമണ്ഡലത്തിൽ പ്രത്യക്ഷപ്പെടുന്നതും അപരിചിതരും അന്യരുമായ പുരുഷവൃന്ദത്തിനിടയിൽ അവളുടെ സാന്നിധ്യമറിയിക്കുന്നതും കർമശാസ്ത്രപരമായി നിരോധിതമാണ്. പുരുഷന് അവളെ നോക്കുന്നതും അവളെ കേൾക്കുന്നതും അവളുമായി സംവദിക്കുന്നതും നിഷിദ്ധമാണ്. വിപരീതലിംഗങ്ങൾക്കിടയിൽ മുളപൊട്ടിയേക്കാവുന്ന വൈകാരികത, ലൈംഗികത തുടങ്ങിയ അടിസ്ഥാനപ്രശ്നങ്ങളാണ് പണ്ഡിതർ ഇത്തരം നിഷിദ്ധങ്ങൾക്കു പിന്നിൽ ഉയർത്തിക്കാണിക്കുന്നത്. ചലച്ചിത്രത്തിന്റെ മാത്രം പ്രശ്നമല്ലിത്; ടെലിവിഷനും ചാനലുമെല്ലാം ഈ സ്ത്രീപ്രശ്നത്തിനുമുന്നിൽ ചോദ്യങ്ങൾ നേരിടുന്നു. എന്നാൽ, കർമശാസ്ത്രപരമായിത്തന്നെ പ്രതിന്യായീകരണങ്ങൾ നിരത്തപ്പെടുന്നുണ്ട്: കണ്ണാടിയിലൂടെ സ്ത്രീയെ കാണൽ നേരെചൊവ്വേ സ്ത്രീയെ കാണുന്നത് പോലെ നിഷിദ്ധമല്ലെന്നും, അതിനാൽ സ്ക്രീനിലൂടെ സ്ത്രീയെ കാണുന്നത് കണ്ണാടിയിലൂടെ കാണുന്നത് പോലെയാണെന്നും.

അഭിനയത്തിന്റെ കാര്യത്തിലും ചലച്ചിത്രത്തെ കർമശാസ്ത്ര

വിശാരദർ പ്രതിക്കൂട്ടിൽ നിർത്തുന്നു. അഭിനയം തികഞ്ഞ വേഷംകെട്ടലും ആൾമാറാട്ടവുമാണെന്നും അവ തികച്ചും ഇസ്‌ലാം നിരോധിച്ച കാര്യങ്ങളാണെന്നുമാണ് കർമശാസ്ത്രത്തിന്റെ പക്ഷം. മറ്റൊരാളുടെ വേഷം കെട്ടുന്ന വിശ്വാസി കടുത്ത അനന്തരഫലങ്ങൾ അനുഭവിക്കേണ്ടി വരുമെന്ന് ഇസ്‌ലാമിക ഗ്രന്ഥങ്ങൾ മുന്നറിയിപ്പ് നൽകുന്നുണ്ട്. പ്രവാചകന്റെ വചനങ്ങൾ ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്.[28] അവയുടെ പിൻബലത്തിലാണ് അഭിനയം കർമശാസ്ത്രദൃഷ്ട്യാ നിരോധിതമായിത്തീരുന്നത്. എന്നാൽ, ഇവിടെയും നിരത്തപ്പെടുന്നുണ്ട് കർമശാസ്ത്രപരമായിത്തന്നെയുള്ള മറുവാദങ്ങൾ.[29] വേഷംകെട്ടലിനെതിരെ ശക്തമായ താക്കീത് നൽകുന്ന നബിയുടെ വചനം, പുരുഷന്റെ വേഷം കെട്ടുന്ന സ്ത്രീയെയും സ്ത്രീയുടെ വേഷം കെട്ടുന്ന പുരുഷനെയും ഉദ്ദേശിച്ചുള്ളതാണെന്നും മറ്റുള്ള അഭിനയങ്ങളൊന്നും നബിവചനത്തിന്റെ പരിധിയിൽ വരുന്നില്ലെന്നും മറുവാദങ്ങളുന്നയിക്കപ്പെടുന്നു. എന്നുമാത്രമല്ല, ഇസ്‌ലാമിക ചരിത്രത്തിന്റെ പല താളുകളും എടുത്തുകാട്ടി[30] അഭിനയം ആശയസംവേദനത്തിനുള്ള ഫലപ്രദമായ വഴികളിലൊന്നാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു.

കർമശാസ്ത്രപരമായ മറുവാദങ്ങൾ സമുദായത്തിന്റെ പൊതു ചിന്താധാരയെ മാറ്റിപ്പണിയാൻമാത്രം ശക്തമായിരുന്നില്ല. എന്നുമാത്രമല്ല, അവയിൽ മിക്കവയും ഈയടുത്ത കാലത്ത് മാത്രം പ്രത്യക്ഷപ്പെട്ട വയാണ്. അതിനാൽ, മുസ്‌ലിം സമുദായത്തിന്റെ സാമാന്യവ്യന്ദം ഇപ്പോഴും സിനിമ നിഷിദ്ധമാണെന്ന് ഉറച്ചുവിശ്വസിക്കുന്നു.[31] ചലച്ചിത്രത്തിന്റെ പിന്നണിയിൽ പ്രവേശിക്കുന്നവരോ മുന്നണിയിലിരുന്ന് അവ കാണാൻ പോകുന്നവരോ മതകീയമായി തങ്ങൾ തെറ്റുചെയ്യുന്നു എന്ന ഒരലോസരം ഉള്ളിൽ സൂക്ഷിക്കുന്നു. കുറ്റബോധത്തിൽ നിന്ന് ഉൾത്തിരിഞ്ഞുവരുന്ന ഈ അലോസരം, സാഹചര്യങ്ങളുടെ വഴിനടത്തലുകൾക്കനുസരിച്ച്, ഘട്ടംഘട്ടമായി മതത്തിന്റെ കെട്ടുപാടുകൾ ഇട്ടെറിയാനും മതത്തെ ആക്ഷേപിക്കാനും അവരെ പ്രേരിപ്പിക്കുന്നു. വളരെ ചുരുക്കം ചിലയിടങ്ങളിൽ, പ്രത്യേകിച്ചും തെക്കൻ കേരളത്തിൽ, മതവും ചലച്ചിത്രവും ഒരുമിച്ചുകൊണ്ടുപോകുന്ന വ്യക്തിത്വങ്ങളെയും കാണാം.[32]

ചുരുക്കത്തിൽ, ടെലിവിഷനും ചാനലും ചലച്ചിത്രവും കേരളീയ ഇസ്‌ലാമിക സമുദായത്തിനകത്ത് നിരോധനത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കപ്പെട്ടവയായിരുന്നു. കർമശാസ്ത്രപരമായുള്ള വിധിയെഴുത്തുകളിൽ ഈ മാധ്യമങ്ങളുടെ ദൃഷ്യവശങ്ങൾ എടുത്തുകാണിക്കപ്പെടുകയും, അവയുടെ അടിസ്ഥാനത്തിൽ നിഷിദ്ധമെന്ന വിധി രൂഢമാവുകയും ചെയ്തു. പണ്ഡിതർ വിധിപറഞ്ഞ മുറക്ക് സമുദായാംഗങ്ങളിൽ ഭൂരിപക്ഷവും ദൃശ്യമാധ്യമങ്ങളിൽ നിന്ന് അകലം പാലിച്ചു. തദ്വാരാ, അവയത്രയും തിന്മയുടെ ഉറവകളായി ഗണിക്കപ്പെട്ടു. കാലക്രമേണ ടെലിവിഷന്റെയും ചാനലുകളുടെയും ജനകീയതയും ബഹുമുഖ

ഉപയോഗസാധ്യതകളും കർമശാസ്ത്രപണ്ഡിതരുടെ നിലപാടുകളിൽ മാറ്റം വരുത്താൻ സഹായകമായി. അപ്പോഴും ചലച്ചിത്രം സാമാന്യമുസ്‌ലിമിന്, ഇസ്‌ലാമിക ജീവിതം നയിക്കുന്നവന്/ൾക്ക്, മതപരമായി അപ്രാപ്യമായി തുടർന്നു.

നാല്

മാധ്യമങ്ങൾ മതകീയമായി എങ്ങനെ ഉപയോഗപ്പെടുത്താം എന്ന ചോദ്യം മതവേദികളിൽ സ്ഥിരമായി ഉന്നയിക്കപ്പെടുന്ന ഒന്നാണ്. മതവിരുദ്ധ പ്രചരണങ്ങൾ പത്രദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ കൊണ്ടുപിടിച്ചു നടക്കുമ്പോൾ, അവക്കെതിരെ നിലകൊള്ളാനും കൂടെ മതപ്രചരണം നടത്താനും എങ്ങനെ സാധിക്കുമെന്ന് കേരളീയ ഇസ്‌ലാമിനകത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

മലബാറിലെ ഇസ്‌ലാമിക പ്രവർത്തനങ്ങളുടെ മുഖമുദ്രയായി മാറിക്കഴിഞ്ഞ സമ്മേളനവേദികളായിരുന്നു പലപ്പോഴും ഇത്തരം ചർച്ചകളുടെ കേന്ദ്രങ്ങൾ. 'മാധ്യമ ചർച്ച' എന്നോ മറ്റോ തലക്കെട്ടിട്ട് മതസ്ഥാപനങ്ങളുടെ വാർഷിക മഹാസമ്മേളനങ്ങളിലും സംഘടനകളുടെ പ്രത്യേക മഹാസമ്മേളനങ്ങളിലും ആവർത്തിതമായി വിശകലനം ചെയ്യപ്പെട്ടു, സമകാലിക മാധ്യമങ്ങളിലെ മതത്തിന്റെ പ്രതിനിധാനങ്ങളും ഉയർന്നുവരേണ്ട പ്രതിപ്രവർത്തനങ്ങളുടെ അത്യാവശ്യങ്ങളും. സമ്മേളനങ്ങളോടനുബന്ധിച്ച് പുറത്തിറങ്ങാറുള്ള പ്രത്യേകപതിപ്പുകളിലും സോവനീറുകളിലും ഇതേ വിഭവങ്ങൾ ഇടം കണ്ടെത്തി. വിവിധ മാധ്യമസ്ഥാപനങ്ങളിലെ പത്രാധിപസമിതിയംഗങ്ങൾ സ്ഥിരംക്ഷണിതാക്കളായ ഇത്തരം വിശകലനവേദികൾ കാര്യക്ഷമമായ ഇടപെടലിലേക്ക് മിക്കപ്പോഴും എത്തിയിരുന്നു. എന്നാൽ, പലപ്പോഴും ഈ ചർച്ചകൾ, തങ്ങളുടെ സമ്മേളനങ്ങൾക്ക് പരമാവധി മാധ്യമശ്രദ്ധ ആകർഷിക്കാനുള്ള ഒരുതരം 'സുഖിപ്പിക്കൽ തന്ത്ര'മായി പരിമിതപ്പെടുന്നതും കാണുന്നു.[33]

ഏതായിരുന്നാലും ഇത്തരം ചർച്ചകളിൽ കാര്യമായും വിശകലനവിധേയമായത് അച്ചടിമാധ്യമങ്ങളിലെ മതത്തിന്റെ പ്രതിനിധാനവും പ്രതിരോധത്തിന്റെ ആവശ്യകതയുമായിരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മിക്കപ്പോഴും സൗകര്യപൂർവം തിരസ്കരിക്കപ്പെട്ടു. കാരണങ്ങൾ പലതാകാമെങ്കിലും, ഫലത്തിൽ മുസ്‌ലിം മതസമ്മേളനങ്ങളിലൊന്നും ദൃശ്യമാധ്യമ പ്രതിനിധികളോ ദൃശ്യമാധ്യമ ചർച്ചകളോ പ്രത്യക്ഷപ്പെട്ടില്ല. അവയോട് മുസ്‌ലിം ഭൂരിപക്ഷം സൂക്ഷിച്ച അകലവും വിയോജിപ്പുമായിരിക്കാം പ്രധാനകാരണങ്ങളിലൊന്ന്.

സമ്മേളനങ്ങൾക്കപ്പുറത്ത് മുസ്‌ലിം ആനുകാലികങ്ങൾ സംഘടിപ്പിച്ച ചുരുക്കം ചില മാധ്യമചർച്ചകൾ ഇസ്‌ലാമിക

സമൂഹത്തിനകത്തുനിന്ന് ദൃശ്യമാധ്യമങ്ങളുടെ സാധ്യതകൾ വിശകലനം ചെയ്തിട്ടുണ്ട്. *തെളിച്ചം* മാസിക പലപ്പോഴായി നടത്തിയ ചർച്ചകൾ ഇതിന് സാക്ഷ്യങ്ങളാണ്. രണ്ടായിരാമാണ്ട് മെയ് ലക്കത്തിലും രണ്ടായിരത്തിയെട്ട് ഏപ്രിൽ ലക്കത്തിലും പ്രധാനമായും *തെളിച്ചം* ചർച്ച ചെയ്തത് ദൃശ്യമാധ്യമങ്ങളിലെ ഇസ്‌ലാമികമായ ഇടപെടലിന്റെ സാധുത, സാധ്യത, അനിവാര്യത തുടങ്ങി, മുസ്‌ലിം പ്രസിദ്ധീക രണങ്ങളിലെ മാധ്യമചർച്ചകളുടെ നടപ്പുരീതികളിൽ നിന്ന് മാറിയുള്ള വിഷയങ്ങളായിരുന്നു. മാധ്യമപ്രവർത്തകർ മാത്രമല്ല, സമുദായ നേതൃത്വത്തിലെ സജീവ സാന്നിധ്യങ്ങളായിരുന്നു ഈ ചർച്ചക ളിലത്രയും നിറഞ്ഞുനിന്നതും മതത്തിന്റെയും സമുദായത്തിന്റെയും ദൃശ്യമാധ്യമ ഇടപെടലിനുവേണ്ടി ശബ്ദമുയർത്തിയതും.[34] ഈ ശ്രേണി യിൽ അവസാനലക്കത്തിന്റെ ഊന്നൽ പ്രധാനമായും ചലച്ചിത്രരംഗ ത്തായിരുന്നു. സമുദായത്തിന്റെ നിലപാടുകൾക്കകത്ത് ചെറുതല്ലാത്ത പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ *തെളിച്ചം* ചർച്ചകൾക്ക് സാധിച്ചിട്ടുണ്ട്.[35]

അത്തരമൊരു ചർച്ചയിൽ, പത്തുവർഷങ്ങൾക്ക് മുമ്പ് *ഇന്ത്യാവിഷ ൻ* ചാനൽ തുടങ്ങുന്ന പശ്ചാത്തലത്തിൽ 2000 ത്തിൽ *തെളിച്ചം* മാസികയിൽ നാട്ടിക വി. മൂസ മുസ്‌ലിയാർ 'നേരത്തെ തുടങ്ങിയാൽ അത്രയും നല്ലത്'[36] എന്ന തലക്കെട്ടിൽ എഴുതി: 'മറ്റുള്ളവരിൽ നിന്ന് വ്യതിരിക്തമായ ഉന്നതസംസ്കാരവും നിലവാരവുമുള്ള ഒരു ചാനൽ നമുക്കുമാകാവുന്നതാണ്. ലോകത്തിന് തെറ്റില്ലാതെ അറിവു നൽകാനും പക്ഷമില്ലാതെ പരസ്പരം പരിചയപ്പെടാനും താളം തെറ്റാത്ത യുവതയെ വാർത്തെടുക്കാനും ഈ ചാനലിലൂടെ ശ്രമിക്കാവുന്നതാണ്. മൂല്യബോധമുള്ള ഒരു സാമൂഹ്യസൃഷ്ടിയായിരിക്കണം ലക്ഷ്യം. ലാഭക്കൊതി പാടില്ല. നൂറ് ശതമാനം സേവനലക്ഷ്യം വേണം. നിലവിലുള്ള വിഭവങ്ങളുപയോഗപ്പെടുത്തി ഒരു സുന്നീചാനൽ ആരംഭിക്കാൻ സമസ്തക്ക് സാധിക്കും.'[37]

അഞ്ച്

ദൃശ്യമാധ്യമങ്ങളുടെ സാധ്യതാ അന്വേഷണങ്ങളിൽ നിന്നും വ്യക്തമായ ഇടപെടലിലേക്ക് സമുദായം പുരോഗമിക്കുന്നത് കാര്യമായും രണ്ട് കാര്യങ്ങളോടെയാണെന്ന് തോന്നുന്നു: ഒന്ന്, കോംപാക്റ്റ് ഡിസ്കു(സി.ഡി.)കളുടെ വ്യാപനം. രണ്ട്, ചാനലുകളുടെ അഭൂതപൂർവമായ ജനകീയത.

ദൃശ്യശ്രാവ്യ സൗകര്യങ്ങളുടെ വലിയ ലോകമാണ് കോംപാക്റ്റ് ഡിസ്കുകൾ ജനങ്ങൾക്ക് മുമ്പിൽ തുറന്നുകൊടുത്തത്. സിഡി പ്ലയറിനോളം തന്നെ കമ്പ്യൂട്ടറുകളുടെ ഘട്ടംഘട്ടമായുള്ള വ്യാപനം ഡിസ്കുകൾ ആർക്കും എത്തിപ്പിടിക്കാവുന്ന ഒന്നാക്കി മാറ്റി.

മുമ്പുണ്ടായിരുന്ന സൗകര്യങ്ങളെ അപേക്ഷിച്ച് നിർമാണച്ചെലവ് കുറഞ്ഞതും ഉപയോഗകാലദൈർഘ്യം കൂടിയതും സിഡികളുടെ വൻതോതിലുള്ള വിപണനത്തിനും ഉപയോഗത്തിനും വഴിയൊരുക്കി. പയ്യെപ്പയ്യെയാണെങ്കിലും കമ്പ്യൂട്ടറുകളുടെ ശക്തമായ വ്യാപനം ടെലിവിഷനെതിരെ സമുദായ നേതൃത്വം സ്വീകരിച്ചിരുന്ന കർമശാസ്ത്ര പരമായ നിലപാടുകൾ ഒരുപരിധി വരെ അസ്ഥാനത്താക്കി.[38] ടെലിവിഷൻ ചാനലുകൾക്കുള്ള മാധ്യമം മാത്രമായിത്തീരുകയും ചെയ്തു.

ഡിസ്കുകൾ സമുദായം പ്രധാനമായും ഉപയോഗപ്പെടുത്തിയത്, മുമ്പുണ്ടായിരുന്ന ഓഡിയോ കാസറ്റുകളുടെ സ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു. മതപ്രഭാഷണങ്ങളടങ്ങുന്ന കാസറ്റുകൾ മുസ്‌ലിം വീടുകളിൽ വ്യാപകമായി നേരത്തെ കാണപ്പെട്ടിരുന്നു. സമുദായ സാമാന്യത്തെ മതപരമായി അഭ്യസ്തവിദ്യരാക്കാൻ പണ്ഡിതർ സ്വീകരിച്ചിരുന്ന പല മാർഗങ്ങളിലൊന്നായിരുന്നു മതപ്രഭാഷണ കാസറ്റുകൾ. കൂടെ അനുവദനീയ കച്ചവടത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന ഒറ്റയും തെറ്റയുമായ നിർമാണ-വിപണന സംഘങ്ങളും സജീവമായി അക്കാലത്ത് നിലവിലുണ്ടായിരുന്നു.[39] ഡിസ്കുകൾ പൂർണമായും ആ സ്ഥാനം പിടിച്ചെടുക്കുകയും കാസറ്റുകൾ ഘട്ടംഘട്ടമായി അപ്രത്യക്ഷമാവുകയും ചെയ്തു. അതോടെ വിവിധ മതപ്രഭാഷകരുടെയും മതനേതാക്കളുടെയും പ്രഭാഷണങ്ങൾ ദൃശ്യസഹിതം മുസ്‌ലിം വീടുകളിലെ സി.ഡി. പ്ലയറുകളിൽ/കമ്പ്യൂട്ടറുകളിൽ നിറഞ്ഞുനിന്നു.[40]

ഭക്തിഗാനങ്ങളും മാപ്പിളപ്പാട്ടുകളുമടങ്ങുന്ന കാസറ്റുകളുടെ സ്ഥാനത്തും സി.ഡികൾ പ്രതിഷ്ഠിക്കപ്പെട്ടു. കാസറ്റുകൾ നൽകിയ ശ്രവണ സുഖത്തെക്കാൾ, സി.ഡികൾ ദർശനസൗകര്യം കൂടി പകർന്നു നൽകിയത് അവയുടെ മേന്മയും ജനകീയതയും വർധിപ്പിച്ചു. വിവിധ മഖ്ബറകളിൽ അന്ത്യവിശ്രമം കൊള്ളുന്ന പുണ്യാത്മാക്കളെയും സൂഫിവര്യരെയും പ്രകീർത്തിച്ചുള്ള ഗാനങ്ങൾ 'മഖ്ബറ ഗാനങ്ങൾ' എന്ന പേരിൽ ദൃശ്യങ്ങൾ സഹിതം വ്യാപകമായി പുറത്തിറക്കപ്പെട്ടത്, ഭക്തിഗാനങ്ങളുടെ ദൃശ്യവൽക്കരണത്തിന്റെ പ്രഥമഘട്ടത്തിലെ പ്രധാന അനുഷ്ഠാനങ്ങളിലൊന്നായിരുന്നു.[41] സ്ഥാപനങ്ങളും സംഘടനകളും തങ്ങളുടെ നിലപാടുകളും ചരിത്രവും വിശദീകരിക്കുന്ന ഗാനങ്ങൾ ഔദ്യോഗികമായും അനൗദ്യോഗികമായും പുറത്തിറക്കിക്കൊണ്ടിരുന്നു. പുതിയ മാപ്പിളപ്പാട്ട് ആൽബങ്ങൾ സമുദായ നേതൃത്വത്തിന്റെ പൂർണപിന്തുണയില്ലെങ്കിൽ കൂടി സമുദായാംഗങ്ങൾക്കിടയിൽ പ്രചുരപ്രചാരം നേടുകയുണ്ടായി.[42]

ഡോക്യുമെന്ററി എന്ന ദൃശ്യമാധ്യമജനുസ്സിന്റെ അനന്തസാധ്യതകൾ ഈയടുത്താണെങ്കിലും സമുദായം ഉപയോഗപ്പെടുത്തിത്തുടങ്ങിയിട്ടുണ്ട്. മതത്തിന്റെ തന്നെ കേന്ദ്രീയ വിശ്വാസങ്ങളിലും വിസ്മയ സമുച്ചയങ്ങളിലുമൂന്നിയോ, ഇസ്‌ലാമിക സമുദായത്തിന്റെ ചരി

ത്രപരമായ രൂപീകരണ പരിണാമങ്ങൾ അനാവരണം ചെയ്തോ, പ്രാദേശികചരിത്രത്തിന്റെ നാൾവഴികളിലൂടെ സഞ്ചരിച്ചോ, സ്മരണീയ വ്യക്തിത്വങ്ങളുടെ ജീവിതവഴിത്താരകളിലൂടെ കണ്ണോടിച്ചോ, പ്രസ്ഥാന-സ്ഥാപനങ്ങളുടെ വളർച്ചാപടവുകൾ അനാവരണം ചെയ്തോ ഒക്കെയായി ഡോക്യുമെന്ററികൾ കേരളമുസ്‌ലിമിന്റെ ദൃശ്യപരിസരങ്ങളിൽ നിറഞ്ഞുനിന്നു. ഡോ. കമാൽ പാഷയുടെ *ഖുർആൻ ചരിത്രഭൂമികളിലൂടെ*യും ദാറുൽ ഹുദായുടെ *ഖുർആനിലെ സമുദ്ര വിസ്മയങ്ങളും* എടുത്തുപറയത്തക്ക വിധം സമുദായത്തിനകത്ത് അവാന്തരവിഭാഗീയ അതിർവരമ്പുകൾ ഭേദിച്ച് സ്വാധീനം സൃഷ്ടിച്ച ദൃശ്യാവിഷ്കാരങ്ങളാണ്. ടെലിവിഷൻ, ചാനൽ തുടങ്ങിയ മുൻകാല അസ്പർശ്യതകളെ ഏറെക്കുറെ പൂർണമായും തുടച്ചുനീക്കുന്നതിലേക്ക് ഡോക്യുമെന്ററികളുടെ സംഘടനാപരമായ സന്നിവേശം സഹായിച്ചിട്ടുണ്ട്. പാരമ്പര്യവൃന്ദത്തിന്റെ ഔദ്യോഗിക മതസംഘടനകൾ തന്നെ ഡോക്യുമെന്ററികളെ തങ്ങളുടെ പ്രാസ്ഥാനിക പ്രചരണങ്ങൾക്കായി ഉപയോഗപ്പെടുത്തിയത് പല വിധേനയും കർമശാസ്ത്രപരമായ സാധൂകരണങ്ങൾക്ക് വഴി നൽകുന്നതായിരുന്നു.[43]

കഴിഞ്ഞ പതിറ്റാണ്ടിൽ ആവിർഭവിക്കുകയും അത്ഭുതകരമാംവിധം ജനകീയവൽക്കരിക്കപ്പെടുകയും ചെയ്ത ദൃശ്യമാധ്യമ ജനുസ്സാണ് ടെലിഫിലിമുകൾ/ഹോം സിനിമകൾ. മാപ്പിള ജീവിതത്തിന്റെ നേർച്ചിത്രങ്ങൾ വരച്ചുകാട്ടി, സാമൂഹികമോ സാമുദായികമോ ആയ സന്ദേശങ്ങൾ നർമത്തിനൊപ്പം പകർന്നുനൽകി അവ പെട്ടെന്ന് സമുദായത്തിന്റെ മനസ്സ് കീഴടക്കി. സലാം കൊടിയത്തൂരിന്റെ തുടക്കങ്ങളിലൂടെ ചിത്രീകൃതമായ മാപ്പിളജീവിതദൃശ്യങ്ങൾക്ക്, തുടർച്ച നൽകാനും വൈവിധ്യം പകരാനും നിരവധി സഹൃദയർ തങ്ങളുടെ സംരംഭങ്ങളിലൂടെ മുന്നോട്ടുവന്നു. ഗൾഫ് കുടിയേറ്റവും അനന്തര സാമൂഹിക-സാമുദായിക പരിവർത്തനങ്ങളുമായിരുന്നു തുടക്കത്തിൽ ഇവയുടെ പ്രധാന പ്രമേയങ്ങളെങ്കിലും, പിന്നീട് നിരവധി സാമൂഹിക-സാമുദായിക പ്രശ്നങ്ങളിലേക്ക് ക്യാമറ ചലിപ്പിക്കാൻ ഹോംസിനിമകളുടെ അണിയറപ്രവർത്തകർ സന്നദ്ധരായി. സമുദായ നേതൃത്വത്തിനകത്ത് ചലച്ചിത്രങ്ങളോടുള്ള വിയോജിപ്പുകളത്രയും ഇവയോടും നിലനിൽക്കുന്നുവെങ്കിലും, ചലച്ചിത്രങ്ങളെക്കാളേറെ സമുദായത്തിലെ സാധാരണക്കാർക്കിടയിൽ പ്രചാരം നേടാനും ചെറുതല്ലാത്ത മാറ്റങ്ങൾ സൃഷ്ടിക്കാനും ഇവക്ക് സാധിച്ചിട്ടുണ്ടെന്നത് അക്ഷരാർഥത്തിൽ അനിഷേധ്യമായ യാഥാർഥ്യമാണ്.[44]

ചാനലുകളുടെ അഭൂതപൂർവമായ ജനകീയത മതത്തിനും സമുദായത്തിനുമകത്ത് ദൃശ്യമാധ്യമങ്ങൾക്ക് വ്യക്തമായ ഇടം ഉണ്ടാക്കുന്നതിലേക്ക് നയിച്ചിട്ടുണ്ട്. സമകാലിക വിഷയങ്ങൾക്കും വാർത്തകൾക്കുമപ്പുറത്ത്, അവ സാമുദായിക പരിചിന്തനങ്ങൾക്കകത്തേക്ക് പ്രവേശിക്കുന്നത് റമസാൻ പോലുള്ള മുസ്‌ലിം പുണ്യദിന

ങ്ങളുടെയും ആഘോഷവേളകളുടെയും ദൃശ്യഘോഷണങ്ങളിലൂടെയാണ്. ബഹുസ്വരസമൂഹത്തിൽ ഓരോരുത്തരുടെയും ആഘോഷങ്ങൾ എല്ലാവരുടേതുമാക്കുന്ന കേരളത്തിന്റെ മത-സാമുദായിക സൗഹാർദ പാരമ്പര്യം ദൃശ്യമാധ്യമങ്ങൾ കൂടി ഏറ്റുപിടിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്തത്, ആ മാധ്യമങ്ങളോടുള്ള മുസ്‌ലിംപാരമ്പര്യവാദികളുടെ സമീപനത്തെത്തന്നെ അടിസ്ഥാനപരമായി സ്വാധീനിച്ചിട്ടുണ്ട്.[45] നിഷേധാത്മകമായ നിലപാടിൽ നിന്ന് ചുവടുമാറ്റി ക്രിയാത്മകമായ ഇടപെടലിലേക്ക് അവരെ നയിക്കാൻ ഇത്തരം സമീപനങ്ങൾക്ക് കാലക്രമേണ കഴിഞ്ഞു. ചാനലുകൾ 0സംഘടിപ്പിച്ച പ്രത്യേകപരിപാടികളിൽ അഭിമുഖങ്ങൾ നൽകാനും തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കാനും കേരളീയ ഇസ്‌ലാമികപാരമ്പര്യത്തിന്റെ മാഹാത്മ്യങ്ങൾ പ്രഘോഷണം ചെയ്യാനുമൊക്കെയായി മുസ്‌ലിംനേതൃത്വം മുന്നോട്ടുവന്നു.

ക്രിയാത്മക ഇടപെടലുകളുടെ മൂർത്തീഭാവമായിരുന്നു സമസ്ത കേരള സുന്നി സ്റ്റുഡന്റ്സ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ *ജീവൻ ടി.വി.*യിൽ ആഴ്ച തോറും പ്രക്ഷേപണം ചെയ്തിരുന്ന 'ഖാഫില' ഇസ്‌ലാമിക പരിപാടി.[46] കേരളത്തിൽ നിന്ന് ഒരു ഇസ്‌ലാമിക പ്രസ്ഥാനം വ്യവസ്ഥാപിതമായി ദൃശ്യമാധ്യമരംഗത്ത് തുടർച്ചയായി ഇടപെടുന്നത് ഇതാദ്യമായിരുന്നു. വേണ്ടുവോളം മാനവ-സാമ്പത്തിക-സാങ്കേതിക വിഭവശേഷി ഉണ്ടായിരുന്നിട്ടും 'പരിഷ്കരണപ്രസ്ഥാനങ്ങൾ'ക്ക് സാധിക്കാത്ത ഒന്നായിരുന്നു പാരമ്പര്യവാദികളുടെ വിദ്യാർഥിവിഭാഗം സാക്ഷാൽകൃതമാക്കിയത്. സംവിധാനങ്ങളുടെ അപര്യാപ്തതയും ഉള്ളടക്കത്തിന്റെ ആഴക്കുറവുമെല്ലാം തുടക്കത്തിന്റെ ബലാരിഷ്ടതകളായി പരിപാടിയെ വേട്ടയാടിയിരുന്നുവെങ്കിലും, അത്തരമൊരു സംരംഭത്തിന് മുൻകൈ എടുത്തു എന്നതാണ് ചരിത്രപരമായി 'ഖാഫില' നിറവേറ്റിയ ദൗത്യം.

'ഖാഫില'യുടെ വികാസപ്പെടലാണ്, ഇന്ന് ദൃശ്യമാധ്യമരംഗത്തേക്ക് സജീവപ്രകടനത്തിനൊരുങ്ങുന്ന *ദർശന*. കേരളീയ ഇസ്‌ലാമിക പാരമ്പര്യത്തിന്റെ പൊതുരംഗത്തെ ഇടപാടുകളുടെ നൂതനമായ സാക്ഷ്യം. പാരമ്പര്യത്തിന്റെ വക്താക്കൾ കാലാനുഗതമായി നടത്തുന്ന ഇടപെടലുകൾ, സമൂഹത്തിൽ ദീർഘദൂര പ്രതിഫലനങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞുവെച്ചത് അന്റോണിയോ ഗ്രാംഷിയാണ്. ഒരിക്കലെടുത്ത നിലപാടിന്റെ പ്രായശ്ചിത്തമെന്നതിനെക്കാളേറെ, പാരമ്പര്യവാദികൾ നടത്തുന്ന ക്രിയാത്മകതകളുടെ തുടർച്ച എന്നാണ് *ദർശന* ചാനലിന്റെ രംഗപ്രവേശത്തെ വിശേഷിപ്പിക്കാൻ നല്ലത്. 'പരിഷ്കരണവാദികൾ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന പുത്തൻവാദ വിഭാഗങ്ങൾ ഉയർത്തിവിടുന്ന ഏറെക്കുറെ അപ്രസക്തങ്ങളായ കർമശാസ്ത്രപ്രശ്നങ്ങൾക്ക് മറുപടി പറഞ്ഞ്, അവാന്തരവിഭാഗീയ ചർച്ചകളിൽ സമയവും ഊർജവും ചെലവഴിക്കുന്ന പാരമ്പര്യ പണ്ഡിത-ബുദ്ധിജീവിവൃന്ദത്തിന്റെ സ്ഥായീഭാവം പ്രതിരോധാ

ത്മകമാണ്; മറ്റുള്ളവർ പറയുന്നതിനെ പ്രതിരോധിച്ചുകൊണ്ടേയിരിക്കുക എന്ന ദൗത്യഭാവം. വളരെ ചുരുക്കം ചില വേളകളിൽ മാത്രമാണ് ഈ പ്രതിരോധാത്മകതയിൽ നിന്ന് ക്രിയാത്മകതയിലേക്കും നിർമാണാത്മകതയിലേക്കും പാരമ്പര്യവ്യന്ദം കഴിഞ്ഞ ഒമ്പത് പതിറ്റാണ്ടിനിടക്ക് ചുവടുവെച്ചിട്ടുള്ളത്. അപ്പോഴൊക്കെയും വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് തിരികൊളുത്താൻ പാരമ്പര്യബുദ്ധിജീവികൾക്ക് കഴിഞ്ഞിട്ടുണ്ട്. മദ്റസാ പ്രസ്ഥാനം, മത-ഭൗതിക സമന്വയവിദ്യാഭ്യാസ സമ്പ്രദായം തുടങ്ങിയവ ആ ഗണത്തിൽ പെടുത്താം; അവ വളരെ പരിമിതമാണെങ്കിലും. അത്തരം നിർമാണാത്മകതയുടെ തുടർച്ചയാണ് *ദർശന*.

ദൃശ്യമാധ്യമരംഗത്ത് മതപരവും ധാർമികവുമായ ഒരിടപെടലിനാണ് *ദർശന* അണിയറയൊരുക്കങ്ങൾ നടത്തുന്നത്. സാംസ്കാരികവും ബൗദ്ധികവുമായി ഏറെ പ്രതിഫലനങ്ങൾ, ചരിത്രപരമായ പരിവർത്തനങ്ങൾ തുടങ്ങിയവയൊക്കെ അടയാളപ്പെടുത്തുന്നുണ്ട് ഈ ആവിർഭാവം. അത്തരം മാറ്റങ്ങളുടെ ഭൂതം, ഭാവി, വർത്തമാനം എന്നിവയാണ് ഈ പുസ്തകം പരിശോധിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന്. ടെലിവിഷൻ *ഹറാമാ*ണെന്ന നിലപാടിൽ നിന്നും അവയുടെ നിയന്താക്കളായി മുസ്‌ലിം പാരമ്പര്യനേതൃത്വം സ്വയം പരിവർത്തിതമാകുന്നത് എങ്ങനെ സംഭവിക്കുന്നു, നിർദിഷ്ട ഇടപാടുകളുടെ ബൗദ്ധികവും മതപരവും വീക്ഷണപരവുമായ രൂപപ്പെടൽ എങ്ങനെയാണ്, ദൃശ്യമാധ്യമരംഗത്ത് ശ്രദ്ധേയമായ ഇടപെടലിനൊരുങ്ങുന്ന സാമുദായിക നേതൃത്വം ഇനിയും സ്പർശിക്കാത്ത രംഗങ്ങൾ ഏതൊക്കെയാണ്, കഴിഞ്ഞ നൂറ്റാണ്ടിന്റെ ഏറ്റവും ശക്തമായ മാധ്യമമെന്ന് വിശേഷിപ്പിക്കപ്പെട്ട ദൃശ്യ-ശ്രാവ്യമാധ്യമത്തിനകത്തുതന്നെയുള്ള പ്രത്യേക ജനുസ്സിനെ മതകീയമായി എങ്ങനെ നോക്കിക്കാണാം തുടങ്ങിയ ചർച്ചാബിന്ദുക്കളിൽ ഊന്നുന്നു ഈ പുസ്തകങ്ങളിലെ ലേഖനങ്ങൾ. കേരളീയ പൊതുമണ്ഡലത്തെക്കുറിച്ചുള്ള സമുദായത്തിനകത്തുനിന്നുള്ള വിഹ്വലതകൾ, തങ്ങളെ എങ്ങനെ മറ്റുള്ളവർ അവതരിപ്പിക്കുന്നു എന്നതുസംബന്ധിച്ച ആശങ്കാപരമായ വിലയിരുത്തലുകൾ, മുസ്‌ലിം സമുദായം പൊതുമണ്ഡലത്തിൽ നിന്ന് എങ്ങനെ സ്വയം ഉൾവലിഞ്ഞു അല്ലെങ്കിൽ മാറ്റിനിർത്തപ്പെട്ടു തുടങ്ങിയവയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ, ഭാവിയിൽ മുഖ്യധാരാവ്യവഹാരങ്ങളിൽ മുസ്‌ലിംകൾ എങ്ങനെ ഇടപെടണമെന്നതുമായി ബന്ധപ്പെട്ടുള്ള നിർദേശങ്ങൾ തുടങ്ങിയവയും പുസ്തകത്തിന്റെ പ്രധാന ഊന്നലുകളാണ്. പ്രാദേശിക ഇസ്‌ലാം പ്രാദേശിക പൊതുമണ്ഡലങ്ങളിൽ നടത്തുന്ന വ്യവഹാരങ്ങൾ ആഗോളപരമായി നിരവധി സാമ്യതകൾ പുലർത്തുണ്ട് എന്നത്, ഈ പുസ്തകവും അത് ഉൾക്കൊള്ളുന്ന പ്രാഥമികാവതരണങ്ങളും ഒരു രേഖാസ്രോതസ്സായി കണക്കാക്കി, സൈദ്ധാന്തികമായ നിരീക്ഷണപഠനങ്ങൾക്ക് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആറ്

അഞ്ച് ഭാഗങ്ങളായി വേർതിരിക്കപ്പെട്ട അവതരണങ്ങൾ ദൃശ്യമാധ്യമങ്ങളോട് സമൂഹവും സമുദായവും സ്വീകരിച്ച നിലപാടുകളെ ആരോഗ്യപരമായ വിമർശന വിശകലനത്തിന് വിധേയമാക്കുന്നുണ്ട്. പൊതുസമൂഹത്തിനകത്തും സാമുദായികവൃന്ദങ്ങൾക്കകത്തും ഒരുപോലെ ടെലിവിഷനടക്കമുള്ള ദൃശ്യമാധ്യമങ്ങൾ അകറ്റിനിർത്തപ്പെടേണ്ടതിന്റെ ആവശ്യകത ഉയർന്നിരുന്നു. സാംസ്കാരികവും സാമൂഹികവുമായ വിപത്തുകളായിരുന്നു ജെറി മാൻഡർ പോലുള്ളവർ ഉയർത്തിയിരുന്നതെങ്കിൽ, അതേ വിപത്തുകളെ മതാത്മകമായി വിലയിരുത്തിയായിരുന്നു സമുദായത്തിനകത്തെ നിലപാടുകൾ രൂപപ്പെട്ടത്. ഇന്ന് ടെലിവിഷനെ അംഗീകരിക്കുമ്പോഴും അതിൽ ഇടപെടുമ്പോഴും ആ പ്രതിലോമവശങ്ങളെ കാണാതിരിക്കുകയോ, മുമ്പെടുത്ത നയങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നില്ല ആരും. കാലത്തിന്റെയും ദേശത്തിന്റെയും ആവശ്യങ്ങൾ മാറിക്കൊണ്ടിരിക്കുമ്പോൾ നടുവിൽ നിൽക്കാനും നടുവിൽ ഓടാനും ആവശ്യമായ മാറ്റങ്ങൾ തങ്ങൾ ഉൾക്കൊള്ളുന്നു എന്നാണ് ആകർഷണീയമാംവിധം അവർ പറഞ്ഞുവെക്കുന്നത്.

ആദ്യഭാഗം, *നിലപാട്: പാരമ്പര്യത്തിന്റെ കരുതിവെയ്പുകൾ* ദൃശ്യമാധ്യമങ്ങളോട് മുമ്പ് സ്വീകരിച്ചിരുന്ന മതപരമായ നിലപാടുകൾ കാലാനുഗതമായി പരിഷ്കരിച്ചതിന്റെ പകർത്തിയെഴുത്താണ്. മാധ്യമങ്ങളോട് മുസ്‌ലിംസമുദായത്തിനകത്ത് നിലനിന്നിരുന്ന സമീപനങ്ങളിൽ ഭൂരിപക്ഷവും ശക്തമായ പണ്ഡിതവീക്ഷണങ്ങളിൽ നിന്ന് രൂപപ്പെട്ടതായിരുന്നു. നിശാപ്രഭാഷണങ്ങളിലും മിമ്പറുകളിലും പ്രസംഗപീഠങ്ങളിലും ടെലിവിഷൻ, സിനിമ എന്നിവക്കെതിരെ ശക്തമായ പ്രചരണപ്രഘോഷണങ്ങൾ വർഷങ്ങളിലൂടെ നടത്തിയിരുന്നു, മുൻകാല പാരമ്പര്യപാണ്ഡിത്യം. സിനിമ, മുമ്പ് വിശദീകരിച്ചത് പോലെ ചർച്ചകൾക്കപ്പുറത്ത് നിലനിന്നിരുന്നതുകൊണ്ടുതന്നെ, ടെലിവിഷനായിരുന്നു മിക്കപ്പോഴും ആക്രമിക്കപ്പെട്ടിരുന്നത്. പൊതുസമൂഹത്തിലും സ്ഥിതി മറിച്ചായിരുന്നില്ലല്ലോ. സിനിമയുടെ ദൃഷ്യവശങ്ങൾ വിശദീകരിക്കുന്ന ഒരു പുസ്തകം മലയാളത്തിൽ പ്രസിദ്ധീകൃതമായതായി അറിവില്ല. എന്നാൽ, ടെവിവിഷനെതിരെ ന്യായങ്ങൾ പലതു നിരത്തി കൃതികളും കവിതകളും കുറിപ്പെഴുത്തുകളും മുന്നോട്ടു വന്നിട്ടുണ്ട്. മതപരമായി മുസ്‌ലിംപണ്ഡിതവൃന്ദം സ്വീകരിച്ച സമീപനങ്ങൾ ഇന്ന് എങ്ങനെ പരിഷ്കരണത്തിന് വിധേയമാകുന്നു എന്ന് കാണിക്കുന്നു ഈ ഭാഗത്തെ മൂന്ന് ലേഖനങ്ങൾ.

ധാർമികപ്രചരണരംഗത്ത് മാധ്യമങ്ങളെ എങ്ങനെ ഉപയോഗപ്പെടു

ത്താം എന്നതിന്റെ മതപരമായ വീക്ഷണമാണ് കെ. ആലിക്കുട്ടി മുസ്‌ലിയാർ 'ഇടപെടലിന്റെ ആവശ്യകത: നവമാധ്യമങ്ങളും കർമശാസ്ത്രവീക്ഷണവും' എന്ന ലേഖനത്തിൽ അവതരിപ്പിക്കുന്നത്. 'നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് തന്ത്രവും സദുപദേശവും കൊണ്ട് നീ ജനങ്ങളെ ക്ഷണിക്കുക' എന്ന ദൈവവചനത്തിലെ തന്ത്രം, സദുപദേശം തുടങ്ങിയ സംജ്ഞകൾ ഓരോ കാലഘട്ടത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുമെന്നും ആധുനിക കാലത്ത് അവയിൽ ദൃശ്യമാധ്യമങ്ങൾ ഉൾപ്പെടുന്നുവെന്നും അദ്ദേഹം സമർഥിക്കുന്നു. ആഗോളതലത്തിൽ ചില മുസ്‌ലിം സംഘടനകളും വ്യക്തിപ്രസ്ഥാനങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന മതപരമായ ദൃശ്യമാധ്യമവ്യവഹാരങ്ങളെ സ്വാഗതം ചെയ്യുന്ന അദ്ദേഹം, കേരളത്തിലും ഇത്തരം ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട് എന്ന് എഴുതുന്നു. ചാനലുകളും ചലച്ചിത്രങ്ങളുമടക്കമുള്ള ദൃശ്യമാധ്യമങ്ങൾ തിന്മയുടെ ഉറവിടങ്ങളും വിളയിടങ്ങളുമാകുന്ന സമയത്ത് ധാർമികതയുടെ വെളിച്ചം വിതറാനാവുക എന്നതാണ് ഏറ്റവും വലിയ ഉത്തരവാദിത്തമെന്നും, ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും തെറ്റായ ചിത്രീകരണങ്ങളുടെ പശ്ചാത്തലത്തിൽ പ്രതിരോധാത്മകം എന്നതിലുപരി നിർമാണാത്മകം ആയിരിക്കണം പുതിയ ഇടപെടലുകളെന്നും ആലിക്കുട്ടി മുസ്‌ലിയാർ ഓർമപ്പെടുത്തുന്നു.

'മതപണ്ഡിത നിലപാടുകളികളിലെ കാലികത' എന്ന രണ്ടാം അധ്യായത്തിൽ ഓണമ്പിള്ളി മുഹമ്മദ് ഫൈസി ഉയർത്തുന്നത് പ്രധാനമായും രണ്ട് കാര്യങ്ങളാണ്. ഒന്ന്, ചാനൽരംഗത്തെ പുതിയ ഇടപെടലുകളുടെ പശ്ചാത്തലത്തിൽ ദൃശ്യമാധ്യമങ്ങൾക്കെതിരെ സമുദായനേതൃത്വം മുമ്പ് സ്വീകരിച്ചിരുന്ന നിലപാടുകൾക്ക് ഒരിക്കലും മാറ്റം സംഭവിക്കുന്നില്ല. മറിച്ച് കാലാനുഗതമായ പരിഷ്കരണം നടക്കുകയാണ് ചെയ്യുന്നത്. പുതിയ ഏത് സംരംഭത്തിനെതിരെയുമെന്നപോലെ ദൃശ്യമാധ്യമങ്ങൾക്കെതിരെയും തുടക്കത്തിൽ മുസ്‌ലിംകൾ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചു. എതിർപ്പുകൾ എപ്പോഴും കാലക്രമേണ മയപ്പെടാറുണ്ട്. അതാണ് ഇവിടെയും സംഭവിക്കുന്നത്. ദൃശ്യമാധ്യമങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് മുമ്പ് പറഞ്ഞതെല്ലാം അപ്പടി ഇപ്പോഴും നിലനിക്കുന്നുണ്ട്. അതേസമയം, അവ സമൂഹത്തിൽ അപ്രതിരോധ്യമാംവിധം സ്വാധീനം ചെലുത്തിത്തുടങ്ങുമ്പോൾ അവയെ എങ്ങനെ ക്രിയാത്മകമായും ധാർമികമായും ഉപയോഗപ്പെടുത്താം എന്ന അന്വേഷണമാണ് പുതിയ ഇടപെടലുകളിലേക്ക് നയിക്കുന്നതെന്ന് മുഹമ്മദ് ഫൈസി എഴുതുന്നു. മുമ്പത്തെ നിലപാടുകളിൽ നിന്നുള്ള മാറ്റമാണ് പുതിയ നീക്കങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത് ചരിത്രപരമായി തെറ്റായിരിക്കും എന്നും പറയുന്നു. രണ്ട്, എസ്.കെ.എസ്.എസ്.എഫിന്റെ ആഭിമുഖ്യത്തിൽ *ജീവൻ ടി.വി*യിൽ പ്രക്ഷേപണം ചെയ്തിരുന്ന 'ഖാഫില' പരിപാടിയുടെ അണിയറപ്രവർത്തകരാണ് *ദർശന* എന്ന ചാനലിന് മുൻകൈ എടുക്കുന്നത് എന്നതിനാൽ തന്നെ, ഇസ്‌ലാമിന്റെ

മഹിതമായ പാരമ്പര്യവും മൂല്യങ്ങളും ഉയർത്തിപ്പിടിക്കാൻ പുതുചാനൽ ശ്രദ്ധിക്കുമെന്ന പ്രതീക്ഷ പുലർത്തുന്നു ലേഖനത്തിന്റെ രണ്ടാം ഭാഗം. ചാനലുമായി സമസ്ത കേരള ജംഇയ്യത്തുൽ ഉലമക്കോ കീഴ്ഘടകങ്ങൾക്കോ ഔദ്യോഗികമായി യാതൊരു ബന്ധവുമില്ലെന്നും സമസ്ത വിദ്യാർഥിവിഭാഗത്തിന്റെ മുഖ്യകാര്യദർശിയായ അദ്ദേഹം പറഞ്ഞുവെക്കുന്നു.

ദൃശ്യമാധ്യമങ്ങളെന്നതിലുപരി കലാപ്രവർത്തനങ്ങളോട് പൊതുവെ മുസ്‌ലിം സമൂഹം സ്വീകരിച്ച സമീപനങ്ങളെ ചരിത്രാത്മകമായി വിലയിരുത്തുന്നു പി.എ. സ്വാദിഖ് ഫൈസി താനൂർ. 'സർഗസപര്യ: മുസ്‌ലിംകളുടെ സമ്മതം, വിസമ്മതം' എന്ന അധ്യായം മാറ്റമെന്ന പ്രതിഭാസം ഇസ്‌ലാമിക സമൂഹത്തിനിടയിൽ എങ്ങനെ രാസപ്രവർത്തനങ്ങൾക്ക് വിധേയമാകുന്നു എന്ന അന്വേഷണം തുടക്കത്തിലേ നടത്തുന്നു. ആദ്യം വിസമ്മതത്തിന്റെ ചുവപ്പുകൊടി കാണിക്കുകയും പിന്നീട് സമ്മതത്തിന്റെ പച്ചക്കൊടി കാണിക്കുകയും ചെയ്യുന്നതാണ് പാരമ്പര്യ ഇസ്‌ലാമിന്റെ ശൈലി. നാടകം, ചലച്ചിത്രം, കാർട്ടൂൺ തുടങ്ങിയ വിവിധങ്ങളായ ആവിഷ്കാര കലാരൂപങ്ങൾ മുസ്‌ലിം സമുദായത്തിനകത്ത് സ്വാധീനം ചെലുത്താതിരുന്നത് എന്തുകൊണ്ടാണെന്നും, ഇന്ന് അവ എങ്ങനെ സമുദായത്തിനകത്തേക്ക് കടന്നുവരുന്നുവെന്നും സ്വാദിഖ് ഫൈസി സമർഥിക്കുന്ന കാരണങ്ങൾ ചരിത്രപരമായ വ്യത്യസ്ത വീക്ഷണങ്ങൾ ക്ഷണിച്ചുവരുത്തുന്നുണ്ട്. ക്രിയാത്മകമായ ഇടപെടലുകൾ ചലച്ചിത്രരംഗമടക്കമുള്ള മേഖലകളിൽ ആവശ്യമാണെന്ന അദ്ദേഹത്തിന്റെ ഉപസംഹാരം, പാരമ്പര്യരീതിശാസ്ത്രങ്ങളെ ഉയർത്തിപ്പിടിക്കാനുള്ള ഏറ്റവും അനുഗുണമായ മാർഗമാണ് മാധ്യമങ്ങളെന്ന നിരീക്ഷണത്തിൽ നിന്നുൾത്തിരിയുന്നതാണ്.

ദൃശ്യമാധ്യമരംഗത്തെ സാമുദായികവും മതപരവുമായ ഇടപാടുകളുടെ വ്യത്യസ്തഭാഷ്യങ്ങളാണ് രണ്ടാം ഭാഗം *ഇടപെടൽ: ക്രിയാത്മകതയുടെ ചുവടുകൾ* ഉൾക്കൊള്ളുന്നത്. പരമ്പരാഗതമായ എതിർപ്പുകൾ വേണ്ടത്ര മാഞ്ഞുപോയിട്ടില്ലാത്ത ഒരു പശ്ചാത്തലത്തിൽ ദൃശ്യമാധ്യമങ്ങളിൽ സ്വന്തമായ ഇടങ്ങൾ കണ്ടെത്താൻ കച്ചകെട്ടിയിറങ്ങിയ ചേകവപരിവേഷം കൽപിക്കപ്പെടാവുന്നവരാണ് ഈ ഭാഗത്ത് എഴുതുന്നത്. നാലു ലേഖനങ്ങളിൽ രണ്ടെണ്ണം ഒരു ദശാബ്ധത്തിലധികമായി പ്രവർത്തന രംഗത്തുള്ളവരുടേതാണെങ്കിൽ മറ്റു രണ്ടെണ്ണം 'പുതുക്കച്ച' ധരിച്ചവരുടേതാണ്. ഈ വാക്കുകൾ ശ്രദ്ധേയമാകുന്നത്, തങ്ങളുടെ മാധ്യമങ്ങളിലൂടെ അവർ എന്തുചെയ്തു/ചെയ്യും എന്നതിനെക്കാളേറെ അവർ ദൃശ്യമാധ്യമങ്ങളെ സമുദായത്തിനകത്തേക്ക് കൊണ്ടുവരികയും ജനകീയവൽക്കരിക്കുകയും ചെയ്തു എന്ന തലത്തിലാണ്. സ്വന്തമായ തട്ടകങ്ങൾ വ്യത്യസ്തമാണെങ്കിൽ പോലും, അവർ സമുദായത്തിനും സമൂഹത്തിനും സമക്ഷം അറിയപ്പെടുന്നതും ഒരുപരിധി വരെ വാഴ്ത്തപ്പെടുന്നതും ദൃശ്യമാധ്യ

മരംഗത്ത് തങ്ങൾ പതിപ്പിക്കുന്ന മുദ്രകളുടെ പേരിലാണ്. മൂന്ന് ലേഖനങ്ങൾ ചാനൽരംഗത്തെ പ്രതിനിധീകരിക്കുന്നുവെങ്കിൽ, സലാം കൊടിയത്തൂർ പ്രതിനിധീകരിക്കുന്നത് അദ്ദേഹത്തെത്തന്നെയാണ്.

ഇന്ത്യാവിഷൻ എന്ന ചാനലിന് ആവിർഭാവസമയത്ത് സാമുദായികമായ ചില ലേബലുകൾ കൽപിക്കപ്പെടുകയോ കരുതപ്പെടുകയോ ചെയ്തിരുന്നു. പ്രായോഗികതലത്തിൽ അവ പലതരത്തിലും സാക്ഷാൽക്കരിക്കപ്പെട്ടില്ലെങ്കിലും, ചിലപ്പോഴൊക്കെ സാമുദായിക താൽപര്യങ്ങളെ അനാവശ്യമായി ഹനിക്കുക വരെ ചെയ്തെങ്കിലും സംസ്ഥാപനപരമായി അതിന്റെ ലക്ഷ്യം ശുദ്ധമായിരുന്നുവെന്നാണ് ഡോ. എം.കെ മുനീർ 'രചനാത്മകമായ അതിജീവനത്തിന്റെ ദൃശ്യാവിഷ്കാരതലങ്ങൾ' എന്ന അധ്യായത്തിൽ പറയുന്നത്. എംബഡഡ് ജേണലിസത്തിന്റെ കാലത്ത്, ജൂതശക്തികളും പാശ്ചാത്യതാൽപര്യങ്ങളും നമ്മുടെ ചിന്താധാരകളെയും കാഴ്ചകളെയും നിയന്ത്രിക്കുന്ന സമയത്ത്, സ്വന്തമായ അസ്തിത്വവും ക്രിയാത്മകതയും ഉയർത്തിപ്പിടിക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി. ഇസ്‌ലാമും മുസ്‌ലിംകളും മാധ്യമങ്ങളിൽ വ്യവസ്ഥാപിതമായി ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുതന്നെ, ആ രംഗത്തുള്ള അവരുടെ ശക്തമായ അസാന്നിധ്യം മൂലമാണ്. സാമുദായികമായ മുൻകൈയെടുക്കലുകൾ ഇതിന് പരിഹാരമാകുമെന്നും അതിനായിരിക്കണം നമ്മുടെ ശ്രമങ്ങളെന്നും ഡോ. മുനീർ പറയുന്നു. ഏറ്റവും ചുരുങ്ങിയത്, ഇസ്‌ലാമിനെതിരെ വരുന്ന വെല്ലുവിളികൾക്കെതിരെ നിർമാണാത്മകമായി ഇടപെടാൻ കഴിഞ്ഞില്ലെങ്കിലും പ്രതിരോധാത്മകമായി നിലയുറപ്പിക്കാനെങ്കിലും നമ്മുടെ സംരംഭങ്ങൾക്ക് കഴിയണമെന്ന് അദ്ദേഹം ഉപസംഹരിക്കുന്നു.

പുതുതായി രംഗത്തെത്തുന്ന *ദർശന* ചാനലിനെ പ്രതിനിധീകരിക്കുന്നു തുടർന്നുള്ള രണ്ട് അധ്യായങ്ങൾ; സ്വാദിഖലി ശിഹാബ് തങ്ങളുടെ 'തിരിച്ചറിവുകൾ നൽകിയ നവസംരംഭം', സിദ്ദീഖ് ഫൈസി വാളക്കുളത്തിന്റെ 'ധാർമികതയുടെ ചാനൽ: നിലവിലെ ദൃശ്യസംസ്കാരത്തിനൊരു തിരുത്ത്'. സനാതന മൂല്യങ്ങളുമായി പൊരുത്തപ്പെടാത്ത തരത്തിലുള്ള ദൃശ്യമാധ്യമരംഗത്തെ സമകാലിക പ്രവണതകൾക്കിടയിൽ പ്രേക്ഷകർക്ക് നന്മയുടെ സന്ദേശം പകർന്നുനൽകാനായിരിക്കും തങ്ങളുടെ ചാനലിന്റെ ശ്രമമെന്ന് ഇവർ അടിവരയിടുന്നു. കേവലമായ മുദ്രാവാക്യങ്ങൾക്കും പ്രകടനപരതയ്ക്കുമപ്പുറം പ്രായോഗിതലത്തിൽ വരെ സ്നേഹത്തിന്റെയും കരുണയുടെയും പ്രചാരകരും സന്ദേശവാഹകരുമാകാനാണ് ചാനലിന്റെ ശ്രമം. പ്രകൃതിസംരക്ഷണം പോലുള്ള വിഷയങ്ങളിൽ ബോധവൽക്കരണപ്രവർത്തനങ്ങൾ വരെ നടത്താനും പ്രായോഗികമായി ഇടപെടാനും ചാനൽ മുന്നോട്ടുവരുമെന്ന് സിദ്ദീഖ് ഫൈസി എഴുതുന്നു. മതപരമോ സാമുദായികമോ ആയ മാറ്റിനിർത്തലുകളിൽ പൊറുതിമുട്ടിയിരുന്ന

ന്യൂനപക്ഷവിഭാഗങ്ങൾക്ക് പ്രതീക്ഷയുടെ പുതുനാമ്പുകൾ നൽകാനും, മാറ്റിനിർത്തപ്പെട്ടവരുടെ നാവായി നിലകൊള്ളാനും അവകാശങ്ങൾക്ക് വേണ്ടി പോരാടാനും *ദർശന* മുന്നിലുണ്ടാകും. സമസ്ത കേരള സുന്നി സ്റ്റുഡന്റ്സ് ഫെഡറേഷന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന 'ഖാഫില' പരിപാടിയാണ് അടിസ്ഥാനപരമായി തങ്ങൾക്ക് ഊർജം പകർന്നതെന്നും, ദൃശ്യമാധ്യമരംഗത്തെ തമോഗർത്തങ്ങൾ പ്രകടമാക്കിത്തന്നതെന്നും ഈ ലേഖനങ്ങൾ ഉറക്കെപ്പറയുന്നു.

സലാം കൊടിയത്തൂർ അദ്ദേഹത്തെത്തന്നെയാണ് പ്രതിനിധീകരിക്കുന്നതെന്ന് പറഞ്ഞു നമ്മൾ. മേൽപ്പറഞ്ഞ ലേഖനങ്ങൾ പ്രധാനമായും ചാനൽരംഗത്തെ ഇടപെടലുകളെ തങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുന്നവയായിരുന്നു. എന്നാൽ, ഹോംസിനിമ എന്ന ദൃശ്യമാധ്യമജനുസ്സിലെ അനുഭവങ്ങളെയും ആവിഷ്കാരങ്ങളെയും മുൻനിർത്തിയുള്ള വിശകലനമാണ് 'വിശാലമാണ് മാധ്യമം: അനുഭവസാക്ഷ്യങ്ങൾ' എന്ന അധ്യായത്തിൽ. ടെലിഫിലിമുകൾ/ഹോംസിനിമകൾ മലബാറിൽ ഒരു പ്രസ്ഥാനം കണക്കെ ജനകീയവൽക്കരിക്കുന്നതിൽ അനിഷേധ്യമായ പങ്ക് വഹിക്കുകയും, അവയുടെ പര്യായമെന്നോണം തന്റെ പേര് പ്രതിപാദിക്കപ്പെടുന്നിടം വരെ പൊതുസ്വീകാര്യത നേടുകയും ചെയ്ത സലാം കൊടിയത്തൂർ, ടെലിഫിലിമുകളുടെ പ്രാദേശികവൽകൃത മൊഴിവഴക്കമായ 'കൊടിയത്തൂർചിത്രം' എന്ന ജനുസ്സിനെയല്ലാതെ മറ്റാരെയാണ് പ്രതിനിധീകരിക്കുന്നത്! ഒരു ദശാബ്ധത്തിലധികം നീണ്ട ആവിഷ്കാരസപര്യക്കിടയിലെ അനുഭവങ്ങളുടെ വെളിച്ചത്തിലുള്ള എഴുത്താണ് അദ്ദേഹത്തിന്റേത്. കർമശാസ്ത്രപരമായും പരമ്പരാഗതവീക്ഷണപരമായും അഭിപ്രായവൈവിധ്യങ്ങൾ പലതും പറയപ്പെടാമെങ്കിലും, സാധാരണക്കാർക്കിടയിൽ അവ ചെലുത്തിയ സ്വാധീനവും ഉളവാക്കിയ ആനന്ദവും ഏതൊരു പ്രതിഷേധസ്വരത്തെയും ഇല്ലായ്മ ചെയ്യുന്നതായിരുന്നു. മാപ്പിളപ്പാട്ടുകളെ മലബാറുകാർ എത്രത്തോളം ഏറ്റെടുത്തോ, അത്രതന്നെ സ്വീകാര്യത കൊടിയത്തൂർചിത്രങ്ങളും അതേ മാതൃകകൾ പിന്തുടർന്നുള്ള നിരവധി ദൃശ്യരചനകളും നേടിയെടുത്തിട്ടുണ്ട്.[47] നന്മയുടെ സന്ദേശം നൽകുന്ന ചിത്രങ്ങളത്രയും ജനങ്ങൾ ഇരുകൈയും നീട്ടി സ്വീകരിക്കുമെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ സലാം കൊടിയത്തൂർ സാക്ഷ്യപ്പെടുത്തുന്നു. വിഭാഗീയമോ മതകീയമോ ആയ പ്രത്യേകം ലേബലുകൾ എടുത്തണിയാത്തിനാൽ തന്നെ തന്റെ സൃഷ്ടികൾക്ക് ഏതുവീട്ടിലും കടന്നുചെല്ലാനും ചെറുതല്ലാത്ത വിധം സ്വാധീനങ്ങൾ സൃഷ്ടിക്കാനും കഴിയുന്നുണ്ടെന്ന് പറയുന്നു അദ്ദേഹം.

സമുദായത്തിനകത്തും പുറത്തുമുള്ളവരുമായി സംവദിക്കുന്നതിൽ മുസ്‌ലിംമാധ്യമങ്ങൾ കാണിക്കുന്ന ബോധപൂർവമോ അബോധപൂർവമോ ആയ വിമുഖതയെ അടയാളപ്പെടുത്തുന്നു മൂന്നാം ഭാഗം *ബഹുസ്വരത: പൊതുമണ്ഡലത്തിന്റെ ഭാഷയും ഭാഷണവും*. സമുദായത്തിന്

പുറത്തുള്ള പൊതുസമൂഹമെന്ന വലിയ വൃന്ദത്തെ ഒട്ടും പരിഗണിക്കാറില്ല മുസ്‌ലിമിന്റെ മിക്ക എഴുത്തുകളും വാക്കുകളും ഇടപാടുകളും. കഴിഞ്ഞ നൂറ്റാണ്ടിനിടയിൽ മുസ്‌ലിംകൾ നടത്തിയ ബൗദ്ധിക-സാംസ്കാരിക വ്യവഹാരങ്ങളിൽ മിക്കതിലും പൊതുസമൂഹത്തിന് വലിയ തോതിൽ പ്രവേശനമുണ്ടായിരുന്നില്ല. തങ്ങൾക്ക് മാത്രം മനസ്സിലാകുന്ന ഭാഷയിൽ, തങ്ങളുടെ ആവശ്യങ്ങൾ മാത്രം സംസാരിച്ചുകൊണ്ടിരുന്ന മുസ്‌ലിംകൾ പൊതുസമൂഹം ഇവ്വിഷയകമായി എന്ത് കരുതുമെന്നോ ചിന്തിക്കുന്നുവെന്നോ മിക്കപ്പോഴും ആലോചിച്ചിട്ടില്ല. അത്തരമൊരു വായന സാധ്യമാക്കുന്നു ഈ ഭാഗത്തെ എഴുത്തുകൾ. സാമുദായികമായ ആലോചനകൾ മാറ്റിനിർത്തപ്പെടണമെന്നല്ല അവ പറയുന്നത്, മറിച്ച് മറ്റുള്ളവരെക്കൂടി പരിഗണിക്കണമെന്ന് വളരെ ലളിതമായി പറയാവുന്ന ഒരു നിരീക്ഷണം.

വളരെ വ്യത്യസ്തങ്ങളായ വീക്ഷണങ്ങൾ കൊണ്ട് സമ്പുഷ്ടമാണ് സിവിക് ചന്ദ്രന്റെ 'മതത്തിനും മതേതരത്വത്തിനുമിടയിലെ മുസ്‌ലിം: മാധ്യമങ്ങളിൽ നിന്നുള്ള പാഠങ്ങൾ' എന്ന ലേഖനം. പൊതുസമൂഹം മുസ്‌ലിംകളുടെ സാംസ്കാരിക-ബൗദ്ധിക വ്യവഹാരങ്ങളെ എങ്ങനെ നോക്കിക്കാണുന്നുവെന്ന് നേരെചൊവ്വെ വ്യക്തമാക്കുന്നതോടൊപ്പം മാറ്റങ്ങൾ ഉണ്ടാവണമെന്ന ശക്തമായ ആവശ്യം ഉന്നയിക്കുകയും ചെയ്യുന്നു അദ്ദേഹം. *ചന്ദ്രിക* അടക്കമുള്ള മുസ്‌ലിം പ്രസിദ്ധീകരണങ്ങൾക്ക് പൊതുസമൂഹത്തിൽ ഇടപെടാനോ പൊതുസമൂഹത്തിൽ സ്വന്തമായി ഒരിടം കണ്ടെത്താനോ കഴിഞ്ഞിട്ടില്ല. അത്തരമൊരു വീക്ഷണകോണിൽ പ്രിന്റ് മീഡിയയിലെ മുസ്‌ലിംകളുടെ വ്യവഹാരങ്ങൾ വലിയ പരാജയമാണ്. പൊതുസമൂഹവുമായി ഏറെ അടുത്തുനിൽക്കുന്ന *മാധ്യമം* പക്ഷേ, ഒരു നെഗറ്റീവ് ഐഡിയലിസം ഉയർത്തിപ്പിടിച്ച്, തീവ്ര മതേതര നിലപാടുകൾ സ്വീകരിച്ച്, പലപ്പോഴും സമുദായത്തിന്റെ താൽപര്യങ്ങൾ ബലികഴിക്കുകയാണ് ചെയ്തത്. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഒരു ന്യൂനപക്ഷത്തിന് അതിന്റെ ആപൽസന്ധികളിൽ പോലും പിന്തുണ നൽകാൻ *മാധ്യമം* പത്രത്തിനോ ആഴ്ചപ്പതിപ്പിനോ കഴിഞ്ഞില്ല. അവർ അതിന് തയ്യാറായില്ല എന്നതാണ് യാഥാർഥ്യം. *ഇന്ത്യാവിഷന്റെ* കാര്യവും മറിച്ചല്ല. ഇത്തരം വിഷയങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ടായിരിക്കണം ദൃശ്യമാധ്യമങ്ങളിലെ പുതിയ ഇടപെടലുകളെന്ന് സിവിക് ചന്ദ്രൻ നിരീക്ഷിക്കുന്നു. സുന്നീപണ്ഡിതർ ദൃശ്യമാധ്യമങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച നിലപാടുകളെ വ്യക്തമായി ന്യായീകരിക്കുകയും, യാഥാർഥ്യബോധമുള്ള ഒരു നേതൃത്വത്തിനേ അത്തരം നിലപാടുകൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് സമർഥിക്കുകയും ചെയ്യുന്നുണ്ട് അദ്ദേഹം. ദൃശ്യമാധ്യമങ്ങളോടുള്ള നിലപാടുകളുടെ പേരിൽ പഴി കേൾക്കുകയും, പുതിയ ഇടപെടലുകളുടെ പശ്ചാത്തലത്തിൽ പരിഹാസവിധേയരാകുകയും ചെയ്യുന്ന പാരമ്പര്യമുസ്‌ലിം സമൂഹത്തിന് ബൗദ്ധികമായ വലിയ പിന്തുണ നൽകുന്നുണ്ട് അദ്ദേഹത്തിന്റെ വാക്കുകൾ.

ദൃശ്യമാധ്യമങ്ങൾക്ക് മുസ്‌ലിംകൾക്കിടയിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സ്വീകാര്യതയും അവയോട് മുസ്‌ലിംനേതൃത്വം കാണിക്കുന്ന പ്രതിപത്തിയും കേവലമൊരു നിലപാടുമാറ്റമെന്ന് വിശേഷിപ്പിക്കുന്നതിനെ തിരസ്കരിച്ചുകൊണ്ടാണ് പി.പി. രജീഷ്കുമാറിന്റെ 'പൊതുമണ്ഡലത്തിലെ മുസ്‌ലിംപ്രതിനിധാനങ്ങൾ' എന്ന ലേഖനം ആരംഭിക്കുന്നത്. സാമൂഹ്യപൊതുമണ്ഡലത്തിൽ നിന്നും ചരിത്രപരമായ പല കാരണങ്ങളിലൂടെയും മാറ്റിനിർത്തപ്പെടുകയോ സ്വയം ഉൾവലിയുകയോ ചെയ്തിട്ടുണ്ട് കഴിഞ്ഞ പതിറ്റാണ്ടുകളിൽ മുസ്‌ലിംകൾ. രണ്ടുതരത്തിലാണ് മുഖ്യധാരയിൽ നിന്നുള്ള അവരുടെ ബഹിർഗമനങ്ങൾ: ഒന്ന്, ആഗോളതലത്തിൽ ഇസ്‌ലാമിനെതിരെയും മുസ്‌ലിംകൾക്കെതിരെയും നടന്ന അപരവൽക്കരണശ്രമങ്ങൾ കേരളപൊതുസമൂഹത്തിലും ചെറുതല്ലാത്ത അനുരണനങ്ങൾ സൃഷ്ടിക്കുകയും തദ്വാരാ മുസ്‌ലിംകൾ സംശയത്തിന്റെ നിഴലിൽ നിർത്തപ്പെടുകയും അവരുമായി ബന്ധപ്പെട്ടവയെല്ലാം രണ്ടാംകിടയായി ചിത്രീകരിക്കപ്പെടുകയും ചെയ്തു. രണ്ട്, ഇന്ത്യാവിഭജനവും തുടർന്നുണ്ടായ രാഷ്ട്രീയ സാമുദായിക പരിണാമങ്ങളും സൃഷ്ടിച്ച ആഘാതത്തിൽ മുസ്‌ലിംകൾ സ്വയം ഉൾവലിയുകയും അവരുടെ നേതൃത്വം സമുദായത്തിനകത്തെ പരിഷ്കരണപ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധ ഊന്നുകയും ചെയ്തു. പൊതുസമൂഹവുമായി മുഖ്യധാരയിൽ നിലയുറപ്പിച്ചുള്ള വ്യവഹാരങ്ങൾ അതുവഴി അവർക്ക് അന്യമായി. ഇവ രണ്ടും ചരിത്രത്തിന്റെ ആവർത്തനങ്ങളായിരുന്നു. കൊളോണിയൽ ശക്തികൾക്കെതിരെ പോരാടിയ മുസ്‌ലിംകളെ അവരുടെ ഉദ്ദേശ്യശുദ്ധിയും മറ്റും ചോദ്യം ചെയ്ത് അപരവൽക്കരിച്ചതുപോലെയുള്ള ചരിത്രയാഥാർഥ്യങ്ങളുടെ ആവർത്തനങ്ങൾ. ഇത്തരം നിഷേധാത്മകപ്രവണതകൾക്കെതിരെ മുസ്‌ലിംകൾ സ്വീകരിക്കുന്ന ബോധപൂർവമായ പരിഹാരക്രിയകളാണ് ദൃശ്യമാധ്യമരംഗത്തും മറ്റുമുള്ള അവരുടെ നവ ഇടപെടലുകളെന്ന് രജീഷ്കുമാർ നിരീക്ഷിക്കുന്നു. ഈ പുതുസംരംഭങ്ങളുടെ നിർവഹണവഴികളിൽ പൊതുസമൂഹവുമായി സംവദിക്കാനും, മുസ്‌ലിം സമുദായത്തിനപ്പുറത്തുള്ള സമുദായങ്ങളെക്കുറിച്ച് അബോധമണ്ഡലത്തിലെങ്കിലും ബോധവും തിരിച്ചറിവും സൂക്ഷിക്കാനും മുസ്‌ലിംകൾ തയ്യാറാകേണ്ടതുണ്ടെന്ന് അദ്ദേഹം ഉപസംഹരിക്കുന്നു.

പൊതുസമൂഹവുമായി ഇടപഴകുന്നതിൽ ഭാഷ വഹിക്കുന്ന പങ്കിനെക്കുറിച്ച് ചരിത്രപരമായ വിശകലനങ്ങളുടെ പശ്ചാത്തലത്തിൽ എഴുതുകയാണ് ഷഫീക്ക് വഴിപ്പാറ. 'പൊതുമണ്ഡലം ആവശ്യപ്പെടുന്ന ദൃശ്യമാധ്യമഭാഷയും സംസ്കാരവും' എന്ന അധ്യായം പ്രധാനമായും അന്വേഷിക്കുന്നത് മുസ്‌ലിംപ്രസിദ്ധീകരണങ്ങളുടെ ഇതുവരെയുള്ള ഭാഷ എത്രത്തോളം പക്ഷപാതപരമായിരുന്നുവെന്നും പൊതുസമൂഹത്തിൽ നിന്ന് എത്രത്തോളം അകലം പാലിച്ചിരുന്നുവെന്നുമാണ്. മതപരമോ സാമുദായികമോ ജാതീയമോ ആയ താൽപര്യങ്ങളോടെ സ്വാതന്ത്ര്യപൂർവ കാലത്ത് തുടങ്ങിയ മിക്ക മലയാളപ്രസിദ്ധീകരണ

ങ്ങളും അമ്പതുകളോടെ പൊതുസമൂഹത്തെ അഭിസംബോധന ചെയ്തുള്ള ഒരു സ്വാഭാവിക വളർച്ച നേടിയിരുന്നു. മുസ്‌ലിംപ്രസിദ്ധീകരണങ്ങൾ പക്ഷേ അത് നേടിയില്ല. ഇത്തരം പ്രവണതകൾ ഇന്നും തുടരുന്നത്, സ്ഥാപിത ലക്ഷ്യങ്ങൾ വേണ്ടതുപോലെ നിറവേറ്റപ്പെടാതിരിക്കാനും പ്രസിദ്ധീകരണങ്ങളത്രയും കേവലം കടലാസുകൂട്ടങ്ങളായി ചുരുങ്ങാനും മാത്രമേ വഴിവെക്കൂ. ഇത്തരമൊരു നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഷഹീക്ക് ചാനൽരംഗത്ത് ഇടപെടലിനൊരുങ്ങുന്ന മുസ്‌ലിംശ്രമങ്ങളെ വിലയിരുത്തുന്നത്. സ്ത്രീ എന്ന രൂപകത്തെ സാമുദായിക പൊതുമനസ്സ് എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ടെന്നും, വൈകാരികത എത്രത്തോളം മുസ്‌ലിംപ്രതികരണങ്ങളിൽ നിന്ന് വിട്ടുപോയിട്ടുണ്ടെന്നുമുള്ള ചോദ്യങ്ങളുയർത്തുന്നു. പൊതുസമൂഹം നിശ്ചിതമതത്തിന്റെ ചിഹ്നങ്ങളെ എങ്ങനെ അരികുവൽക്കരിക്കുന്നെന്നും പൊതുസമൂഹമനസ്സ് ചില കാര്യങ്ങളിൽ എത്രത്തോളം സങ്കുചിതമാണെന്നും അദ്ദേഹം പരിശോധിക്കുന്നുണ്ട്.

'ഇനിയും തെളിഞ്ഞിട്ടില്ലാത്ത സമുദായം: ആത്മവിചിന്തനത്തിന്റെ ചുരുക്കെഴുത്ത്' എന്ന റഹീക്ക് തിരുവള്ളൂരിന്റെ ലേഖനം രണ്ട് ഭാഗങ്ങൾ ഉൾക്കൊള്ളുന്നു. മാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ മുസ്‌ലിംകൾ സൂക്ഷിക്കേണ്ട അതിരുകളെയും സാധ്യതകളെയും അവരുടെ തന്നെ പിഴവുകളുടെ വെളിച്ചത്തിൽ സാക്ഷ്യപ്പെടുത്തുന്നു രണ്ടു ഭാഗങ്ങളും. ആദ്യഭാഗം ദൃശ്യമാധ്യമങ്ങളിലെ മുസ്‌ലിംപിഴവിനെ വളരെ പ്രതീകാത്മകവും ബിംബാത്മകവുമായി അവതരിപ്പിക്കുന്നു. എൽ.സി.ഡി. എന്ന മാധ്യമത്തെ മുസ്‌ലിംവിഭാഗീയത സമകാലികപശ്ചാത്തലത്തിൽ വിമർശനർഹമാംവിധം ഉപയോഗപ്പെടുത്തുകയുണ്ടായി കഴിഞ്ഞ പതിറ്റാണ്ടു മുതൽ. ഒരു കാലത്ത് എതിർത്തിരുന്ന ദൃശ്യമാധ്യമങ്ങളുടെ ഇരുട്ടും വെളിച്ചവും തെളിച്ചവും, ആരിലും നീരസം ജനിപ്പിക്കും വിധം മുസ്‌ലിം സമുദായനേതൃത്വം 'നിഷിദ്ധമായ' തരത്തിൽ ആഘോഷമാക്കുന്നതിനെ പുത്തൻ സാങ്കേതികവിദ്യയുടെ ധൂർത്തെന്നാണ് റഹീക്ക് വിശേഷിപ്പിക്കുന്നത്. എൽ.സി.ഡി. കണ്ടെത്തിയ ശാസ്ത്രം എപ്പോഴും മുന്നോട്ടുപോകാൻ വെമ്പുമ്പോൾ, അതുപയോഗിക്കുന്ന മതവിഭാഗം പിന്നെയും പിന്നോട്ടുപിന്നോട്ടു പോകാനാണ് തുനിയുന്നത്. പതിറ്റാണ്ടുകളായി കേരളീയ മുസ്‌ലിംകൾക്കിടയിൽ നടന്നുകൊണ്ടിരിക്കുന്ന അവാന്തരവിഭാഗീയ ചർച്ചകളുടെ വീഞ്ഞ് പുതിയ കുപ്പിയിലാക്കി വിപണനം ചെയ്യുകയാണ് എൽ.സി.ഡി. വാഹകർ. ദാരിദ്ര്യനിർമാർജനം, ദുരിതപരിഹാരം, വിദ്യാഭ്യാസകാര്യങ്ങൾ, പൊതുജനക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങി പ്രകടനപരതയില്ലാതെ സമുദായത്തിന്റെയും സമൂഹത്തിന്റെയും ദൈനംദിന ആവശ്യങ്ങളിൽ ഇടപെടാനൊന്നും ഒരുക്കമല്ലാത്ത സംഘടനാനേതൃത്വം ഇപ്പോഴും വിഭാഗീയ ചർച്ചകൾ എൽ.സി.ഡികളിലൂടെ കൊഴുപ്പിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ സാധാരണജനങ്ങൾ, സമുദായത്തിനകത്തുനിന്നാ

യാലും പൊതുസമൂഹത്തിൽ നിന്നായാലും, പ്രതികരിക്കുമെന്നുറപ്പാണ്. 'ഈ അങ്ങാടിയിൽ എൽ.സി.ഡി ഉപയോഗിച്ചുള്ള മതപരമായ വാദപ്രതിവാദങ്ങൾ അവസാനിപ്പിക്കേണ്ടതാണ്; ഇനിയും അങ്ങനെ ചെയ്യുന്നവരുടെ എൽ.സി.ഡി ഞങ്ങൾ കേടുവരുത്തുന്നതാണ്' എന്ന് വളരെ ലളിതമായി, എന്നാൽ ഗൗരവത്തോടെ, പൂക്കോട്ടൂരങ്ങാടിയിൽ പ്രത്യക്ഷപ്പെട്ട നോട്ടീസ് ജനങ്ങൾക്ക് ഇത്തരം വിഷയങ്ങളിൽ എത്രത്തോളം താൽപര്യമുണ്ടെന്ന് ശരിക്കും വിളിച്ചറിയിക്കുന്നു. കൂടെ, നേതാക്കൾ ആവർത്തിക്കുന്ന പിഴവ് അനുയായികൾ തിരുത്താൻ എങ്ങനെ മുന്നോട്ടുവരുമെന്നും കാണിക്കുന്നു. വരികൾക്കിടയിലൂടെ ഇത് വിരൽ ചൂണ്ടുന്നത്, പുതിയ അങ്കത്തിനൊരുങ്ങുന്ന ചാനൽശ്രമങ്ങൾ കൂടി ജനങ്ങൾക്ക് താൽപര്യമില്ലാത്ത ഇത്തരം വിഷയങ്ങളിൽ ഇടപെട്ടാൽ ചാനലെന്ന 'എൽ.സി.ഡി ഞങ്ങൾ (ജനങ്ങൾ) കേടുവരുത്തുന്നതാണ്' എന്നതിലേക്കാണ്. രണ്ടാം ഭാഗം, കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി കേരളഇസ്‌ലാം കുടുങ്ങിക്കിടക്കുന്ന ചില കുരുക്കുകളെ അഴിച്ചിടാനുള്ള ശ്രമങ്ങളാണ്. മാധ്യമങ്ങളിൽ ജീവിക്കാൻ താൽപര്യപ്പെടുന്ന മുസ്‌ലിംസമുദായത്തിന്റെ സംഘടനാരൂപങ്ങൾ, തങ്ങളുടെ ഓരോ ചലനങ്ങളും ഒരു വാർത്തയാക്കാൻ വെമ്പൽ കൊള്ളുന്നു. എന്നാൽ, മീഡിയ മുസ്‌ലിംകളെ വാർത്തയാക്കുന്നത് അവരുടെ വൈകാരികതലങ്ങളെ പരമാവധി ചൂഷണം ചെയ്തുകൊണ്ടാണ്. അത് തിരിച്ചറിയാത്ത മുസ്‌ലിം പൊതുമനസ്സ് പ്രകോപിതമായും പ്രലോഭിതമായും കബളിപ്പിക്കപ്പെടാൻ പറ്റിയ ഒരു പറ്റമായി നിന്നുകൊടുക്കുന്നു. വാർഷിക മഹാസമ്മേളനങ്ങൾ പോലുള്ള കേരളഇസ്‌ലാമിന്റെ സ്വന്തം സവിശേഷതകൾ പലപ്പോഴും ഒരു പ്രയോജനവും തിരികെത്തരാത്തവയാണെന്നുള്ള തിരിച്ചറിവ് നേടാൻ വൈകാരികതയിൽ അധിഷ്ഠിതമായ അവരുടെ ആൾക്കൂട്ടമനസ്സ് സമ്മതിക്കുന്നില്ല. ഇത്തരം പ്രക്ഷുബ്ധപ്രളയങ്ങളുടെ തുടർച്ചയായിരിക്കുമോ മാധ്യമപ്രതിനിധാനങ്ങളുടെ പുതിയ അവതരണങ്ങളും എന്ന് സംശയിക്കാം. മറ്റു സമുദായങ്ങൾ കാര്യങ്ങൾ മാനേജ് ചെയ്യുന്നതിലും ആവശ്യങ്ങൾ നേടിയെടുക്കുന്നതിലും കാണിക്കുന്ന സാമർഥ്യം, സ്വയം ഉണ്ടാക്കുന്ന ബഹളങ്ങളിൽ ജീവിക്കുന്ന മുസ്‌ലിംകൾ ഉൾക്കൊള്ളുകയും മാധ്യമവഴികളിൽ ഇസ്‌ലാം നിർദേശിക്കുന്ന മധ്യമവഴിയിലധിഷ്ഠിതമായ തെരഞ്ഞെടുപ്പുകൾക്ക് സന്നദ്ധമാകുകയും ചെയ്യേണ്ടതുണ്ടെന്ന് റഫീക്ക് നിരീക്ഷിക്കുന്നു.

നവാസ് നിസാറിന്റെ 'ദൃശ്യമാധ്യമമെന്ന ഇരട്ടത്തലയൻ ജീവി', സമൂഹത്തിൽ ചാലക ശക്തിയായിരുന്ന ദൃശ്യമാധ്യമങ്ങൾ സമ്മർദ ശക്തിയായി വികാസപ്പെട്ടത് വിശകലനം ചെയ്യുകയും, അവയുടെ സസൂക്ഷ്മമായ ഉപയോഗപ്പെടുത്തൽ പ്രദാനം ചെയ്യുന്ന ബദൽവീക്ഷണകോണുകളുടെ സാധ്യത മുന്നോട്ടുവെക്കുകയും ചെയ്യുന്നു. വാർത്ത, വിശകലനം, വിനോദം, വിവരം എന്നിവക്കൊപ്പം വാണിജ്യവും കൂടി ഉൾച്ചേർന്നതാണ് പുതിയ കാലത്തെ ദൃശ്യമാധ്യമങ്ങളുടെ ദൈനംദിനവ്യവഹാര

രീതികൾ. ഉള്ള വാർത്തകൾ പ്രക്ഷേപണം ചെയ്യുക എന്നതിൽ നിന്ന് മാറി വാർത്തകൾ സൃഷ്ടിക്കുക എന്നതിലേക്കെത്തെയിരിക്കുന്നു വാണിജ്യത്തെ മുൻനിർത്തുന്ന മത്സരാധിഷ്ഠിതമായ ദൃശ്യമാധ്യമപ്രവർത്തനങ്ങൾ. മാധ്യമങ്ങളും പ്രേക്ഷകരും തമ്മിൽ രൂപപ്പെട്ട ഒരു പരസ്പര ആശ്രയത്വം, ഒരേ സമയം സാമൂഹികമാറ്റത്തിനും രാഷ്ട്രീയ പരിഷ്കാരത്തിനും വേണ്ടിയുള്ള മുന്നേറ്റമാകാനും, നിക്ഷിപ്തതാൽപര്യങ്ങൾ സംരക്ഷിക്കുന്ന ദൂഷിതവലയമായി മാറാനും വഴിയൊരുക്കുന്നു. ദൃശ്യമാധ്യമങ്ങൾ ഒരു 'ഇരട്ടത്തലയൻ പ്രതിഭാസ'മായി രൂപപ്പെടുന്നത് അങ്ങനെയാണ്. അത്തരമൊരു പശ്ചാത്തലത്തിലാണ് ദൃശ്യമാധ്യമരംഗത്തേക്കുള്ള സാമുദായികമായ പുതിയ കാൽവെപ്പുകളെ നോക്കിക്കാണേണ്ടതെന്ന് നവാസ് നിസാർ നിർദേശിക്കുന്നു. പൊതുമണ്ഡലത്തിലെ സജീവമായ ഇടപെടലായിരിക്കണം നവ സംരംഭത്തിന്റെ പ്രധാന അജണ്ടകളിലൊന്നെന്നും അദ്ദേഹം ആവശ്യപ്പെടുന്നുണ്ട്: 'ഒരു ജനവിഭാഗത്തെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പ്രതിനിധീകരിക്കുന്നതോടൊപ്പം ആ വിഭാഗം ഇതര വിഭാഗങ്ങളും തമ്മിലുള്ള ബന്ധം ക്രിയാത്മകവും സൃഷ്ടിപരവുമാക്കുക എന്ന ഒരു പൊതുധർമവും ദൃശ്യമാധ്യമപ്രവർത്തന രംഗത്തേക്കുള്ള പുതിയ ഉദ്യമത്തിന്റെ ലക്ഷ്യമായിരിക്കണം.' സമൂഹത്തിലും മാധ്യമസംസ്കാരത്തിലും നിലനിൽക്കുന്ന പല ജീർണതകളെയും തിരിച്ചറിയുന്നതൊടൊപ്പം തന്നെ ലക്ഷ്യബോധമുള്ള പ്രവർത്തനസമീപന രേഖ കൃത്യമായി അവതരിപ്പിച്ച് ഒരു സമാന്തര ദൃശ്യമാധ്യമത്തിന് രൂപംകൊടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നും, സൂക്ഷ്മമായ ഉപയോഗത്തിലൂടെ ദൃശ്യമാധ്യമമെന്ന ഇരട്ടത്തലയനെ മെരുക്കിയെടുക്കേണ്ടതുണ്ടെന്നും നവാസ് എഴുതുന്നു.

ദൃശ്യമാധ്യമങ്ങൾ സ്ത്രീകളോട് സ്വീകരിക്കുന്ന വിവേചനാത്മകമായ നിലപാടുകളെ ചോദ്യം ചെയ്യുന്ന എഴുത്തുകളാണ് നാലാം ഭാഗം *ലിംഗസമത്വം: മറികടക്കേണ്ട പുരുഷകേന്ദ്രീകരണങ്ങൾ* ഉൾക്കൊള്ളുന്നത്. പുരുഷകേന്ദ്രീകൃതമായ സാമൂഹികവ്യവസ്ഥയുടെ നേർപ്രതിഫലനമെന്നോണം ദൃശ്യമാധ്യമങ്ങളുടെ വിവിധ അവതാരങ്ങളും സ്ത്രീകളെ അരികിലേക്ക് മാറ്റി നിർത്തുന്നുണ്ട്. മുസ്‌ലിംസമുദായത്തിനകത്തുള്ള സ്ത്രീകളുടെ കാര്യത്തിൽ നേതൃത്വം സ്വീകരിച്ച പുരുഷകേന്ദ്രീകൃതമായ സമീപനങ്ങൾ ഇസ്‌ലാമിന്റെ മാത്രം പ്രശ്നമല്ല. എങ്കിലും സ്ത്രീകളുടെ പേരിലാണ് ഇസ്‌ലാം ഏറെ പഴി കേൾക്കുന്നതും കേട്ടുകൊണ്ടിരിക്കുന്നതും. മാനവിക സംസ്കാരത്തിന്റെ വിവിധങ്ങളായ ചരിത്രവീഥികളിൽ എന്നും സ്ത്രീ അരികുചേർക്കപ്പെട്ടവളും മാറ്റിനിർത്തപ്പെട്ടവളുമാണെങ്കിലും, ആപേക്ഷികമായി കുറച്ചെങ്കിലും സ്വാതന്ത്ര്യം നൽകിയിട്ടുള്ളത് ഇസ്‌ലാമാണ്. പെറ്റുവീണ പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്ന കാടൻ സംസ്കാരത്തിന്റെ പരിസരത്തിലാണ് മുഹമ്മദ് നബി,[48] സ്ത്രീ ബഹുമാനിക്കപ്പെടേണ്ടവളും ആദരിക്കപ്പെടേണ്ടവളുമാണെന്നും ഏതൊരു മനുഷ്യനെയും പോലെ അവൾക്കും

അവകാശങ്ങളുണ്ടെന്നും ജീവിതത്തിലൂടെ കാണിച്ചുകൊടുക്കുന്നത്. ആ ജീവൽദർശനങ്ങൾക്ക് വേണ്ടതുപോലെ പിന്തുടർച്ചകൾ ഉണ്ടായിട്ടില്ലെന്നത് നേരാണ്. വ്യവസ്ഥാപിതമായ മാറ്റിനിർത്തൽ മുസ്‌ലിംസ്ത്രീകൾ മാത്രമല്ല എല്ലാ സ്ത്രീകളും ഒരുപോലെ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അവയെ ചോദ്യം ചെയ്യുകയും അവക്കു പിന്നിലെ നിക്ഷിപ്തതാൽപര്യങ്ങളെ അന്വേഷണ വിധേയമാക്കുകയും ചെയ്യുന്നു, മാധ്യമാവിഷ്കാരങ്ങളിലെ സ്ത്രീകളെ പരിശോധിക്കുന്ന ഈ ഭാഗത്തിലെ ലേഖനങ്ങൾ.

"ചാനൽ' ചെയ്യപ്പെടുന്ന സ്ത്രീത്വം' എന്ന ലേഖനത്തിൽ എം.ഡി. രാധിക പ്രധാനമായും ഉയർത്തിക്കാണിക്കുന്നത് പുരുഷന്റെ താൽപര്യങ്ങളിൽ ബലികഴിക്കപ്പെടുന്ന സ്ത്രീജീവിതങ്ങളുടെ ചിത്രങ്ങളാണ്. വിഖ്യാതരായ സ്ത്രീവാദ സാഹിത്യകാരികളുടെ രചനകളിലൂടെ കുടുംബം, സ്ത്രീ എന്നീ സംവർഗങ്ങളെ വിശകലനവിധേയമാക്കുന്ന രാധിക വിരൽചൂണ്ടുന്നത് പുരുഷകേന്ദ്രിത സമൂഹത്തിന്റെ ഇഷ്ടങ്ങൾക്കിടയിൽ ഞെരിഞ്ഞമർത്തപ്പെടുന്ന സ്ത്രീയുടെ അസ്തിത്വത്തിലേക്കും നിലനിൽപിലേക്കുമാണ്. സ്ത്രീയുടെ സ്വന്തമായ ഇടങ്ങൾ പോലും, സ്ത്രീയുടെ സ്വന്തമായ സൗഹൃദങ്ങൾ പോലും പുരുഷൻ തന്റെ അധീശത്വം കൊണ്ട് നിയന്ത്രിക്കുകയും സംഹരിക്കുകയും ചെയ്യുന്നതിന് ഉദാഹരണങ്ങൾ നിരവധി. ദീർഘ ശൈശവമുള്ള കുഞ്ഞാണ് സ്ത്രീ എന്ന ഒരു ധ്വനി, എപ്പോഴും പുരുഷനാൽ പരിപാലിക്കപ്പെടേണ്ടവളാണ് സ്ത്രീ എന്ന മന്ത്രണങ്ങളിലൂടെ പല സംസ്കാരങ്ങളും ആണയിടുന്നുണ്ട്. തീർത്തും അനാരോഗ്യകരമായ സാമൂഹ്യവ്യവസ്ഥകളെ നിഷ്കാസനം ചെയ്യുന്നത് പോയിട്ട് ചോദ്യം ചെയ്യാൻ പോലും കഴിയാത്ത വിധം പുരുഷകേന്ദ്രീകൃത വ്യവസ്ഥ പിടിമുറുക്കിയിരിക്കുന്നു. ഇവകളിൽ നിന്നുള്ള രക്ഷ സ്ത്രീ കണ്ടെത്തുന്നത് യാഥാർഥ്യങ്ങളോട് വലിയ ബന്ധമില്ലാത്ത അപസർപ്പകകഥകളുടെയും സീരിയലുകളുടെയും ലോകത്ത് അഭയം തേടിയാണ്. പുരുഷാധിപത്യം നിലനിൽക്കുന്ന സമൂഹങ്ങളിലെ ചാനലുകൾ അടക്കമുള്ള ജനപ്രിയ മാധ്യമങ്ങൾ സ്ത്രീയെ പ്രത്യയശാസ്ത്രപരമായ ചൂഷണത്തിന് പലപ്പോഴും കൗശലപൂർവം ഇരയാക്കുകയാണ് ചെയ്യുന്നതെന്ന് രാധിക നിരീക്ഷിക്കുന്നു. സ്ത്രീയെ സ്വപ്നങ്ങളുടെ ലോകത്ത് തളച്ചിട്ട്, സ്വാതന്ത്ര്യത്തിന്റെയും സ്വച്ഛന്ദതയുടെയും വഴികളിൽ നിന്ന് തടഞ്ഞുനിർത്താനാണ് പുരുഷകേന്ദ്രീകൃത സമൂഹം എപ്പോഴും വെമ്പൽ കൊള്ളുന്നതെന്ന് അവർ ഉപസംഹരിക്കുന്നു. മാധ്യമങ്ങൾ സ്വീകരിച്ചുപോരുന്ന നിലപാടുകളെ മാറ്റിയെഴുതാനും അന്ധമായ പുരുഷാധിപത്യത്തിന്റെ കണ്ണുകൾ തുറപ്പിക്കാനും പര്യപ്തമാണ് അവരുടെ വരികൾ.

ദൃശ്യമാധ്യമങ്ങളിലെ സ്ത്രീപ്രതിനിധാനത്തിന്റെ വായനയാണ് രോഷ്നി സ്വപ്നയുടെ 'ഇനിയും ഉച്ചരിക്കപ്പെടാത്ത വാക്ക്: സമൂഹത്തിനും മാധ്യമങ്ങൾക്കുമിടയിലെ സ്ത്രീ' എന്ന ലേഖനം. പൊതുസ

മൂഹത്തിന്റെ പുരുഷകേന്ദ്രീകൃതമായ ആവിഷ്കാരങ്ങളിൽ പൊതുവെ അരികുചേർക്കപ്പെടുന്ന സ്ത്രീകൾ, ദൃശ്യമാധ്യമങ്ങൾക്കകത്ത് വിപണിമൂല്യമുള്ള കച്ചവടവസ്തുവായി മാത്രമാണ് പലപ്പോഴും അവതരിപ്പിക്കപ്പെടുന്നത്. ശ്രദ്ധേയമായ പല ചലച്ചിത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ശക്തമായ പല സ്ത്രീകഥാപാത്രങ്ങളും വ്യക്തിത്വങ്ങളും സാന്നിധ്യമറിയിച്ചിട്ടുണ്ടെങ്കിലും പൊതുവെ മാധ്യമങ്ങൾ സ്ത്രീവൃന്ദത്തെ കച്ചവടവൽക്കരിക്കാനാണ് ശ്രമിക്കുന്നത്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലെ റിപ്പോർട്ടിംഗിൽ പോലും അക്രമങ്ങളെക്കാളേറെ അശ്ലീലത്തിന്റെ ചുവ കലർത്തി പ്രേക്ഷകരെ കൂട്ടാനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്. പുരുഷകേന്ദ്രീകൃതമായ സാമൂഹ്യവ്യവസ്ഥയിൽ നിന്നെന്നോണം, സ്ത്രീകൾക്ക് കൽപിച്ചുകൊടുക്കപ്പെട്ട നിശ്ചിത അധികാര-ചുമതലാവൃത്തികളുമായി സമരസപ്പെടുന്ന രോഷ്നിയുടെ ചില നിരീക്ഷണങ്ങളോട് വിയോജിക്കുന്നുവെങ്കിലും, അവർ ഉയർത്തുന്ന ആത്യന്തികമായ ആവശ്യം ഏറെ ശ്രദ്ധയാവശ്യപ്പെടുന്നു. ചലച്ചിത്രങ്ങളും ചാനലുകളുമടങ്ങുന്ന മാധ്യമവ്യൂഹം പ്രചരിപ്പിക്കുന്ന സംസ്കാരം ഏറെയും സ്ത്രീവിരുദ്ധവും സ്ത്രീവിരുദ്ധ ആശയങ്ങളെ ഉത്തേജിപ്പിക്കുന്നവയുമാണ്. കേവലം സ്ത്രീകളുടെ മാത്രം പ്രശ്നമായി കാണാതെ, ഒരു സാമൂഹികപ്രശ്നമായി തിരിച്ചറിഞ്ഞ് സമത്വത്തിലും നീതിയിലും വിശ്വസിക്കുന്ന ഓരോരുത്തരും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തണമെന്ന് രോഷ്നി ആവശ്യപ്പെടുന്നു.

ചലച്ചിത്രമെന്ന ദൃശ്യമാധ്യമജനുസ്സിൽ നിലനിൽക്കുന്ന തീവ്രമായ ലിംഗാസമത്വം തുറന്നുകാണിക്കുന്നു എം. സുമയ്യയും കെ. ജദീദയും ചേർന്നെഴുതിയ മലയാളചലച്ചിത്രങ്ങളെ മുൻനിർത്തിയുള്ള 'ലിംഗവിവേചനത്തിന്റെ ചലച്ചിത്രഭാഷ്യങ്ങൾ'. ചലച്ചിത്രങ്ങളെന്നാൽ പുരുഷകഥാപാത്രങ്ങൾ എന്ന സമീകരണത്തിലേക്ക് മലയാളത്തിലെ സാമാന്യചലച്ചിത്രബോധം എത്തിയിരിക്കുന്നു. സ്ത്രീയെ അബലയും ആശ്രിതയും പീഡിതയുമായി ആവർത്തിച്ചാവർത്തിച്ച് ആണയിടുന്ന ചിത്രങ്ങൾ, സ്ത്രീകഥാപാത്രങ്ങൾക്ക് ശക്തമായ വിവേചനത്തിലധിഷ്ഠിമായ ഏതാനും വാർപ്പുമാതൃകകൾ സൃഷ്ടിച്ചുനൽകിയിരിക്കുന്നു. അവക്ക് പുറത്തുകടക്കുന്ന യാതൊന്നും ചലച്ചിത്രദൃശ്യസംസ്കാരത്തിൽ നിന്ന് പ്രതീക്ഷിക്കാൻ പോലുമാകില്ല. പ്രമേയം, വേഷം, വസ്ത്രാലങ്കാരം, സംഭാഷണം, ശബ്ദം, ശരീരചലനം, ക്യാമറ, പോസ്റ്റർ തുടങ്ങി സിനിമയുടെ എല്ലാ തലങ്ങളിലും മുൻവിധിയോടെയുള്ള അയഥാർഥപൂർണമായ ലിംഗവിവേചനം പ്രകടമാണെന്ന് ലേഖകർ ഓരോ തലങ്ങളും വിശദമായി വിശകലനം ചെയ്ത് നിരീക്ഷിക്കുന്നു. സമൂഹത്തിന്റെ ചെറുപ്രതിഫലനങ്ങളാണ് ചലച്ചിത്രങ്ങൾ എന്നതിനാൽ തന്നെ, സമൂഹം പുരുഷകേന്ദ്രീകൃതമാകുമ്പോൾ, ചലച്ചിത്രങ്ങളും പുരുഷകേന്ദ്രീകൃതം തന്നെയാകുന്നു. ആണിന്റെ കണ്ണിൽ പെണ്ണ് എന്താണ് എന്നതിനുള്ള ഉത്തരമാണ് സിനിമ എന്ന മാധ്യമത്തിലെ സ്ത്രീ. സ്ത്രീത്വത്തെ വേണ്ട

തുപോലെ പൂർണമായി സ്വാംശീകരിക്കാൻ സിനിമക്കായിട്ടില്ല എന്നും പെണ്ണിന്റെ കണ്ണിൽ'പെണ്ണ്'എന്താണ് എന്ന് വിളിച്ചുപറയുന്ന ചലച്ചിത്രങ്ങളുടെ ശക്തമായ സാന്നിധ്യങ്ങൾ വിദൂരമല്ല എന്നും സുമയ്യയും ജദീദയും ഉപസംഹരിക്കുന്നു.

'മാധ്യമങ്ങളിലെ മുസ്‌ലിംസ്ത്രീ' എന്ന ഹസീനാ നിസാറിന്റെ രചന ദൃശ്യമാധ്യമങ്ങളിലെ മുസ്‌ലിംസ്ത്രീപ്രതിനിധാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു. മലയാള ദൃശ്യമാധ്യമങ്ങളിൽ ശ്രദ്ധയൂന്നുന്ന ലേഖനം, പ്രാദേശിക-ദേശീയ-അന്തർദേശീയ തലങ്ങളിലുള്ള മാധ്യമങ്ങളിൽ മുസ്‌ലിംസ്ത്രീ എന്ന രൂപകത്തെ ഏതാനും വാർപ്പുമാതൃകകളിൽ തളച്ചിടാൻ മുതലാളിത്ത, പാശ്ചാത്യ, സയണിസ്റ്റ് ബാന്ധവങ്ങൾ വ്യവസ്ഥാപിതമായ ശ്രമങ്ങൾ നടത്തുന്നുവെന്ന് സമർഥിക്കുന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ മലയാളചാനലുകളിൽ സ്ത്രീകൾ അവതരിപ്പിക്കപ്പെട്ടത് എങ്ങനെയെല്ലാമായിരുന്നു എന്നാണ് ഹസീന പ്രധാനമായും അന്വേഷിക്കുന്നത്. സമകാലിക ചരിത്രം എന്ന ജനുസ്സിൽ പെടുത്തിയാൽ, ദൃശ്യമാധ്യമങ്ങളിലെ മുസ്‌ലിംസ്ത്രീപ്രതിനിധാനത്തിന്റെ ചരിത്രം മാത്രമല്ല, കഴിഞ്ഞ രണ്ടുപതിറ്റാണ്ടിനിടയിൽ മുസ്‌ലിം സ്ത്രീയുടെ പൊതുസമൂഹമധ്യേയുള്ള വ്യവഹാരങ്ങളുടെ ചരിത്രം കൂടിയാണ് ഈ ലേഖനം മുന്നോട്ടുവെക്കുന്നത്. ലളിതമായി പറഞ്ഞാൽ, കഴിഞ്ഞ രണ്ടുപതിറ്റാണ്ടുകാലത്തെ ആഘോഷിക്കപ്പെട്ട മലയാളി മുസ്‌ലിംപെണ്ണിന്റെ ചരിത്രരചന. സമകാലിക ചരിത്രരചന കേരളത്തിൽ വ്യവസ്ഥാപിതമായി നടത്തപ്പെടാതിരിക്കുമ്പോഴും, പൊതുവിൽ മലയാളി സ്ത്രീയുടെയും പ്രത്യേകിച്ച് മാപ്പിളസ്ത്രീയുടെയും ചരിത്രം ഇപ്പോഴും എഴുതപ്പെടാതെ തുടരുമ്പോഴും ഈ പ്രബന്ധം ചരിത്രരചനാപരമായി വേറിട്ടുനിൽക്കുന്നു. പുറമെ, മുസ്‌ലിം സമുദായത്തിനകത്ത് ഒരേസമയം സ്ത്രീയനുഭവിച്ച സ്വാതന്ത്ര്യവും പാരതന്ത്ര്യവും വാർത്താപ്രാധാന്യം നേടിയ വിവിധ 'കഥാപാത്ര'ങ്ങളിലൂടെ അനാവരണം ചെയ്യുകയും മാറ്റത്തിന്റെ ആവശ്യകത ഊന്നുകയും ചെയ്യുന്നു ഈ ലേഖനം.

വൈവിധ്യങ്ങൾ: നവസാധ്യതകളുടെ ബോധവും വഴികളും എന്ന പുസ്തകത്തിന്റെ അഞ്ചാം ഭാഗത്ത് സമാഹൃതമായിരിക്കുന്നത് ദൃശ്യശ്രാവ്യമാധ്യമങ്ങളിൽ നടത്താവുന്ന വിവിധങ്ങളായ ഇടപെടലുകളുടെ മാതൃകകളും ആലോചനകളുമാണ്. ആഗോള ഇസ്‌ലാമിക ചലനങ്ങളിലേക്ക് തുറന്നുപിടിച്ച കണ്ണ് മുഖത്തും മനസ്സിലുമുള്ള മലയാളി മുസ്‌ലിമിന് മാതൃക നൽകുന്നുണ്ട്, ദൃശ്യമാധ്യമരംഗത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സാമുദായിക സഹോദരങ്ങൾ നൽകുന്ന വ്യത്യസ്തങ്ങളായ ചുവടുവെയ്പുകൾ. ആ ചുവടുകൾ കേരളീയ പശ്ചാത്തലത്തിൽ പകർത്തപ്പെടുകയോ പരിഷ്കരിക്കപ്പെടുകയോ ചെയ്യേണ്ടതിന്റെ ആവശ്യകതകൾ ഊന്നുന്നു ലേഖനങ്ങളിൽ മൂന്നെണ്ണം. അവസാനലേഖനം വളരെ വ്യത്യസ്തമായ ശ്രാവ്യമാധ്യമത്തിന്റെ സാധ്യതാതലങ്ങളിലേക്കാണ് ശ്രദ്ധ ക്ഷണി

ക്കുന്നത്. തെളിവുകളിലും മാതൃകകളിലും ഉദ്ധൃതരും ഉദ്ധാരകരുമാകുന്നതിൽ മതപരമായ ആനന്ദം കണ്ടെത്തുന്ന മുസ്‌ലിമിന്റെ സമകാലിക സാമാന്യമനസ്സിന് വിവിധ ഭാഗങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ കുളിർമ പകർന്നേക്കും.

പശ്ചിമേഷ്യയിൽ നിന്നും ദക്ഷിണപൂർവേഷ്യയിൽ നിന്നുമുള്ള ചാനൽ അനുഭവങ്ങളുടെ വൈവിധ്യങ്ങളാണ് ജംഷീർ കാക്കൂർ 'ചാനൽപരീക്ഷണം: മുമ്പേ നടന്നവരുടെ കഥ'യിൽ പറയുന്നത്. ഇസ്‌ലാമിന്റെ ഉന്നതമായ ആശയങ്ങൾ ഉയർത്തിപ്പിടിക്കെത്തന്നെ, കാലോചിതമായി ഇസ്‌ലാമിക പാഠങ്ങൾ ചരിത്രത്തിൽ നിന്നും സാമാന്യബോധത്തിൽ നിന്നും ആവിഷ്കരിക്കാൻ മുന്നോട്ടുവരുന്ന ചാനലുകളെക്കുറിച്ച് പറയുന്നു ജംഷീർ. കലാവിഷ്കാരങ്ങളിൽ എപ്പോഴും ഒരുപടി മുന്നിൽ നിൽക്കുന്ന ഇറാനിൽ നിന്നുതന്നെയാണ് ഏറ്റവും മികച്ച ചാനലുകളും പ്രക്ഷേപിതമാകുന്നത്. പേർഷ്യൻ ഭാഷ വലിയൊരു മതിൽക്കെട്ടായി മുന്നിൽ നിൽക്കുന്നുവെങ്കിലും ഗവൺമെന്റിന്റെ നേരിട്ടോ അല്ലാതെയോ നിയന്ത്രണങ്ങളുള്ള ചാനൽ രംഗം ക്രിയാത്മകതയുടെയും ധാർമിക സജീവതയുടെയും ഈറ്റില്ലങ്ങളാണ്. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ചാനലുകൾ മതേതരമായും മതപരമായും ഒരുപോലെ ഇടപെടലുകൾ നടത്തുന്നവയാണ്. സിറിയ, സുഡാൻ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലും അനുകരണീയമായ മാതൃകകൾ കണ്ടെത്താനാകുമെന്ന് ജംഷീർ എഴുതുന്നു.

മാതൃകകളിൽ നിന്ന് പാഠമുൾക്കൊണ്ട് അനുയുക്തമായ പ്രയോഗവൽക്കരണങ്ങൾ നടത്തുന്നതിനെക്കുറിച്ചാണ് മുസ്ഥഫ മുണ്ടുപാറയുടെയും ബഷീർ പനങ്ങാങ്ങരയുടെയും ലേഖനങ്ങൾ ആലോചിക്കുന്നത്. മാറ്റങ്ങളെ വൈകി സ്വീകരിക്കുന്ന മുസ്‌ലിംനിലപാടിന് സൂക്ഷ്മതയുടെ തലമുണ്ടെങ്കിലും എല്ലാ കാര്യങ്ങളിലും ഒരു 'ഒച്ചുവേഗത' മുഖമുദ്രയായിത്തീരുന്ന രീതിയാണ് മുസ്‌ലിംകളുടെ നിലപാടുകൾക്ക് ഉണ്ടാകുന്നതെന്നും അതുമാറണമെന്നുമാണ് മുസ്ഥഫ മുണ്ടുപാറ 'ഇടപെടലുകളും എതിർപ്പുകളും അതിജീവനവും' എന്ന അധ്യായത്തിൽ അടിവരയിടുന്നത്. ഭയം പലപ്പോഴും സമുദായത്തിനകത്തെ ക്രിയാത്മക ചലനങ്ങളെയും ചിന്തകളെയും ഇല്ലാതാക്കുന്നുവെന്നത് നേരാണ്. പാരമ്പര്യത്തിന്റെ സൂക്ഷ്മതകൾക്കകത്ത് നിൽക്കുന്ന ഒരാളെ, തന്റെ പുതുആശയങ്ങൾക്ക് നേരെ ഉയർന്നേക്കാവുന്ന പ്രതികരണങ്ങൾ ആശങ്കാകുലനാക്കുന്നു. സ്വാഭാവികമായും പുതിയ സംരംഭങ്ങൾ മുളയിലേ വാടിപ്പോകുകയോ മുളയ്ക്കാൻ വിസമ്മതിക്കുകയോ ചെയ്യുന്നു. 'നമുക്കും വേണമൊരു ചാനൽ' എന്ന് വർഷങ്ങൾക്ക് മുമ്പ് ലേഖനമെഴുതിയപ്പോൾ തൂലികാനാമം ഉപയോഗിക്കേണ്ടി വന്നു എന്ന് ലേഖകൻ പറയുമ്പോൾ വ്യക്തമാകുന്നത് ഇക്കാര്യമാണ്. എങ്കിലും, അതേ ചട്ടക്കൂടുകൾ പുതിയ ദൃശ്യമാധ്യമസംരംഭങ്ങൾക്ക് കളമൊരുക്കുമ്പോൾ അതിന് ദാർശനികവും ആശയപരവുമായ പിന്തുണ

നൽകുകയല്ലാതെ നമ്മൾ മറ്റെന്താണ് ചെയ്യേണ്ടത്.

ധാർമികമായി അധഃപതിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തെ നേരിന്റെ പാതയിലേക്ക് ആനയിക്കണമെങ്കിൽ ആസ്വാദനത്തിന്റെ പുതിയ രീതികളുമായി താൽക്കാലികമായെങ്കിലും സമരസപ്പെടണമെന്നും, ചാനലുകൾ വ്യക്തിജീവിതത്തെപ്പോലും നിയന്ത്രിക്കുകയും ആഴത്തിൽ സ്വാധീനിക്കുകയും ചെയ്യുമ്പോൾ ബൗദ്ധികമായ വിഭവവിനിയോഗം വഴി ധാർമികതയുടെ പ്രകാശം പരത്താൻ ശ്രമങ്ങൾ നടക്കണമെന്നും ബഷീർ പനങ്ങാങ്ങര ആവശ്യപ്പെടുന്നു. ആഗോള മാധ്യമമേഖലയിലെ മാറ്റങ്ങൾ സൂക്ഷ്മ നിരീക്ഷണം നടത്തുകയും സാങ്കേതികമികവുകൾ സ്വാംശീകരിക്കുകയും അനുദിനം പുതുമക്കും മാറ്റത്തിനും നിലകൊള്ളുകയും ചെയ്യുന്ന ചാനൽസംരംഭത്തിന് മാത്രമേ ചാനലുകളുടെ ഈ പെരുമഴക്കാലത്ത് കുതിച്ചുകയറാൻ കഴിയൂ എന്നാണ് അദ്ദേഹം ഉപസംഹരിക്കുന്നത്.

അബ്ദുല്ല എടച്ചലത്തിന്റെ 'ഒരൽപം റേഡിയോ കേൾക്കാം' എന്ന അവസാന അധ്യായം ദൃശ്യമാധ്യമചർച്ചകളിൽ നിന്ന് വിഭിന്നമായി പുതിയൊരാശയത്തിന്റെ വിത്തിറക്കുന്നു, ക്രിയാത്മകമായ മുസ്‌ലിം ചിന്താധാരക്കകത്തേക്ക്. കോടികൾ മുടക്കിയുള്ള ചാനൽ സംരംഭങ്ങളോളം മുതൽമുടക്കാവശ്യമില്ലാതെ, ശ്രാവ്യരംഗത്ത് പുതിയ ആശയങ്ങളുമായി ചുവടുവെയ്പുകൾ നടത്താൻ പ്രേരിപ്പിക്കുന്നു അബ്ദുല്ല. ടെലിവിഷനോളം വിപത്തുകളോ ദൃഷ്യവശങ്ങളോ വശമില്ലാത്ത റേഡിയോ, മാധ്യമങ്ങളുടെ മുഖ്യധാരയിൽ നിന്നകന്നിരുന്നുവെങ്കിലും, സ്വകാര്യ എഫ്.എം. ചാനലുകളുടെ വരവോടെയാണ് പാട്ടിന്റെ പാലാഴികൾ തീർത്ത് വീണ്ടും ജനകീയമായത്. സാമൂഹിക സേവനങ്ങൾക്കും നന്മയുടെ സന്ദേശക്കൈമാറ്റങ്ങൾക്കും കമ്യൂണിറ്റി റേഡിയോകളെന്ന പുതിയ ആശയത്തിന്റെ പ്രായോഗികതകൾ കരുത്ത് പകരുന്നുണ്ട്. ഇന്റർനെറ്റ് റേഡിയോകൾ കേരളത്തിൽ പ്രചുരപ്രചാരം നേടിയിട്ടുണ്ടെങ്കിലും, വ്യവസ്ഥാപിതമായി നടത്തപ്പെടാനോ പൊതുസമൂഹവുമായി സംവദിക്കാനോ അത്തരം ശ്രമങ്ങൾക്ക് ഒട്ടും കഴിഞ്ഞിട്ടില്ല. സുവിശേഷ പ്രഭാഷണങ്ങൾ എന്നതിലുപരി നന്മയുടെയും വിദ്യയുടെയും വാതായനങ്ങൾ തുറന്നിടാൻ കഴിയുമെങ്കിൽ, ഒരു റേഡിയോ നിലയം സ്വപ്നം മാത്രമായി അവശേഷിപ്പിക്കേണ്ടതുണ്ടോ?

ചലച്ചിത്രങ്ങളിലെ മതവും സമുദായവും മിക്ക ലേഖനങ്ങളിലും മുഴച്ചുനിൽക്കുന്നുണ്ട്. മുമ്പ് പറഞ്ഞതുപോലെ, ദൃശ്യമാധ്യമങ്ങൾക്കിടയിൽ ഏറ്റവും ശക്തമായ മാധ്യമമായി വിലയിരുത്തപ്പെടുകയും ഇരുപതാം നൂറ്റാണ്ടിന്റെ തന്നെ മാധ്യമമെന്ന് വിശേഷിപ്പിക്കപ്പെടുകയും ചെയ്ത ചലച്ചിത്രങ്ങളിലും മതപരമായ ഇടപെടലുകൾ നടക്കണമെന്നും, ആരോഗ്യകരമായ സംവാദങ്ങൾക്ക് വഴിയൊരുക്കണമെന്നും ലേഖകർ കരുതുന്നു. ഇപ്പോൾ ചലച്ചിത്രലോകത്ത് നടക്കുന്നത് കൂടുതലും ഏകപക്ഷീയമായ അവതരണങ്ങളാണ്. ഇസ്‌ലാമും മുസ്‌ലിംകളും

പ്രതിപക്ഷത്തോ തിന്മയുടെ പക്ഷത്തോ നിർത്തപ്പെടുകയും അവർക്കെന്താണ് പറയാനുള്ളതെന്ന് ചോദിക്കാൻ പോലും ആരും മിനക്കെടാതിരിക്കുകയും ചെയ്യുമ്പോൾ പക്ഷപാതിത്വം എന്നത് ചലച്ചിത്ര സമീപനങ്ങളിൽ വേരുറച്ചു നിൽക്കുന്നു. കാര്യമാത്രപ്രസക്തമായ ബദലുകൾ രൂപപ്പെടാത്തിടത്തോളം അവയെ ഏകപക്ഷീയം എന്നുവിളിക്കുന്നത് തന്നെ തെറ്റായിരിക്കും. അത്തരം ബദലുകളിലാണ് വരുംകാലത്ത് ശ്രദ്ധ പതിയേണ്ടത്.

ലേഖനങ്ങളിൽ നല്ലൊരു ശതമാനവും വിശദപഠനങ്ങൾക്ക് പ്രാഥമിക സ്രോതസ്സുകളായി പരിഗണിക്കപ്പെടാവുന്നയാണ്. ദൃശ്യമാധ്യമങ്ങളോടുള്ള പാരമ്പര്യപണ്ഡിതസമീപനങ്ങളുടെയോ, ചാനലുകളിലും ഹോംസിനിമകളിലും സാമുദായികമുൻഗണനകളോടെ പ്രവർത്തിക്കുന്നവരുടെ അനുഭവസാക്ഷ്യങ്ങളുടെയോ, ദൃശ്യമാധ്യമങ്ങളുടെ സ്ത്രീപക്ഷവായനകളുടെയോ നേരെഴുത്തുകളാണ് ഈ പുസ്തകത്തിൽ വരുന്ന ലേഖനങ്ങളിൽ മിക്കവയും. അക്കാദമികമായ വിശദവിശകലനങ്ങൾക്ക് ഇത്തരം രചനകൾ മൂല്യസ്രോതസ്സുകളായി വർത്തിക്കുന്നുവെന്നതിനാൽ, മിക്ക ലേഖനങ്ങളിലെയും ആവർത്തനങ്ങളും ആശയവൈപരീത്യങ്ങളും വ്യക്തിപരമായ വിയോജിപ്പുകളും അങ്ങനെത്തന്നെ നിലനിർത്തിയിട്ടുണ്ട്.

മുമ്പ് ഭാഗികമായി ഉദ്ധരിച്ച നാട്ടിക വി. മൂസ മുസ്‌ലിയാരുടെ ഒരു ഉദ്ധരണി ഒരൽപം വിശദമായി ഉദ്ധരിച്ച് ഈ ആമുഖം അവസാനിപ്പിക്കുന്നു. 'നേരത്തെ തുടങ്ങിയാൽ അത്രയും നല്ലത്' എന്ന തലക്കെട്ടിൽ നാട്ടിക പത്ത് വർഷങ്ങൾക്ക് മുമ്പ് 2000 മെയ് ലക്കം *തെളിച്ചം* മാസികയിൽ എഴുതിയ ലേഖനം പാരമ്പര്യപണ്ഡിതർ ദൃശ്യമാധ്യമങ്ങളോട് സ്വീകരിച്ചെന്ന് പറയുന്ന നിഷേധാത്മക നിലപാടിനെ ചോദ്യം ചെയ്യുന്നുണ്ട്. പുതുതായി വരുന്ന ചാനലിന്റെ ആവിർഭാവത്തെ പ്രവചനാത്മകമായി മുൻകൂട്ടികാണുകയും, അതിന്റെ ഇടപാടുഭാഷയും ലക്ഷ്യവും പൊതുമണ്ഡലവുമായുള്ള ഇടപഴകലും നിർദേശിച്ചു നൽകിയതിനു ശേഷം, ദീർഘവീക്ഷണത്തോടെ അദ്ദേഹം എഴുതുന്നു: 'നിലവിലുള്ള വിഭവങ്ങളുപയോഗപ്പെടുത്തി ഒരു സുന്നീചാനൽ ആരംഭിക്കാൻ സമസ്തക്ക് സാധിക്കും... തുടങ്ങാനൊരു പക്ഷേ, പ്രയാസങ്ങളുണ്ടാകും. എതിർപ്പുകളുമുണ്ടാകാം. ക്രമേണ അതെല്ലാം ഇല്ലാതാകും. നേരത്തെ തുടങ്ങിയാൽ അത്രയും നല്ലത്. വിദേശത്തുള്ള നമ്മുടെ പല പ്രവർത്തകർക്കും നാട്ടിലുള്ള ഒട്ടേറെ ഗുണകാംക്ഷികൾക്കും ഇവ്വിഷയകമായി വലിയ സംഭാവനകൾ നൽകാൻ സാധിക്കും. അതു നമുക്കൊരു വലിയ മുതൽക്കൂട്ടായിരിക്കും. കേരളമുസ്‌ലിംകളുടെ തുടർന്നുള്ള ചരിത്രവും ശോഭനമാക്കാൻ ഇതനിവാര്യമാണെന്ന് ഞാൻ വിചാരിക്കുന്നു.'[49]

കുറിപ്പുകൾ/റഫറൻസ്

1. മറ്റേത് സ്വകാര്യവ്യവസായികളെയും പോലെ കേരളത്തിലെ രാഷ്ട്രീയ ജാതി മതപ്രസ്ഥാനങ്ങൾ വൻ ആസ്തികളുടെ ഉടമകളായിത്തീരുന്ന സമകാലിക പശ്ചാത്തലത്തിൽ ചലച്ചിത്രരംഗത്തും പ്രത്യയശാസ്ത്രപരമായ മുതലിറക്കങ്ങൾ നടക്കുന്നുണ്ടെന്ന സംശയം ബലപ്പെടുന്നുണ്ട്. തെരഞ്ഞെടുപ്പുകളോടനുബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾ ചലച്ചിത്രസംവിധായകരെയും നിർമാതാക്കളെയും സ്വാധീനിക്കുന്നതായും പ്രത്യയശാസ്ത്രബദ്ധമായ പ്രചരണപ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കാൻ ശ്രമങ്ങൾ നടക്കുന്നതായും എഴുതപ്പെട്ടിരുന്നു. ഷാജി കൈലാസിന്റെ *ആഗസ്റ്റ് 15* എന്ന ചലച്ചിത്രം പുറത്തുവന്നപ്പോൾ, ചില നിരൂപകർ 'പെയ്ഡ് സിനിമ' എന്ന ലേബൽ ചാർത്തിക്കൊടുത്തതാണ് ഈ ശ്രേണിയിൽ മലയാളചലച്ചിത്രങ്ങൾക്കും ഉണ്ടാകാനിടയുള്ള ഇടത്തെക്കുറിച്ചുള്ള ആലോചനകൾ മുറുകിയത്.

2. ഫ്രാങ്ക്ഫർട്ട് ചിന്താധാരയുടെ ഭാഗമായാണ് ഹബെർമാസ് അറിയപ്പെട്ടിരുന്നതെങ്കിലും പിന്നീട് അവരുമായുള്ള സജീവബന്ധം പല സൈദ്ധാന്തികഭിന്നതകളിലൂടെയും അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. അഡോർണോ, ഹോർഖീമർ തുടങ്ങിയ ഫ്രാങ്ക്ഫർട്ടിലെ പ്രധാനഗുരുക്കളോടുള്ള തന്റെ വിയോജിപ്പുകൾ *പൊതുമണ്ഡലത്തിന്റെ ഘടനാപരമായ രൂപാന്തര*ത്തിലൂടെത്തന്നെ ഹബെർമാസ് രേഖപ്പെടുത്തിയിരുന്നെന്നും, അതുകൊണ്ടാണ് ഈ കൃതി മർബർഗ് രാഷ്ട്രമീമാംസകനും നിയമവിദഗ്ധനുമായ വോൾഫ്ഗാംഗ് അബന്ദ്രോതിന് സമർപ്പിച്ചതെന്നും പണ്ഡിതർ നിരീക്ഷിച്ചിക്കുന്നു. Peter Hohendahl; Patricia Russian, 1974, 'Jürgen Habermas: *The Public Sphere*', *New German Critique*, No. 3. (Autumn, 1974), p. 45.

3. 1962 ൽ ജർമൻ ഭാഷയിലാണ് *പൊതുമണ്ഡലത്തിന്റെ ഘടനാപരമായ രൂപാന്തരം* ആദ്യമായി പ്രകാശിതമാകുന്നത്. ജർമനിയിൽ അറുപതുകളിൽ തന്നെ കൃതി വലിയ തിരയിളക്കങ്ങൾ സൃഷ്ടിച്ചിരുന്നുവെങ്കിലും, എൺപതുകളുടെ അവസാനം വരെ അത് ജർമനിക്ക് പുറത്തുള്ള അക്കദമികവൃന്ദത്തിന് അപരിചിതമായിരുന്നു. 1989 ൽ തോമസ് ബെർജറുടെ ഇംഗ്ലീഷ് വിവർത്തനം പുറത്തുവന്നതോടെ വലിയ ചർച്ചകൾക്ക് വഴിയൊരുങ്ങുകയും, തുടർന്നുള്ള സാമൂഹ്യശാസ്ത്ര വിശകലനങ്ങളിൽ ആഴത്തിലുള്ള സ്വാധീനങ്ങൾ ചെലുത്തുകയും ചെയ്തു. Dena Goodman, 1992, 'Public Sphere and Private Life: Toward a Synthesis of Current Historiographical Approaches to the Old Regime', *History and Theory*, Vol. 31, No. 1. (Feb., 1992), pp. 1-2.

4. Peter Hohendahl; Patricia Russian, 1974, pp. 45-46; Benjamin Nathans, 1990, Habermas's "Public Sphere" in the Era of the French Revolution, *French Historical Studies*, Vol. 16, No. 3. (Spring, 1990), pp. 620-621.

5. Jiirgen Habermas, 1989, *The Structural Transformation of the Public Sphere: An Inquiry into a Category of Bourgeois Society*, Translated by Thomas Burger with the assistance of Frederick Lawrence, The MIT Press, Cambridge, Massachusetts, pp. 35-36

6. ഏതാനും വിമർശനപഠനങ്ങൾക്ക് കാണുക: Mary P. Ryan, 1992, 'Gender and Public Access: Women's Politics in Nineteenth-Century America', and Goeff Eley, 1992, 'Nations, Publics, and Political Cultures: Placing Habermas in the Nineteenth Century', both in Craig Calhoun, ed., 1992, *Habermas and the Public Sphere*, The MIT Press, Cambridge, Massachusetts; Nick Crossley and John Michael Roberts, ed., *After Habermas: New Perspectives on the Public Sphere*, Blackwell Publishing Ltd., Oxford.

7. കാണുക: Nick Crossley and John Michael Roberts, ed., 2004, *After Habermas: New Perspectives on the Public Sphere*, Blackwell Publishing Ltd., Oxford, pp. 1-27

8. Talal Asad, 2003, *Formations of the Secular: Christianity, Islam, Modernity*, Stanford University Press, California, pp. 183-185

9. മലയാളഭാഷയിലെ സവർണതയുടെ ശക്തമായ സ്വാധീനങ്ങളെക്കുറിച്ച് ബെർളി തോമസ് *ബെർളിത്തരങ്ങളിൽ* എഴുതിയിട്ടുണ്ട്. ചെമ്മാൻ, ചെരുപ്പുകുത്തി തുടങ്ങിയ പദങ്ങൾ ആക്ഷേപകരമായി ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയതിനെ സ്വാഗതം ചെയ്ത് അദ്ദേഹമെഴുതി: 'ഇക്കാര്യത്തിൽ രണ്ട് അഭിപ്രായത്തിന്റെ കാര്യമില്ല. നിരോധനം സ്വാഗതാർഹമാണ്, സവർണാധിപത്യം ഉണ്ടായിരുന്ന ഭാഷയുടെ മേലുള്ള തിരുത്താണ്' (വിശദവായനക്ക് കാണുക: ബെർളി തോമസ്, 2011, 'തോൽവികളേറ്റുവാങ്ങാൻ അണ്ടനും അടകോടനും ബാക്കിയായി', *ബെർളിത്തരങ്ങൾ-berlytharangal.com/p.7603*) ഭാഷ ആത്യന്തികമായി അടയാളപ്പെടുത്തുന്നത് പൊതുമണ്ഡലത്തിന്റെ ആശയക്കൈമാറ്റമാധ്യമത്തെയാണല്ലോ. അത് സവർണമാണ് എന്നുവന്നാൽ, അതിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ആശയങ്ങളും അത് കൈമാറ്റം ചെയ്യപ്പെടുന്നവരും സവർണതയുടെ വടവൃക്ഷങ്ങളോ അവക്ക് കീഴിൽ തണൽ കായുന്നവരോ ആയിരിക്കുമെന്ന് തീർച്ച. അതിനാൽ തന്നെ ഹബെർമാസ് നിർദേശിക്കുന്ന സാമൂഹിക സമത്വം, സമാനരായ വ്യക്തികൾ, നിഷ്പക്ഷത തുടങ്ങിയ ഘടകങ്ങൾ ഉൾക്കൊള്ളുന്ന പൊതുമണ്ഡലത്തെക്കാളേറെ കേരളത്തിൽ നിലനിന്നത് തലാൽ അസദ് നിർവചിക്കുന്ന പൊതുമണ്ഡല സവിശേഷതകളാണ്.

10. ഇ.വി. രാമകൃഷ്ണൻ, 2008, 'മലബാറിനെ കണ്ടെത്തൽ', എം.ടി. അൻസാരി, 2008, *മലബാർ: ദേശീയതയുടെ ഇട-പാടുകൾ, ചരിത്രസാഹിത്യപാഠങ്ങൾ*, ഡി. സി. ബുക്സ്, കോട്ടയം, പു. 16

11. കാണുക: Brett R. Wheeler, Antisemitism as Distorted Politics: Adorno on the Public Sphere, *Jewish Social Studies*, New Series, Vol. 7, No. 2 (Winter, 2001), pp. 114-148

12. ബ്രിട്ടീഷ് ഭരണകാലത്ത് മാപ്പിളമാർ എപ്പോഴും പ്രതിസ്ഥാനങ്ങളിലാണ് നിർത്തപ്പെട്ടിരുന്നത്. 1792 ൽ മൈസൂർ സുൽത്താൻ ടിപ്പുവിൽ മലബാർ ഏറ്റെടുത്തതുമുതൽ ബ്രിട്ടീഷുകാർക്ക് മാപ്പിളമാരുടെ സമരങ്ങളെ തീവ്രമായി അഭിമുഖീകരിക്കേണ്ടിവന്നിരുന്നു. 1836 മുതൽ 1921–22 വരെയുള്ള കാലയളവിൽ മലബാറിലെ അധിനിവേശവിരുദ്ധ സമരങ്ങൾ ശക്തമാവുകയും മാപ്പിളമാർ അവയിൽ നേതൃപരമായ പങ്ക് വഹിക്കുകയും ചെയ്തിരുന്നു (കാണുക: കെ.എൻ. പണിക്കർ, 2007, *മലബാർ കലാപം പ്രഭുത്വത്തിനും രാജവാഴ്ചക്കുമെതിരെ*, ഡി.സി. ബുക്സ് കോട്ടയം; മോയിൻ ഹുദവി മലയമ്മ, മഹ്മൂദ് പനങ്ങാങ്ങര, 2009, *മമ്പുറം തങ്ങൾ: ജീവിതം, ആത്മീയത, പോരാട്ടം*, അസാസ് ബുക്സെൽ, തിരൂരങ്ങാടി, പു. 307–459). ഈ സമരകാലങ്ങളിലൊക്കെയും ബ്രിട്ടീഷ് ഉദ്യോഗസ്ഥർ പരസ്പരം നടത്തിയ എഴുത്തുകുത്തുകളിലും റിപ്പോർട്ടുകളിലും നിരീക്ഷണങ്ങളിലും മാപ്പിളമാരെ 'മതഭ്രാന്തരെ'ന്നാണ് ആവർത്തിച്ചാവർത്തിച്ച് വിശേഷിപ്പിച്ചിരുന്നത് (വിശദാന്വേഷണങ്ങൾക്ക് കാണുക: എം.ടി. അൻസാരി, 2008, *മലബാർ: ദേശീയതയുടെ ഇട-പാടുകൾ, ചരിത്രസാഹിത്യപാഠങ്ങൾ*, ഡി.സി. ബുക്സ്, കോട്ടയം). അതിനനുസരിച്ചായിരുന്നു കലാപങ്ങളോടുള്ള ബ്രിട്ടീഷ് ഭരണകൂടത്തിന്റെ പ്രതികരണങ്ങളും. ആവർത്തിച്ചുള്ള ഇത്തരം വിശേഷണകൽപനകൾ മാപ്പിളസമുദായശരീരത്തിനുമേൽ പ്രയോഗിക്കപ്പെടുന്നതിലൂടെ അതല്ലാത്ത വിശേഷണങ്ങൾ അവർക്ക് ചേരി

ല്ല എന്ന ഒരു പൊതുധാരണ രൂപപ്പെട്ടു. അതിന്റെ തുടർച്ചയായിട്ടായിരിക്കാം പിന്നീട് മുഖ്യധാരയിലെ വ്യവഹാരങ്ങളെല്ലാം മാപ്പിളമാരെ ചില പ്രത്യേക വാർപ്പുഘടനകളിലേക്ക് ചുരുക്കിക്കൊണ്ടുവന്നത്.

13. ഇ.വി. രാമകൃഷ്ണൻ, 2008, പു. 16

14. മാപ്പിളശരീരത്തിനു മേലുള്ള 'മതഭ്രാന്തൻ' എന്ന പരികൽപനയെ മുൻനിർത്തി ചരിത്രത്തിലും സാഹിത്യത്തിലും മാപ്പിളമാരും മലബാറും എങ്ങനെയാണ് പ്രതിനിധീകരിക്കപ്പെട്ടിരിക്കുന്നത് എന്ന അന്വേഷണമാണ് *മലബാർ: ദേശീയതയുടെ ഇട-പാടുകൾ, ചരിത്രസാഹിത്യപാഠങ്ങൾ. സബാൾട്ടേൺ സ്റ്റഡീസ്, മാധ്യമം* ആഴ്ചപ്പതിപ്പ്, *പച്ചക്കുതിര* മാസിക തുടങ്ങിയവകളിൽ പ്രസിദ്ധീകരിക്കപ്പെട്ട അൻസാരിയുടെ രചനകളുടെ സമാഹാരമാണിത്.

15. എം.ടി. അൻസാരി, 2008, *മലബാർ: ദേശീയതയുടെ ഇട-പാടുകൾ, ചരിത്രസാഹിത്യപാഠങ്ങൾ*, ഡി.സി. ബുക്സ് കോട്ടയം, പു. 90-91

16. ഇതേ കൃതിയിലെ നാലാം അധ്യായം: എം.കെ മുനീർ, 2011, 'രചനാത്മകമായ അതിജീവനത്തിന്റെ ദൃശ്യാവിഷ്കാര തലങ്ങൾ', പു. 88

17. ഈ ആശങ്കകൾ ശരിക്കും പങ്കുവെക്കുന്നുണ്ട്, ഈ സമാഹരത്തിലെ മുസ്‌ലിം സമുദായത്തിനകത്തുനിന്നുള്ള എഴുത്തുകളിൽ നല്ലൊരു ശതമാനവും. സമുദായവുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ മാധ്യമങ്ങളെ വിലയിരുത്തുമ്പോൾ അവയെല്ലാം ഒരുപക്ഷേ ഒരുപോലെ ഊന്നുന്ന കാര്യം ഇതുമാത്രമാണ്.

18. Talal Asad, 2003, *Formations of the Secular: Christianity, Islam, Modernity*, Stanford University Press, California, p.185

19. പലപ്പോഴും മതകീയമായി വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകളായിരുന്നു അവരുടേത്. അവയുടെ അടിസ്ഥാനത്തിലാണ് മാറ്റങ്ങളോട് പെട്ടെന്ന് പ്രതികരിക്കാനും ഉൾക്കൊള്ളാനും അവർക്ക് കഴിഞ്ഞിരുന്നത്. യുക്തി ഇവരുടെ മതവീക്ഷണങ്ങളുടെ കൂടി അടിസ്ഥാനമായിരുന്നതിനാൽ, പാശ്ചാത്യമോ ആധുനികമോ ആയ നവചലനങ്ങളോട് ഉടൻ താദാത്മ്യം പ്രാപിക്കാൻ അവർക്കാകുമായിരുന്നു.

20. അറബ്-ഇസ്‌ലാമിക ലോകങ്ങളിൽ നിന്നുള്ള ദൃശ്യമാധ്യമ ഇടപെടലുകളെക്കുറിച്ച് വിശദമായി മനസ്സിലാക്കാൻ ഇതേ കൃതിയിലെ പതിനേഴാം അധ്യായം കാണുക: ജംഷീർ കാക്കൂർ, 'ചാനൽ പരീക്ഷണം: മുമ്പേ നടന്നവരുടെ കഥ', പു. 190-195

21. ഇസ്‌ലാമിക കർമശാസ്ത്രത്തിലെ വിധിവിലക്കുകൾ അഞ്ച് ഇനങ്ങളാണ്: *വാജിബ്* (നിർബന്ധം), *സുന്നത്ത്* (പുണ്യകരം), *ഹലാൽ* (അനുവദനീയം), *കറാഹത്ത്* (നിന്ദ്യം), *ഹറാം* (നിഷിദ്ധം) എന്നിവ. ഇവയിൽ *ഹറാം* ആയ ഒരു കാര്യം ചെയ്താൽ ദൈവത്തിങ്കൽ നിന്ന് ശിക്ഷ ലഭിക്കുമെന്നും ഉപേക്ഷിച്ചാൽ പ്രതിഫലം ലഭിക്കുമെന്നും കർമശാസ്ത്രം പറയുന്നു.

22. രണ്ട് ഉദാഹരണങ്ങൾ പറയാം: ഒന്ന്, ടി.വി. കാണുന്നതിലെ സാംഗത്യത്തെക്കുറിച്ച് ഒരു മദ്റസാവിദ്യാർഥി ഉസ്താദിനോട് അന്വേഷിച്ചു. സമീപത്തെ സ്കൂളിലെ അധ്യാപകൻ കൂടിയായ ഉസ്താദ് പറഞ്ഞു: 'വാർത്തകൾ പോലുള്ള നല്ല പരിപാടികൾ കാണാൻ ടി.വി. ഉപയോഗിക്കാവുന്നതാണ്.' ഈ പ്രസ്താവന നാട്ടിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും, സ്കൂളിലെ അധ്യാപകർ ഇനി മേലിൽ മദ്റസയിൽ പഠിപ്പിക്കേണ്ടെന്ന് മദ്റസാമാനേജ്മെന്റ് തീരുമാനമെടുക്കുകയും ചെയ്തു. എന്റെ ജ്യേഷ്ഠൻ മുഹമ്മദലിയുടേതാണ് ഈയനുഭവം. രണ്ട്, ടി.വി. കാണുകയും അതിൽ ഇടപെടുകയും വേണമെന്ന് 1980 കളുടെ അവസാനത്തിൽ ശക്തമായി വാദിച്ച ഒരു സുഹൃത്തിനെ നാട്ടിലെ പണ്ഡിതന്മാരും കാരണവന്മാരും ചേർന്ന് *കാഫിർ* (മ

തനിഷേധി) ആയി മുദ്രയടിക്കുകയും ഊരുവിലക്കേർപ്പെടുത്തുകയും ചെയ്തു. ഗത്യന്തരമില്ലാതെ വർഷങ്ങളോളം അദ്ദേഹം ബാംഗ്ലൂരിലേക്ക് സ്വയം നാടുകടത്തി. ഇന്ന് മതപണ്ഡിതർ ചാനലുകളുടെ പ്രയോക്താക്കളായി രംഗത്തെത്തുമ്പോൾ തന്റെ കണ്ണ് നിറയുന്നുവെന്ന് അദ്ദേഹം, എസ്.വി. അബ്ദുല്ല, പറയുന്നു.

23. *ഫിത്ന*, *ഫസാദ്* എന്നിവ ഇസ്‌ലാമികസംജ്ഞാവൃന്ദങ്ങളിൽ നാശത്തിന്റെയും കുഴപ്പങ്ങളുടെയും പര്യായമായാണ് ഉപയോഗിക്കപ്പെടുന്നത്. ബോധപൂർവം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ മതപ്രഭാഷണങ്ങളിലും മതരചനകളിലും പ്രതിനിധീകരിച്ചത് പലപ്പോഴും ഈ പദാവലികളായിരുന്നു. 'കൊലയെക്കാളും കഠോരമാണ് *ഫിത്ന*' എന്ന മുഹമ്മദ് നബിയുടെ വചനം ഇവക്ക് സാമുദായികവൃത്തങ്ങളിൽ വളരെ ശക്തമായ തിന്മാപരിവേഷം നൽകിയിരുന്നു.

24. 2008 ൽ മുസ്‌ലിം യൂത്ത്‌ലീഗ് മലപ്പുറത്ത് സംഘടിപ്പിച്ച ഒരു സമ്മേളനം ഉദ്ഘാടനം ചെയ്ത ചലച്ചിത്ര നടൻ സിദ്ദീഖ് തന്റെ അനുഭവം വിശദീകിരിച്ചിരുന്നു. സിനിമയിൽ അഭിനയിക്കാൻ ഇറങ്ങിത്തിരിച്ചതിന്റെ പേരിൽ കുടുംബത്തിൽ നിന്ന് പുറത്താക്കപ്പെടുകയും പിതാവ് മരിക്കുന്നത് വരെ തിരിച്ചുചെല്ലാൻ സാധിക്കാതിരിക്കുകയും ചെയ്തുവെന്ന് അദ്ദേഹം പറയുകയുണ്ടായി.

25. കഴിഞ്ഞ നൂറ്റാണ്ടിന്റെ മൂന്നാം ദശകം മുതൽ കേരള ഇസ്‌ലാമിൽ കർമശാസ്ത്രം മർമപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. സാമൂഹികമോ സാമുദായികമോ സാംസ്കാരികമോ സാമ്പത്തികമോ ആയ ഏത് പ്രശ്നങ്ങൾക്കും കർമശാസ്ത്രവീക്ഷണത്തിൽ വിധി പറയുക, അവക്കനുസരിച്ച് പ്രവർത്തിക്കുക എന്നതാണ് സമുദായത്തിനകത്തെ രീതി. കേരള ഇസ്‌ലാമിനകത്തെ അവാന്തരവിഭാഗീയ ചർച്ചകൾ സജീവമായി നിലനിന്നതും, പല അവാന്തരവിഭാഗങ്ങൾ രൂപപ്പെട്ടതു തന്നെയും കർമശാസ്ത്രപരമായ വീക്ഷണങ്ങളിലെ ഭിന്നതകളുടെ അടിസ്ഥാനത്തിലായിരുന്നു.

26. ചിത്രരചന, ശിൽപകല എന്നിവയെക്കുറിച്ചുള്ള പ്രവാചകവചനങ്ങൾ നിരവധിയുണ്ട്. അവയിൽ *സ്വഹീഹ് ബുഖാരി, സ്വഹീഹ് മുസ്‌ലിം* എന്നീ ആധികാരിക ഹദീസ് ഗ്രന്ഥങ്ങൾ ഉദ്ധരിച്ച ഏതാനും ഹദീസുകൾ: അബ്ദുല്ല ബ്നു മസ്ഊദ്, അബൂഹുറൈറ, ആഇശ എന്നിവരിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞു: 'അല്ലാഹുവിൽ നിന്ന് ഏറ്റവും കഠോരമായ ശിക്ഷ ലഭിക്കുന്നവർ *സ്വുവർ* (ശില്പം) ഉണ്ടാക്കുന്നവരാണ്.'; ഇബ്നു ഉമറിൽ നിന്ന് നിവേദനം: '(ജീവികളുടെ) *സ്വുവറുകൾ* ഉണ്ടാക്കുന്നവർ അന്ത്യനാളിൽ ശിക്ഷിക്കപ്പെടും. നിങ്ങൾ നിർമിച്ച വസ്തുക്കൾക്ക് ജീവൻ നൽകുക എന്ന് അവരോട് പറയപ്പെടും. അവർക്കതിന് സാധിക്കില്ല.'

27. കേരള പണ്ഡിതന്മാരുടെ ഫത്വകളിൽ നല്ലൊരു ശതമാനവും എഴുതപ്പെടാതെ, രേഖപ്പെടുത്തപ്പെടാതെ കിടക്കുന്നവയാണ്. ഓർമകളിൽ ശേഷിക്കുന്ന ഇത്തരം കർമശാസ്ത്രവീക്ഷണങ്ങൾ പകർത്തപ്പെടാനുള്ള ശ്രമങ്ങൾ ഇതുവരെ ആരിൽ നിന്നുമുണ്ടായിട്ടില്ല. ചിത്രരചനയെക്കുറിച്ച് ഇ.കെ. അബൂബക്ർ മുസ്‌ലിയാർ നൽകിയെന്ന് പറയുന്ന ഫത്വ ശൈഖുനാ ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ ദാറുൽ ഹുദായിലെ ക്ലാസുകളിലൊന്നിൽ പറഞ്ഞതാണ്.

28. *സ്വഹീഹ് ബുഖാരി* ഉദ്ധരിക്കുന്ന ഒരു ഹദീസിൽ പ്രവാചകർ പറയുന്നു: 'പുരുഷന്റെ വേഷം കെട്ടുന്ന സ്ത്രീയെയും സ്ത്രീയുടെ വേഷം കെട്ടുന്ന പുരുഷനെയും അല്ലാഹു ശപിച്ചിരിക്കുന്നു'.

29. ഇസ്‌ലാമിക കർമശാസ്ത്രത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നതകൾ നിരവധിയാണ്. മിക്കവാറും വിഷയങ്ങളിലെല്ലാം പണ്ഡിതന്മാർ ഗഹനമായ പഠനം നടത്തിയിട്ടുണ്ടെന്നതിനാൽ, അവയിലെല്ലാം ഭിന്നാഭിപ്രായങ്ങളും ലഭ്യമാ

ണ്. ഒരു വിശ്വാസിക്ക് ഇവയിൽ നിന്ന് ഇഷ്ടമുള്ളത് സ്വീകരിക്കാം, അതിനനുസരിച്ച് പ്രവർത്തിക്കാം. ചില നിബന്ധനകളുണ്ടെന്ന് മാത്രം. മുഹമ്മദ് നബി പറയുന്നു: 'പണ്ഡിതന്മാർക്കിടയിലെ അഭിപ്രായവ്യത്യാസങ്ങൾ മുസ്‌ലിംസമുദായത്തിന് അനുഗ്രഹമാണ്.'

30. ഇബ്റാഹീം നബി യഥാർഥ ദൈവത്തെ കണ്ടെത്താൻ അഭിനയത്തിന്റെ പല വഴികൾ പിന്നിട്ടതും, ജിബ്‌രീൽ മാലാഖ മുഹമ്മദ് നബിയുടെ മുന്നിൽ ഏതോ ഒരു യാത്രക്കാരനെന്ന പോലെ പ്രത്യക്ഷപ്പെട്ടതും, നിരവധി മാലാഖമാർ ബനൂ ഇസ്റാഈലിലെ നിരവധിയാളുകൾക്ക് മുന്നിൽ പല വേഷങ്ങൾ കെട്ടി വന്നതും അഭിനയത്തിന്റെ ഉദാഹരണങ്ങളായി എടുത്തുകാണിക്കപ്പെടുന്ന ഏതാനും ചരിത്രസംഭവങ്ങളാണ്.

31. മതവിദ്യാഭ്യാസവും മതേതരവിദ്യാഭ്യാസവും അത്യാവശ്യം കിട്ടിയവരുടെ സൈബർസംഗമങ്ങളിലൊന്നിൽ, *ഗൂഗിൾ ഗ്രൂപ്പി*ൽ, നടന്ന ഒരു ചർച്ച ശ്രദ്ധയർഹിക്കുന്നു. ഷാജി കൈലാസിന്റെ *ആഗസ്റ്റ് 15* എന്ന സിനിമ പിണറായി വിജയൻ നേതൃത്വം നൽകുന്ന രാഷ്ട്രീയപാർട്ടി പണം നൽകി എടുപ്പിച്ചതാണെന്ന തോന്നലുണ്ടാക്കുന്നു എന്നൊരു കുറിപ്പ് ഒരാൾ പോസ്റ്റ് ചെയ്തതിനെ നിശിതമായി വിമർശിച്ച് ഗ്രൂപ്പംഗങ്ങൾ രംഗത്തെത്തി. നിരീക്ഷണത്തെ വിലയിരുത്തുന്നതിനെക്കാളേറെ ചലച്ചിത്രം മതപരമായി നിഷിദ്ധമാണെന്നും അതുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും ഗ്രൂപ്പിൽ പാടില്ലെന്നുമായിരുന്നു പ്രതികരണങ്ങളറിയിച്ചവരിൽ ഭൂരിഭാഗത്തിന്റെയും നിലപാട്. നിരവധി മതപണ്ഡിതരിൽ നിന്ന് വിദ്യയാർജിച്ച നമ്മൾ ഒരിക്കലും ഇത്തരം വിഷയങ്ങളിൽ ഇടപെടാവതല്ലെന്നും അങ്ങനെ ചെയ്തത് ലജ്ജാവഹമാണെന്നും ചിലർ അഭിപ്രായപ്പെട്ടപ്പോൾ, മറ്റു ചിലർ പറഞ്ഞത് ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ സമുദായത്തിനകത്തെ അവാന്തരവിഭാഗങ്ങൾക്കിടയിൽ നമ്മെക്കുറിച്ച് മോശം അഭിപ്രായങ്ങളുണ്ടാക്കാനും വിമർശനങ്ങളുയരാനും വഴിവെക്കുമെന്നുമൊക്കെയായിരുന്നു. അവസാനം കുറിപ്പ് പോസ്റ്റ് ചെയ്ത വ്യക്തിക്ക് ക്ഷമാപണം നടത്തി പിന്മാറേണ്ടി വന്നു.

32. ചലച്ചിത്ര സംവിധാന-നിർമാണ തലങ്ങളിൽ ശ്രദ്ധേയമായ ഇടം നിലനിർത്തുന്നതോടൊപ്പം തന്നെ, സ്വന്തം നാട്ടിലെ മസ്ജിദ് കമ്മിറ്റിയിലും മതകേന്ദ്രങ്ങളിലും ഭാരവാഹിത്വം വഹിക്കുന്ന വ്യക്തികളെ, വളരെ വിരളമായാണെങ്കിലും, കണ്ടെത്താൻ കഴിയുന്നു ദക്ഷിണ കേരളത്തിൽ. മതപരവും സാംസ്കാരികവുമായി ഭാഗ്യം ചെയ്തവരാണ് ഭൂഘടനാപരമായി ദക്ഷിണകേരളമെന്ന നിരീക്ഷണങ്ങളെ അടിവരയിടുന്നു ഇത്തരം വസ്തുതകൾ.

33. ഈയടുത്ത്, 2011 ആദ്യപകുതിയിൽ, നടന്ന ഒരു മത-മതേതരസമന്വയവിദ്യാഭ്യാസസ്ഥാപനത്തിന്റെ വാർഷികസമ്മേളനത്തിന്റെ പരിപാടിവൈവിധ്യങ്ങളിൽ 'മാധ്യമചർച്ച' എന്ന് പറയാവുന്ന തരത്തിൽ വിവിധ മാധ്യമപ്രതിനിധികൾ പങ്കെടുക്കുന്ന ഒരു സെഷൻ കാണുകയുണ്ടായി. ഇതേ വാർപ്പുരീതികൾ ഇനിയും ആവർത്തിക്കേണ്ടതുണ്ടോ എന്ന് ഉത്തരവാദിത്തപ്പെട്ടവരോട് അന്വേഷിച്ചപ്പോൾ, 'നമ്മുടെ സമ്മേളനത്തിന് പരമാവധി മാധ്യമശ്രദ്ധ കിട്ടാൻ അവരെ ക്ഷണിക്കൽ അത്യാവശ്യമാണ്' എന്ന മറുപടിയായിരുന്നു. 'ഒരു ചെറിയ മീറ്റിംഗ് മുതൽ ഏത് കാര്യവും പ്രസ്റിലീസാക്കി മാറ്റും നമ്മൾ. നമ്മുടെ കർമപദ്ധതികൾ ഇപ്പോൾ നടക്കുന്നതേറെയും ജനജീവിതത്തിലല്ല, പത്രപംക്തികളിൽ. പ്രവൃത്തിയേക്കാൾ പ്രസ്റിലീസുകൾ നമുക്കാനന്ദം' എന്ന റഫീക്ക് തിരുവള്ളൂരിന്റെ നിരീക്ഷണങ്ങളോട് അടുത്തുനിൽക്കുന്നു കേരള ഇസ്‌ലാമിലെ ഇത്തരം പ്രവണതകൾ. ഇതേ കൃതിയിലെ പതിനൊന്നാം അധ്യായം കാണുക: റഫീക്ക് തിരുവള്ളൂർ, 2011, 'ഇനിയും തെളിഞ്ഞിട്ടില്ലാത്ത സമുദായം: ആത്മവിചിന്തനത്തിന്റെ ചുരുക്കെഴുത്ത്', പു. 130

34. നാട്ടിക വി. മൂസ മുസ്‌ലിയാർ, കെ. ആലിക്കുട്ടി മുസ്‌ലിയാർ, സയ്യിദ് സ്വാദി ഖലി ശിഹാബ് തങ്ങൾ, കെ.എ. സിദ്ദീഖ് ഹസൻ, മുസ്തഫ മാസ്റ്റർ മുണ്ടുപാറ തുടങ്ങിയ സമുദായനേതൃത്വത്തിലെ ശ്രദ്ധേയവ്യക്തിത്വങ്ങളായിരുന്നു *തെളിച്ചം* ചർച്ചകളിൽ നിലപാടുകളറിയിച്ചത്. സമുദായത്തിന് പുറത്ത് നിന്നും സി. രാധാകൃഷ്ണൻ, മുകുന്ദൻ സി. മേനോൻ, ബി.ആർ.പി. ഭാസ്കർ, സിവിക് ചന്ദ്രൻ തുടങ്ങിയവരും ഈ ചർച്ചകളിൽ മുസ്‌ലിംകളുടെ മാധ്യമ ഇടപെടലുകൾക്ക് വേണ്ടി ശബ്ദിക്കുകയുണ്ടായി.

35. പുതുതായി തുടങ്ങുന്ന *ദർശന* ചാനലിന്റെ മുഖ്യകാർമികൻ സിദ്ദീഖ് ഫൈസി വാളക്കുളം സ്വകാര്യസംഭാഷണങ്ങളിലൊന്നിൽ പറഞ്ഞത്, *തെളിച്ചം* രണ്ടായിരത്തിയെട്ടിൽ നടത്തിയ 'കാഴ്ചയുടെ ഇസ്‌ലാമിക സാധ്യത' എന്ന ചർച്ചയാണ് ദൃശ്യമാധ്യമരംഗത്ത് ശക്തമായ ഇടപെടലുകൾക്ക് മുന്നിട്ടിറങ്ങാൻ പ്രചോദനം നൽകിയ പല ഘടകങ്ങളിലൊന്ന് എന്നാണ്.

36. നാട്ടിക മൂസ മുസ്‌ലിയാർ, 2000, 'നേരത്തെ തുടങ്ങിയാൽ അത്രയും നല്ലത്', *തെളിച്ചം* മാസിക, (മെയ്, 2000), പു. 23

37. നാട്ടിക മൂസ മുസ്‌ലിയാർ, 2000, പു. 23. ഇന്ത്യാവിഷന്റെ പശ്ചാത്തലത്തിലാണ് അദ്ദേഹം ഇതുപറഞ്ഞതെങ്കിലും പത്തു വർഷങ്ങൾക്ക് മുമ്പുള്ള അദ്ദേഹത്തിന്റെ വാക്കുകളുടെ സാക്ഷാൽക്കാരമാണോ *ദർശന* ചാനലിലൂടെ നടക്കുന്നത്!

38. പൊതുവെ മാറ്റങ്ങളോട് വൈകി മാത്രം പ്രതികരിക്കുകയും, മിക്കപ്പോഴും വിസമ്മതത്തിന്റെയും നിഷിദ്ധത്തിന്റെയും സമീപനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന മുസ്‌ലിം പണ്ഡിതലോകം (വിശദവിവരങ്ങൾക്ക് ഇതേ കൃതിയിലെ മൂന്നാം അധ്യായം കാണുക: പി.എ. സ്വാദിഖ് ഫൈസി താനൂർ, 2011, 'സർഗസപര്യ: മുസ്‌ലിംകളുടെ സമ്മതം, വിസമ്മതം', പു. 70–84), എന്തുകൊണ്ടോ കമ്പ്യൂട്ടറുകൾക്കെതിരെ തുടക്കത്തിൽ പോലും പ്രതികൂലമായ നിലപാടുകൾ സ്വീകരിച്ചില്ല. കേരളത്തിലെ മതസ്ഥാപനങ്ങളും പള്ളിദർസുകളും വരെ കമ്പ്യൂട്ടർവിദ്യാഭ്യാസം ഭാഗികമായി പ്രചരിപ്പിക്കാനാണ് ശ്രമിച്ചത്.

39. അൽഫ കാസറ്റ്സ്, കെ.എം.എസ്. ഓഡിയോസ്, ധർമധാര, മാനവം കാസറ്റ്സ് തുടങ്ങിയ കാസറ്റ് പ്രസാധകർ അന്നത്തെ മതപ്രഭാഷകാസറ്റ് വിപണിയിൽ സജീവമായിരുന്നു. മിക്കവരും ഡിസ്കുകളിലേക്ക് കൂടുമാറി വിപണിയുടെ പുതിയ പ്രവണതകൾക്കനുസരിച്ച് പ്രതികരിച്ചെങ്കിലും ചിലരെല്ലാം കാലക്രമേണ കച്ചവടരംഗത്ത് നിന്ന് അപ്രത്യക്ഷരായി.

40. ഇസ കാസറ്റ്സ്, ശിഫ ബുക്സ്റ്റാൾ, ഗ്രീൻട്രാക്ക്, അൽഫ കാസറ്റസ്, എസ്. എം.എസ്. ഓഡിയോസ് & വീഡിയോസ്, മർകസ് ഓഡിയോസ് തുടങ്ങിയവയാണ് പാരമ്പര്യവൃന്ദത്തിനിടയിലെ സി.ഡികളുടെ പ്രധാനപ്രസാധകർ.

41. കേരളത്തിലെ മുസ്‌ലിംതീർഥാടനകേന്ദ്രങ്ങളിൽ, വിശിഷ്യാ പുണ്യാത്മാക്കളുടെ അന്ത്യവിശ്രമകേന്ദ്രങ്ങളിൽ, സജീവമായി നിലനിൽക്കുന്ന കച്ചവടസ്ഥാപനങ്ങളും അവയുടെ വിപണന ഉൽപന്നങ്ങളും ശ്രദ്ധയർഹിക്കുന്നു. തീർഥാടനകേന്ദ്രങ്ങളുടെ സാമ്പത്തികഘടന മുൻനിർത്തിയുള്ള പഠനങ്ങൾ അക്കാദമിക രംഗത്ത് വളർന്നുവരുന്നുണ്ട്. മലബാറിലെ ഇത്തരം ഇടങ്ങളിലെ പ്രധാന വിപണന വസ്തുക്കൾ പുണ്യാത്മാക്കളെക്കുറിച്ചുള്ള സ്തുതിഗീതങ്ങളുടെ കാസറ്റുകൾ, സി.ഡി.കൾ, മതപ്രഭാഷണങ്ങൾ, മതകീർത്തനങ്ങൾ, ഖുർആൻപ്രതികൾ, മാലകൾ, മൗലിദുകൾ, വിവിധങ്ങളായ ഏടുകൾ, ജപമാലകൾ, പുണ്യസങ്കൽപവുമായി ഇടകലരുന്ന പല ഹാരങ്ങൾ തുടങ്ങിയവയാണ്. കാലാനുഗതമായി വിപണി പല പരിവർത്തനങ്ങൾക്കും വിധേയമാകുന്നുവെങ്കിലും ആത്യന്തികമായി ഇത്തരം വസ്തുക്കൾ ഇവിടങ്ങളിൽ വ്യാപകമായി വിൽക്കപ്പെടുന്നു.

42. *ഖൽബാണ് ഫാത്വിമ* എന്ന മാപ്പിളപ്പാട്ട് ആൽബമാണ് സമകാലിക മാപ്പിളസർഗ പരിസരങ്ങളിൽ വലിയ മാറ്റങ്ങൾക്ക് തിരികൊളുത്തിയത്. വൻഹിറ്റായി മാറിയ ഈ ആൽബത്തെത്തുടർന്ന് നിരവധി ആൽബങ്ങൾ മാപ്പിളപ്പാട്ടുകളുടെ ചുവടുപിടിച്ച് പുറത്ത് വരികയുണ്ടായി. താജുദ്ദീൻ വടകര, ഷാഫി കൊല്ലം എന്നിവർ മാറ്റത്തിന്റെ ഈ ശ്രേണിയിൽ വലിയ ഇടം വഹിക്കുന്നു.

43. പാരമ്പര്യവൃന്ദങ്ങളിലെ പ്രമുഖ പണ്ഡിതസംഘടനയായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ അധ്യാപകവിഭാഗം സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ അതിന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് 2008 ൽ പുറത്തിറക്കിയ *വെളിച്ചം* എന്ന ഡോക്യുമെന്ററി ഒരു ഉദാഹരണം. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, ഹംസ റഹ്മാനി കൊണ്ടിപ്പറമ്പ്, അഫ്സൽ വെള്ളിപ്പറമ്പ് തുടങ്ങിയവർ ചേർന്നൊരുക്കിയ ഈ ദൃശ്യാവിഷ്കാരം കേരളത്തിലെ ഇസ്‌ലാമിന്റെ ആവിർഭാവവും വളർച്ചയും സംഘടനയുടെ രൂപീകരണവും വികാസവുമെല്ലാം വിശദമായി ചർച്ച ചെയ്യുന്നു.

44. നിഷിദ്ധം എന്ന് വിധിയെഴുത്തുള്ളതിനാൽ ചലച്ചിത്രങ്ങൾ കാണാത്ത സമുദായാംഗങ്ങൾ പോലും ഇവയുടെ സ്ഥിരംപ്രേക്ഷകരായിത്തീർന്നു. സലാം കൊടിയത്തൂരിന്റെ ചിത്രങ്ങൾ ഒന്നൊഴിയാതെ കണ്ടുതീർക്കുകയും അദ്ദേഹത്തിന്റെ ചിത്രങ്ങൾക്കായി കാത്തിരിക്കുകയും ചെയ്യുന്ന എത്രയോ പേരെ കാണാൻ കഴിഞ്ഞിട്ടുണ്ട്. ചില മതസ്ഥാപനങ്ങളിൽ സ്വകാര്യമെങ്കിലും പരസ്യമായി ഇവ പ്രദർശിപ്പിക്കപ്പെട്ടിരുന്നു എന്നത് ഇത്തരം സംരംഭങ്ങളുടെ പ്രേക്ഷകവ്യാപ്തിയും അംഗീകാരവും വിളിച്ചറിയിക്കുന്നു.

45. പല ചാനലുകളും മുസ്‌ലിംപുണ്യമാസമായ റംസാനോടനുബന്ധിച്ച് നടത്തിയ പരിപാടികൾ ഈ രീതിയിൽ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. മിക്ക ചാനലുകളും സമുദായത്തിലെ നേതൃത്വത്തെയും പണ്ഡിതവൃന്ദത്തെയും തങ്ങളുടെ പരിപാടികളിലേക്ക് ക്ഷണിച്ചത്, ദൃശ്യമാധ്യമങ്ങളോടുള്ള അവരുടെ വിയോജിപ്പുകളെ മാറ്റിവെക്കാൻ പ്രേരിപ്പിക്കുകയുണ്ടായി.

46. സത്യധാര ക്രിയേഷൻസിന്റെ ബാനറിൽ കോഴിക്കോട് ഇസ്‌ലാമിക് സെന്ററിന്റെ കീഴിലുള്ള പ്രവാസി മഹൽ നിർമിച്ചിരുന്ന 'ഖാഫില' വ്യാഴാഴ്ച വൈകുന്നേരങ്ങളിലാണ് പ്രക്ഷേപണം ചെയ്യപ്പെട്ടിരുന്നത്. സിദ്ദീഖ് ഫൈസി വാളക്കുളത്തിന്റെ നേതൃത്വത്തിൽ സംവിധാനം ചെയ്യപ്പെട്ടിരുന്ന പരമ്പര, 2006 ൽ *കൈരളി* ചാനലിൽ നബിദിനത്തോടനുബന്ധിച്ച് പ്രക്ഷേപണം ചെയ്ത 'മുത്ത്നബി' എന്ന പരിപാടിയുടെ വികാസപ്പെടലായിരുന്നു. 'ഖാഫില'യുടെ പിന്നണിപ്രവർത്തകർ *ദർശന* എന്ന പുതുസംരംഭവുമായി മുന്നിട്ടിറങ്ങിയതിനാൽ, ഇപ്പോൾ പരിപാടി പ്രക്ഷേപണം ചെയ്യപ്പെടാറില്ല.

47. എസ്. എ. ജമീലിന്റെ കത്തുപാട്ടുകളോട് ഉപമിക്കപ്പെട്ടിട്ടുണ്ട് സലാം കൊടിയത്തൂരിന്റെ ചിത്രങ്ങളിൽ പലതും. ഗൾഫ് കുടിയേറ്റം പ്രധാന ചർച്ചാവിഷയമാകുന്ന അവയിൽ ഗൾഫ് സൃഷ്ടിക്കുന്ന സാമ്പത്തിക, സാംസ്കാരിക, കുടുംബ, സാമൂഹ്യ, ധാർമിക പ്രശ്നങ്ങൾ ആലോചനാവിധേയമാക്കുന്നു.

48. നവജാതശിശു പെണ്ണാണെന്നറിഞ്ഞാൽ അന്നത്തെ അറബികളുടെ മുഖം കറുത്തുപോകുമായിരുന്നു എന്ന് ഖുർആൻ പറയുന്നുണ്ട്. പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുന്നതിന്റെ കരളലിയിപ്പിക്കുന്ന പല അനുഭവങ്ങളും ഇസ്‌ലാമിക ചരിത്രകൃതികളിൽ കാണാം. ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ്, താൻ തന്റെ ആറ് പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയെന്ന് ഉമർ ബ്ൻ ഖത്താബ് പ്രവാചകന്റെ മുമ്പിൽ പശ്ചാത്താപവിവശനായി പറയുന്നത് ഹദീസ് ഗ്രന്ഥങ്ങളിലുണ്ട്.

49. നാട്ടിക വി. മൂസ മുസ്‌ലിയാർ, 2000, പു. 23